

Date of Publication: 9 ഒക്ടോബർ 2020
വോള്യം 19/ലക്കം 2 / വില 20/-
ISSN 2319 - 9741
അന്വേഷി
പ്രസിദ്ധീകരണം
സംഘടിത
ഹ്രസ്വചിത്രങ്ങൾ



# സംഘടിത

സംഘടിത/ ഒക്ടോബർ 2020/വോള്യം 19/ലക്കം 2



കവർ ചിത്രം: വര: ജസീല ലുലു


വേട്ടയാടപ്പെടുന്ന സിനിമ
**ഷാഹിന കെ.കെ./ദിവ്യ ഭാരതി** 6

കഥ പറയുന്ന സ്ത്രീകൾ
**അന്ന ജ്യോതി ജെയിംസ്** 13

വെറും തെളിവുകൾ അല്ല
അടയാളങ്ങളും
**അപർണ്ണ ഈശ്വരൻ** 16

സ്വാതന്ത്ര്യം നിർണ്ണയിക്കുന്നതാര്
വാസ്തവം/**ഡോ. ജാൻസി ജോസ്** 19

അവൾ ഒരു രാജ്യം
നിർമ്മിക്കുകയാണെങ്കിൽ
**ആശ ശങ്കർ** 21

വീട്ടിലേക്കു തിരിച്ചുവെച്ച ക്യാമറ
**മൈഥിലി എം.എസ്.** 23

കെ.ജി. ജോർജ്ജിന്റെ
ജീവിതവും സിനിമകളും
**ഷാഹിന റഫീഖ്** 27

കഥകൾക്കപ്പുറത്തെ കുഞ്ഞുകാഴ്ചകൾ
**സ്മിത വള്ളത്തോൾ** 34

നീതിന്യായം മരണത്തെ തൊടുമ്പോൾ
**ശിൽപ കൃഷ്ണൻ** 37

നിറമുള്ള പട്ടങ്ങൾ
കഥ/**ശ്രീഷ്മ ഇ.** 40

വാഴ്ത്തപ്പെടുമ്പോൾ
കവിത/**നീതു കെ.ആർ.** 43

സൈബറിടങ്ങൾ
സ്ത്രീ വിരുദ്ധമാകുന്നത്
ഉപ്പും മുളകും/**പി.ഗീത** 44

പിഴക്കാത്ത നാവുകൾ
വഴിത്താരകൾ/**ജാനകി** 46

നൊബേൽ തിളക്കത്തിൽ ഈ വനിതകൾ
ശാസ്ത്രം/**സീമാ ശ്രീലയം** 49

ഫോട്ടോ ഫീച്ചർ : **പ്രിയപ്പെട്ട 10 ഡോക്യുമെന്ററികൾ**


**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ:** അശ്വതി സേനൻ, **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** : ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

ആധിപത്യ പ്രത്യയശാസ്ത്രങ്ങൾക്കും പ്രയോഗങ്ങൾക്കും മുന്നിൽ പ്രതിരോധങ്ങൾ ഉയരുമ്പോൾ അവയെ ഞെരിച്ചമർത്താനുള്ള തീവ്രശ്രമങ്ങളും ഒപ്പം രൂപം കൊള്ളുന്നത് കാണാം. നൂറ്റാണ്ടുകളുടെ നിശ്ശബ്ദസഹനങ്ങളിൽ നിന്ന് ഇന്ത്യൻ രാഷ്ട്രീയത്തിലേക്ക് ഇന്ന് ഉറച്ചുയരുന്ന ദലിത് സമരജിഹ്വകൾ ഹിന്ദുത്വത്തെ തീർത്തും അസ്ഥിരപ്പെടുത്തുന്നുണ്ട്. കൊന്നും കൊലവിളിച്ചും ദലിത് പെൺകുട്ടികളെ തിരഞ്ഞുപിടിച്ച് നിഷ്ഠുരമായി കൊലപ്പെടുത്തിയും സവർണ്ണഫാഷിസം ഈ അരക്ഷിതാവസ്ഥകൾ വെളിപ്പെടുത്തുന്നുമുണ്ട്. എന്നാൽ നാക്കറുത്തു കളയുന്ന നിശ്ശബ്ദപ്പെടുത്തലുകളിൽ നിന്നും ഉച്ചത്തിലുച്ചത്തിൽ ഈ ശബ്ദങ്ങൾ ഉയരുക തന്നെ ചെയ്യുമെന്ന വാഗ്ദാനമാണ് അന്തരീക്ഷത്തിൽ പ്രത്യാശയായുയരുന്നത്. ഹഥ്റാസിലെ പെൺകുട്ടിയുടെയും മറ്റനേകരുടേയും ജീവത്യാഗം പാഴിലാവില്ലെന്ന പ്രതീക്ഷ!

കുറച്ചു കാലമായി സമൂഹമാദ്ധ്യമങ്ങൾ സ്ത്രീവിരുദ്ധതയുടെ അനിയന്ത്രിതവേദികളായി മാറിയതിൽ നാം തികച്ചും ആശങ്കപ്പെടേണ്ടതുണ്ട്. ഇത്തരം കുൽസിതശ്രമങ്ങൾ ഏതൊരു ജനാധിപത്യസമൂഹത്തിനും അപമാനകരമാണ്. സ്ത്രീവാദികളുടെ അടിവസ്ത്രങ്ങൾ അന്വേഷിച്ചു പോലും നീചൻമാർ ഇറങ്ങുന്ന കാലത്ത് ഇതിനെതിരെയുള്ള പരാതികൾ ഭരണകൂടം അവഗണിക്കുമ്പോൾ നീതിയുടെ സാധ്യതകൾ പിന്നെ എവിടെയാണ് ആരായേണ്ടത് ? സ്ത്രീവാദികൾ എന്ന നിലയിൽ ഹിംസയ്ക്കും ആൾക്കൂട്ട ആക്രമണത്തിനുമെതിരെ കടുത്ത നിലപാട് എടുക്കുമ്പോഴും പീഡിതരായ ജനത ഹിംസയിലേക്ക് എത്തിപ്പെടുന്നതിനെ പ്രശ്നവൽക്കരിക്കേണ്ടതായുണ്ട്. അടിച്ചമർത്തപ്പെട്ടവർ സ്വയം നവീകരിക്കുന്നതിന്റെ ഭാഗമായി കൂടി ഹിംസയെ കാണേണ്ടതുണ്ട് എന്ന് പ്രശസ്ത ചിന്തകൻ ഫ്രാൻസ് ഫാനൻ അഭിപ്രായപ്പെടുന്നുണ്ട്. നീതിയ്ക്കുള്ള എല്ലാ വാതിലുകളും അടയുമ്പോൾ ഹിംസ ആത്മരക്ഷയ്ക്കുള്ള മാർഗ്ഗമായും മാറുന്നു. തന്റെ യൂട്യൂബ് ചാനലിൽ വനിത കമ്മീഷൻ അധ്യക്ഷയെയും സ്ത്രീവാദികളെയും അധിക്ഷേപിച്ച വ്യക്തിയെ ഭാഗ്യലക്ഷ്മി, ശ്രീലക്ഷ്മി, ദിയ സന തുടങ്ങിയവർ 'കൈകാര്യം' ചെയ്തതിനെതിരെ ഉയർന്ന രോഷപ്രകടനങ്ങൾ പല യാഥാർത്ഥ്യങ്ങളെയും തമസ്ക്കരിക്കുന്നതായിരുന്നു. അനേകം പരാതികൾ പല അധികാരികൾക്കും സമർപ്പിച്ചിട്ടും ഫലമില്ലാതായപ്പോൾ, തങ്ങൾക്കു നേരെയുള്ള വ്യക്തിഹത്യയിലേക്ക് അയാൾ നിരന്തരം മുതിർന്നപ്പോൾ, മറ്റ് വഴികളൊന്നും അവർ മുന്നിൽ തുറന്നു കണ്ടില്ല എന്നതാണ് വസ്തുത. ആരാണ് യഥാർത്ഥ സ്ത്രീവാദി എന്നുറപ്പിക്കാനുള്ള വ്യഗ്രവ്യവഹാരങ്ങളായിരുന്നല്ലോ തുടർന്നുണ്ടായത്. കേരള സമൂഹത്തിൽ ആഴ്ന്ന് വേരോടിയ ആൺകോയ്മാ മനോഭാവങ്ങളെയാണ് ഇവർ മൂന്നുപേർക്കുമെതിരെയുണ്ടായ പ്രതികരണങ്ങൾ തുറന്നു കാട്ടിയത്.

കേരള പോലീസ് ആക്ട് ഭേദഗതി ചെയ്ത് അതിൽ 118 (A) എന്ന വകുപ്പ് കൂട്ടിച്ചേർക്കാനുള്ള നടപടി നാം കണ്ടു: ഏതെങ്കിലും വ്യക്തിയെ അപായപ്പെടുത്താനോ അപകീർത്തിപ്പെടുത്താനോ ഉദ്ദേശിച്ച് സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും 10, 000 രൂപ പിഴയോ അഞ്ചു വർഷം ജയിൽ ശിക്ഷയോ ഇത് രണ്ടുമോ അനുഭവിക്കേണ്ടിവരുന്ന കുറ്റകൃത്യം ആയി പരിഗണിക്കപ്പെടും എന്നതാണ് ഈ ഭേദഗതിയുടെ സൂചന. ഒറ്റനോട്ടത്തിൽ ഗുണപരമെന്ന് തോന്നുമെങ്കിലും സൂക്ഷ്മമായി നിർവചിച്ചില്ലെങ്കിൽ ജനാധിപത്യത്തിനും അഭിപ്രായസ്വാതന്ത്ര്യത്തിനും പീഡനപരാതികൾക്കും വരെ വിലക്കേർപ്പെടുത്തുന്നതാവും ഈ ഭേദഗതി എന്ന് നാം തിരിച്ചറിയണം. പ്രതിഷേധത്തിന്റെ ഇടങ്ങൾ നാൾക്കുനാൾ അടഞ്ഞുകൊണ്ടിരിക്കുമ്പോൾ നമ്മുടെ ജാഗ്രത അത്രമേൽ ശക്തമാവേണ്ടതുണ്ട്. നിയമങ്ങളും ഭേദഗതികളും ഗുണത്തേക്കാളേറെ ദോഷമാണോ സൃഷ്ടിക്കുന്നതെന്ന് ആവർത്തിച്ച് ഉറപ്പുവരുത്തേണ്ടതുമുണ്ട്.

ഏത് പ്രതികൂലസാഹചര്യങ്ങളെയും അതിജീവിച്ച് സ്ത്രീകൾ മുന്നേറുന്ന അഭിമാനനിമിഷങ്ങളാണ് നൊബേൽ സമ്മാന പ്രഖ്യാപനങ്ങൾ നൽകിയത്. നൊബേലിന്റെ 120 വർഷത്തെ ചരിത്രത്തിൽ ഇതുവരെ കേവലം 57 സ്ത്രീകളാണ് പുരസ്കൃതരായത്. അവരിൽ കൂടുതലും പേർ സമാധാനത്തിനും. വളരെ കാലത്തിനുശേഷം 2009 ൽ എലീനർ ഒസ്ട്രോമും 2019 ൽ എസ്തർ ദുഫ്ലോയും സാമ്പത്തികശാസ്ത്ര നൊബേൽ കരസ്ഥമാക്കി. ഊർജ്ജതന്ത്ര, രസതന്ത്ര വിഭാഗത്തിൽ 599 പുരുഷൻമാരെ അപേക്ഷിച്ച് 23 സ്ത്രീകളാണ് ഇതുവരെ പുരസ്ക്കാരം നേടിയിരുന്നത്. ഈ അസന്തുലിത അംഗീകാരപഥത്തിലേക്കാണ് ജെന്നിഫർ ദൗദയും ഇമ്മാന്വൽ ഷാർപ്പൻറ്യറും അഭിമാനപൂർവം രസതന്ത്ര നൊബേൽ സമ്മാനവുമായി നടന്ന് കയറിയത് എന്നത് ആഹ്ളാദകരമാണ്. ജീൻ എഡിറ്റിങ്ങ് എന്ന സുപ്രധാന ഗവേഷണങ്ങളെ മുൻനിർത്തി ആയിരുന്നു ഈ അംഗീകാരം. സാഹിത്യത്തിനുള്ള പുരസ്ക്കാരം നേടി ലൂയിസ് ഗ്ലുക്ക് ഈ ആഹ്ളാദത്തിന് മാറ്റ് കൂട്ടി. നേട്ടങ്ങളും അവക്കുള്ള അംഗീകാരങ്ങളും ഒരേ ദിശയിൽ സഞ്ചരിക്കാത്ത സ്ത്രീചരിത്രങ്ങൾ തിരുത്തിയെഴുതപ്പെടുന്നത് അഭിമാനവും പ്രത്യാശയും ഉളവാക്കുന്നു.

പ്രതിനിധാനങ്ങൾ എന്ന നിലകളിൽ ചലച്ചിത്രങ്ങളും ഹ്രസ്വചിത്രങ്ങളും സാമൂഹ്യബോധത്തെയും ആസ്വാദനത്തെയും സ്വാധീനിച്ചു പോന്ന നിർണ്ണായക ഘടകങ്ങളാണ്. ജീവിതാധാര ചലച്ചിത്രങ്ങൾ (Documentary) ക്കാകട്ടെ ഈ കാര്യത്തിലുള്ള സ്വാധീനം വളരെ ഗൗരവപ്പെട്ടതാണ് താനും. ഒരു കാലത്ത് ക്യാമ്പസ്സുകളിലും സിനിമാ ക്ലബ്ബുകളിലും ഫിലിം സൊസൈറ്റികളിലുമൊക്കെ സജീവമായി ജീവിതാധാര ചലച്ചിത്രമേളകളുണ്ടായിരുന്നു. ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള പുതുരാഷ്ട്രീയ ചുവടു വെപ്പുകളും ചെറുത്തുനില്പുകളുമൊക്കെ പരിചയപ്പെടാൻ സഹായിച്ചതും ഇവയൊക്കെയായിരുന്നു എന്നത് ഓർക്കാവുന്നതാണ്. പതുക്കെയാണെങ്കിലും ഉണർവ്വിലായ സ്ത്രീകളുടെ ജീവിതാധാര ചലച്ചിത്രലോകം ചർച്ച ചെയ്യുകയാണ് അശ്വതി സേനൻ അതിഥിപത്രാധിപയായ ഒക്ടോബർ മാസം സംഘടിത. വായനയ്ക്കായി സമർപ്പിക്കുന്നു. ■

## അതിഥിപത്രാധിപക്കുറിപ്പ്



**അശ്വതി സേനൻ**
ഗവേഷക
ഡൽഹി

# 'റിയൽ കഥ പറയുമ്പോൾ'

**കോ**വിഡ് കാലത്തെ മാറ്റത്തെ ഉൾക്കൊണ്ട് ഓൺലൈൻ പതിപ്പിലേക്കു മാറിയിരിക്കുന്നു സംഘടിത ഇന്ന്. ആ പ്രത്യേക ഘട്ടത്തിലാണ് ഈ പതിപ്പ് ഇറങ്ങുന്നത്. പഴയ ലക്കങ്ങളിൽ പലതും വായിക്കാൻ സാധിക്കാത്ത ഞാനടക്കം പലർക്കും ഒരു വലിയ സന്തോഷം തന്നെയാണത്. ഈ ചുരുങ്ങിയ കാലയളവിൽ ഇതൊക്കെ ഓൺലൈൻ പതിപ്പിലേക്കു രൂപമാറ്റം ചെയ്ത സംഘടിത ടീമിന് ആദ്യം തന്നെ അഭിനന്ദനങ്ങൾ! ഉർവശി ഭുട്ടാലിയ നടത്തിയ ഓൺലൈൻ ഉദ്ഘാടനത്തിൽ പങ്കു ചേർന്ന് കേരളത്തിലെ പല തലമുറയിലുള്ള ഫെമിനിസ്റ്റ് സ്ത്രീകളെ കാണാൻ സാധിച്ചത് വളരെ വലിയ സന്തോഷം തന്നെ ആയിരുന്നു. സംഘടിതയ്ക്കു കൂടുതൽ എഴുത്തുകാരെയും, നിരൂപകരും, രാഷ്ട്രീയ നിരീക്ഷകരെയും, ചിത്രകാരെയും ഒക്കെ മലയാളത്തിനു സംഭാവന ചെയ്യാൻ കഴിയട്ടെ എന്നും ആശംസിക്കുന്നു. അനേകം വരിക്കാരും അതോടൊപ്പം ഉണ്ടാവട്ടെ!

ഡോക്യുമെന്ററി എന്ന വിഷയത്തെ കുറിച്ച് ഒരു പതിപ്പ് ചെയ്യണമെന്ന് പല തവണ ആലോചിച്ചതാണ്. ഇന്ത്യയിലെ ജനകീയ സമരങ്ങളുടെ ഒപ്പം പ്രവർത്തിക്കുന്ന ഒരു മീഡിയ ഗ്രൂപ്പിന്റെ ഒപ്പം ജോലി ചെയ്യുമ്പോഴും, ചില ഡോക്യുമെന്ററികളുടെ നിർമാണത്തിൽ പ്രവർത്തിച്ചപ്പോഴും, ചൽതീ തസ്‌വീരേ എന്ന യാത്രാ സിനിമാ ഫെസ്റ്റിവലിന്റെ ഭാഗമായി വടക്കേ ഇന്ത്യയിലെ പല ഭാഗത്തു ചിത്ര പ്രദർശനം നടത്തുമ്പോഴുമൊക്കെ കണ്ട ഡോക്യുമെന്ററി സിനിമകളെ കുറിച്ച് എഴുതണമെന്നു ആലോചിച്ചതാണ്. അങ്ങനെ തോന്നാറുള്ള പല ആഗ്രഹങ്ങളും പലപ്പോഴും പല കാരണങ്ങളാൽ ആലോചനായി തന്നെ കിടക്കും! പക്ഷെ അതിന് ഒരു ദിശ നൽകാൻ സംഘടിതയിലെ ഇത്തരം പരീക്ഷണങ്ങൾ സഹായിക്കാറുണ്ട്. എന്റെ നാലാമത്തെ എഡിറ്റഡ് ലക്കം അഥവാ പരീക്ഷണം!

ഇന്ത്യയിലെ പ്രഗത്ഭ ഡോക്യുമെന്ററി പ്രവർത്തകർ എന്ന് പറയുമ്പോൾ എപ്പോഴും ആദ്യ പേരുകൾ വരിക പുരുഷന്മാരുടേതാണ്. ആനന്ദ് പഥർദ്ധൻ, സഞ്ചയ് കാക്, അമുദൻ ആർ പി, അമർ കൻവർ, കെ പി ശശി, രാകേഷ് ശർമ്മ അങ്ങനെ പല പേരുകളും ചിലർക്കെങ്കിലും പരിചിതമായ താവാം. ചരിത്രപരമായും, രാഷ്ട്രീയപരമായും വളരെ പ്രാധാന്യമർഹിക്കുന്ന, മുഖ്യധാരാ മാധ്യമങ്ങൾ പറയാതെ പോയ വിഷയങ്ങളോ, അവയുടെ പല വശങ്ങളോ ആണ് ഇവർ ഒക്കെ ചെയ്തിരുന്ന ഡോക്യുമെന്ററികളുടെ ഇതിവൃത്തം. ഇത് കൂടാതെ പഠനോപകാരമായും ഡോക്യുമെന്ററികൾ പലപ്പോഴും ഉപയോഗിക്കപ്പെടുന്നു. 1950–60 കാലയളവിൽ ഇന്ത്യൻ സർക്കാരിന്റെ ഒരു പ്രധാന ഘടകമായ ഫിലിംസ് ഡിവിഷൻ നിർമിച്ച പല ഡോക്യുമെന്ററികളും ഇത്തരത്തിൽ ഉള്ളവ ആയിരുന്നു. പക്ഷെ ഒരു സർക്കാർ നിർമിത സിനിമ ഏതൊക്കെയോ തലത്തിൽ ചലചിത്രകാരന് പരിമിതികൾ നിർദ്ദേശിച്ചു. അത് തന്നെയാണ് എഴുപതുകളിൽ 'സ്വതന്ത്ര ഡോക്യുമെന്ററി' നിർമാണത്തിന് ഫിലിംമേക്കേഴ്സിനെ പ്രേരിപ്പിച്ചത്. ഇതോടൊപ്പം പല തരത്തിലുള്ള മനുഷ്യാവകാശ ലംഘനത്തിന്റെ, സ്റ്റേറ്റ് വയലെൻസിന്റെയും, ഘടനാപരമായ അസമത്വങ്ങളേയും കഥാതന്തു ആക്കി

ഡോക്യുമെന്ററികൾ വന്നു തുടങ്ങി. ആനന്ദ് പഥർദ്ധന്റെ പ്രിസണർ ഓഫ് കോൻഷിയെൻസ്, തപൻ ബോസിന്റെ ഭോപ്പാൽ: ബിയോണ്ട് ജെനോസൈഡ് എന്നിവ ഇതിനു ഉത്തമ ഉദാഹരണമാണ്.

1980 കളിൽ ഇന്ത്യയുടെ പല ഭാഗത്തായി സ്ത്രീധനം, ഗാർഹിക പീഡനം, റേപ്പ്, എന്നിവയ്ക്കെതിരെ ഉയർന്ന സ്ത്രീപക്ഷ സമരങ്ങളുടെ പശ്ചാത്തലത്തിലാണ് ദീപ ധൻരാജ്, ശബ്നം വീർമാണി എന്നവർ സിനിമ നിർമിക്കുന്നത്. തുടർന്നു പ്രസരിച്ച ഫെമിനിസ്റ്റ് ചിന്താഗതിയുടെ പശ്ചാത്തലത്തിൽ തൊഴിലിടം, വർഗ്ഗീയ കലാപം, ലൈംഗികത, ശരീരം, തിരഞ്ഞെടുപ്പ്/ചോയിസ്, പേട്രിയാർക്കി, സ്വത്വം, വിവാഹം എന്നിവ സ്ത്രീകൾ നിർമിക്കുന്ന ഡോക്യുമെന്ററികളുടെ പ്രധാന വിഷയമായി. അതോടൊപ്പം ഇന്ത്യയിൽ ആകെ ഒട്ടനവധി മാധ്യമ സ്കൂളുകളും, മീഡിയ കോഴ്സുകളും, സിനിമാ നിർമാണ അവസരങ്ങളും ഉണ്ടായതും, ടെക്നോളജിയിൽ വന്ന മാറ്റങ്ങളും, ആക്സസിൻറെ സ്വഭാവത്തിൽ വന്ന മാറ്റവും ഒക്കെയും ഈ ദൃശ്യ കലാരൂപത്തെ ഒട്ടാകെ ജനകീയവത്ക്കരിച്ചു എന്ന് തന്നെ പറയാം.

ഡോക്യുമെന്ററി നിർമാണം എത്ര തന്നെ വിഷമകരമാണോ അത് പോലെ തന്നെ ബുദ്ധിമുട്ടാണ് അവ കാണാനാവുക എന്നത്. പലപ്പോഴും ഫെസ്റ്റിവലുകളിലും, യൂണിവേഴ്സിറ്റികളികളും, ചിലപ്പോൾ ദൂരദർശനിൽ മാത്രം ആവും നമ്മൾ എല്ലാം അവ കണ്ടിട്ടുണ്ടാവുക.വളരെ അടുത്ത കാലം വരെ ഇഉ രൂപത്തിലും ഇത്തരം ഫെസ്റ്റിവലുകളിൽ അവ വില്പന ചെയ്തിരുന്നു. സ്വതന്ത്ര നിർമിതികളായ ഈ ഡോക്യുമെന്ററികളെ സംബന്ധിച്ചിടത്തോളം മുതൽമുടക്കിന്റെ ഒരു ചെറിയ ശതമാനം പോലും ഇത് മൂലം ലഭ്യമായിരുന്നു എന്നു വ്യക്തമല്ല. ഇന്ന് പക്ഷെ പല പ്രധാന ഡോക്യുമെന്ററികളും യൂട്യൂബിലും നെറ്റ്ഫ്ളെക്സിലും മറ്റും ലഭ്യമാണ്. പക്ഷെ എന്റെ അനുഭവത്തിൽ ഏറ്റവുമധികം ഡോക്യുമെന്ററികൾ ആരുടെയൊക്കെയോ ഹാർഡ് ഡിസ്ക്കിലും, യുണേഴ്സിറ്റി അസൈന്മെന്റ് ആയും ഒക്കെയായി ഫിലിംമേക്കറിനോ അവർക്കു പരിചയമുള്ളവർക്കോ കാണാനുള്ള ഒരു വസ്തുവായി മാത്രം അവശേഷിക്കുന്നു.

സംഘടിതയുടെ ഈ ലക്കത്തിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളത് സ്ത്രീകൾ സംവിധാനം ചെയ്തതോ, അവരുടെ ആസ്വാദന അനുഭവമായതോ ആയ ഡോക്യുമെന്ററികളാണ്. അതുകൊണ്ട് തന്നെ ഡോക്യുമെന്ററി നിർമാണവും അതിന്റെ സാമ്പത്തിക പ്രായോഗിക ബുദ്ധിമുട്ടുകളും ഇതിലെ ചില കുറിപ്പുകളിൽ വിഷയമാവുന്നു. ഈ ലക്കത്തിൽ എഴുതിയിരിക്കുന്നവർ പലരും ഈ വിഷയത്തിൽ എഴുതിയോ വായിച്ചോ അധികം പരിചയമില്ലാത്തവർ ആണെന്ന് മുൻകൂർ തന്നെ പറയട്ടെ. പക്ഷെ ഈ കുറിപ്പുകളിലൂടെ അവർ കണ്ട, ആസ്വദിച്ച, അവരെ സ്വാധീനിച്ച ചില ഡോക്യുമെന്ററികൾ വായനക്കാരെ പരിചയപ്പെടുത്തുക എന്ന ലക്ഷ്യവും ഈ കുറിപ്പുകൾക്ക് ഉണ്ട്. സമയ പരിധി കൊണ്ടും, ഇന്നിന്റെ ആശങ്കൾ കൊണ്ടും ചുരുക്കം ചില സ്ത്രീ നിർമിത ഡോക്യുമെന്ററികളെ ഇതിൽ പ്രതിപാദിച്ച സാധിച്ചിട്ടുള്ളു. ഈ വിഷയത്തിലേക്കുള്ള ഒരു തുടക്കമായി മാത്രം ഇതിനെ കാണാനപേക്ഷ. ഈ ലക്കത്തിൽ വിട്ടുപോയ പ്രഗത്ഭരായ സ്ത്രീ സംവിധായകരായ ഷോഹിനി ഘോഷ്, അനുപമ ശ്രീനിവാസൻ, അഞ്ജലി മോണ്ടറിയോ, സുരഭി ശർമ്മ, പറോമിത വോഹ്ര, റീന മോഹൻ, പ്രിയ തുവരശ്ശേരി, എന്നിവരെയൊക്കെ പറ്റിയുള്ള പഠനങ്ങൾ ചേർത്തു മറ്റൊരിക്കൽ എഴുതാമെന്ന് കരുതുന്നു. അതുപോലെ തന്നെ, ഇന്ത്യയിലെ ഡോക്യുമെൻററി സിനിമ ആസ്വാദന കൂട്ടങ്ങളും, സിനിമാ പ്രദർശന സംരംഭങ്ങളും.

ഓൺലൈൻ പതിപ്പിനോടൊപ്പം ലഭ്യമായ ഡോക്യുമെൻററികളുടെ ലിങ്കുകൾ ചേർത്തിട്ടുണ്ട്.

കാണുമെന്ന പ്രതീക്ഷയോടെ....'

**ലോക് ഡൗൺ സമയത്തു ഓൺലൈൻ പ്രദർശനവും ചർച്ചയും, അവയെ കുറിച്ച് വിശദാംശങ്ങൾ ഷെയർ ചെയ്യൽ തുടങ്ങി ഇപ്പോൾ സ്ഥിരമായി ഇവ നടത്തി വരുന്ന ചില സംരംഭങ്ങളുടെ ലിങ്കുകൾ ചേർക്കുന്നു:**

മറുപക്കം: **https://marupakkamonlinefilmscreening.blogspot.com/**

സിനിമ ഒഫ് റെസിസ്റ്റൻസ്: **https://www.facebook.com/PratirodhKaCinema**

പീപ്പിൾസ് ഫിലിം കളെക്റ്റീവ്: **https://www.facebook.com/KolkataPeoplesFilmFestival**

പെഡസ്ട്രിൻ പിക്ച്ചേഴ്സ്: **https://www.facebook.com/pedepics**

പൊട്ടറ്റോ ഈറ്റെർസ് കളെക്റ്റീവ്: **https://www.facebook.com/potatoeaterscollective**

ഷാഹിന കെ.കെ./ദിവ്യ ഭാരതി



ഷാഹിന കെ.കെ.

# വേട്ടയാടപ്പെടുന്ന സിനിമ, ജീവിതം

തമിഴ് ഡോക്യുമെന്ററി സംവിധായികയെ പൊലീസ് അറസ്റ്റ് ചെയ്തുവെന്ന വാർത്തയിലൂടെയാണ് ദിവ്യാ ഭാരതിയെ പരിചയപ്പെടുന്നത്. അതിനു മുമ്പേ 'കക്കൂസ്' എന്ന ദിവ്യയുടെ ചിത്രത്തെ പറ്റി സുഹൃത്തുക്കൾ പറഞ്ഞു കേട്ടിരുന്നു. തമിഴ്നാട്ടിലെ തോട്ടിപ്പണിയെടുക്കുന്നവരുടെ ജീവിതം വിഷയമാക്കുന്ന സിനിമക്കെതിരെ അതിനകം തന്നെ എതിർപ്പുകൾ ഉയർന്നു തുടങ്ങിയിരുന്നു. ചിത്രത്തെ എതിർക്കുന്നവരിൽ ദലിത് സമുദായങ്ങളെ പ്രതിനിധാനം ചെയ്യുന്ന ചില പാർട്ടികളും ഉണ്ടെന്നതാണ് എന്നെ വാർത്തയിലേക്കാകർഷിച്ചത്. തമിഴ് ജനസമൂഹത്തിലെ ജാതിഹിംസ നമുക്കാർക്കും അപരിചിതമായ വിഷയമല്ലാത്തതിനാൽ തന്നെ എതിർക്കുന്നവരുടെ വീക്ഷണ കോണിലൂടെ ദിവ്യയുടെ സിനിമ കാണാമെന്ന് കരുതി.

ദിവ്യയെക്കുറിച്ചെഴുതാനായി കഴിഞ്ഞ യാഴ്ചയാണ് ഞാൻ തമിഴ് നാട്ടിലേക്ക് പോയത്. മധുരൈയിലാണ് ദിവ്യയുടെ വീട്. പുറപ്പെടുന്നതിനു മുമ്പ്, ലഭ്യമായ മൂന്നു നമ്പറുകളിലും ഏറെത്തവണ ശ്രമിച്ചിട്ടും ദിവ്യയെ ബന്ധപ്പെടാൻ കഴിഞ്ഞിരുന്നില്ല. ഒടുവിൽ സി പി ഐ (എം എൽ ലിബറേഷൻ) പ്രവർത്തകൻ സഖാവ് മതിവാണൻ ഫോണെടുത്തു, മധുരയിലേക്ക് വരാൻ പറഞ്ഞു. ട്രെയിൻ കയറി കുറച്ചു കഴിഞ്ഞപ്പോൾ യാത്ര ഡിണ്ടിഗലിലേക്കു നീട്ടാൻ പറഞ്ഞു. റെയിൽവേ സ്റ്റേഷനിൽ എന്നെ കാത്തുനിന്നത് ഡി. വൈ. എഫ്. ഐ യുടെ ജില്ലാ വൈസ് പ്രസിഡൻറ് ശരത് ആണ്. ശരത്തിന്റെ ബൈക്കിൽ ഒരു നാലഞ്ച് കിലോമീറ്റർ ദൂരെ ഒരു വീട്ടിലേക്ക്. ദിവ്യ അവിടെയാണ് ഉണ്ടായിരുന്നത്. കുട്ടികളുടെ ക്ഷേമത്തിന് വേണ്ടിയുള്ള സർക്കാരിതര സംഘടന നടത്തുന്ന ഒരു ഇടതു പക്ഷ അനുഭാവിയുടെ വീടാണ്. അവിടെ അകത്തു ഒരു മുറിയിലിരുന്നു സംസാരിച്ചു, കുറേ മണിക്കൂറുകൾ.

തമിഴ്നാട്ടിൽ ഇരുപത്തഞ്ചോളം സ്ഥലങ്ങളിൽ യാത്ര ചെയ്താണ് ദിവ്യ, ഒന്നര മണിക്കൂർ ദൈർഘ്യമുള്ള ഈ സിനിമ ചെയ്തത്. ഒന്നര വർഷമെടുത്താണ് ഷൂട്ടിങ് പൂർത്തിയാക്കിയത്. തമിഴ്നാട്ടിൽ തോട്ടിപ്പണി ചെയ്യുന്നവർ എത്ര ഉണ്ടെന്നതിന് സർക്കാരിന്റെ കയ്യിൽ ഒരു കണക്കുമില്ല. ലക്ഷക്കണക്കിനുണ്ടാകും എന്ന് ദിവ്യ പറയുന്നു.

2017 ഫെബ്രുവരിയിലാണ് സിനിമ പുറത്തിറങ്ങിയത്. രാജ്യത്തൊട്ടാകെ നിരവധി കേന്ദ്രങ്ങളിൽ സിനിമ പ്രദർശിപ്പിച്ചു. പെട്ടെന്നാണ് കാര്യങ്ങൾ മാറിമറിഞ്ഞത്, കൃത്യമായി പറഞ്ഞാൽ കഴിഞ്ഞ മാസം മുതൽ. അണ്ണാ സർവകലാശാലയിലെ ദലിതരായ പത്തൊമ്പത് ശുചീകരണ തൊഴിലാളികൾ സർവകലാശാല ഡീനിനെതിരെ പരാതി നൽകുന്നതോടെയാണ് പ്രശ്നങ്ങളുടെ തുടക്കം. ഡീൻ അങ്ങേയറ്റം മനുഷ്യത്വഹീനമായ ജോലികൾ ചെയ്യിക്കുകയും ജാതീയമായി ആക്ഷേപിക്കുകയും ചെയ്യുന്നു എന്നായിരുന്നു പരാതി. സിനിമക്ക് വേണ്ടി നേരത്തെ തന്നെ ഇവരെയൊക്കെ ദിവ്യ പരിചയപ്പെടുകയും അഭിമുഖമെടുക്കുകയും ചെയ്തിരുന്നു. പരാതിക്കു ശേഷം ദിവ്യ വീണ്ടും ഇവരുടെ അഭിമുഖമെടുത്ത് യൂറ്റ്യൂബിൽ അപ്‌ലോഡ് ചെയ്തു. അതിന്റെ പിറ്റേന്ന് മുതൽ ഭീഷണി സന്ദേശങ്ങൾ വരാൻ തുടങ്ങി. മൂന്നു നാല് ദിവസത്തിനിടെ ആയിരക്കണക്കിന് കോളുകൾ. ബലാൽസംഗം ചെയ്യുമെന്നും കൊല്ലുമെന്നും മുഖത്ത് ആസിഡ് ഒഴിക്കുമെന്നുമുള്ള ഭീഷണികൾ. ദിവ്യയുടെ സിനിമ പള്ളാർ സമുദായത്തെ അപമാനിക്കുന്നതാണ് എന്നാരോപിച്ച് ഒരു വിഭാഗം രംഗത്ത് വന്നു. ഇവരുടെ പ്രാതിനിധ്യം അവകാശപ്പെടുന്ന പുതിയ

തമിഴകം എന്ന പാർട്ടിയും അതിന്റെ നേതാവ് ഡോ.കെ കൃഷ്ണസ്വാമിയുമാണ് ദിവ്യക്കെതിരെ കടുത്ത ആക്ഷേപവുമായി രംഗത്ത് വന്നത്. പള്ളാർ എന്നല്ല ദേവേന്ദ്രകുല വെള്ളാളർ എന്നാണ് ഇവർ സ്വസമുദായത്തെ വിളിക്കുന്നത്. സർവകലാശാല ഡീൻ പുതിയ തമിഴകം പാർട്ടിയുമായി അടുത്ത ബന്ധമുള്ളയാളാണെന്നു ദിവ്യ പറയുന്നു. പാർട്ടി യാകട്ടെ കഴിഞ്ഞ കുറേ നാളുകളായി ബിജെപി അനുകൂല നിലപാടുകളിലൂടെയാണ് ശ്രദ്ധ പിടിച്ചു പറ്റിയത്. ഗോവധ നിരോധനത്തെ വരെ ഇവർ അനുകൂലിച്ചിരുന്നു. എന്തായാലും തന്നെ വേട്ട യാടുന്നത് പുതിയ തമിഴകം മാത്രമല്ല; ബി ജെ പിയും ആർ എസ്സ് എസ്സും കൂടി ചേർന്നാണെന്ന് ദിവ്യ പറയുന്നു.

2009 ൽ ദിവ്യ നിയമവിദ്യാർത്ഥിയായിരിക്കെ




നടത്തിയ ഒരു സമരത്തിന്റെ പേരിലാണ് കഴിഞ്ഞ മാസം ദിവ്യയെ അറസ്റ്റ് ചെയ്തത്. ആ കേസിൽ, ദിവ്യ കോടതിയിൽ ഹാജരായില്ല എന്ന് കാണിച്ച് എട്ടു വർഷങ്ങൾക്കു ശേഷം യാതൊരു മുന്നറിയി പ്പുമില്ലാതെ ഒരറസ്റ്റ്. എന്തായാലും അന്ന് തന്നെ ജാമ്യത്തിൽ ഇറങ്ങാൻ സാധിച്ചു. കുറച്ചു ദിവസ ങ്ങൾക്കുള്ളിൽ പുതിയ തമിഴകം ഭാരവാഹികൾ നൽകിയ പരാതിയിൽ അടുത്ത കേസ്. 153 A അടക്കമുള്ള വകുപ്പുകൾ. ദിവ്യയുടെ സിനിമ സാമുദായിക സൗഹാർദം തകർക്കുന്നുവെന്നാണ് പരാതി. ഇപ്പോൾ അഞ്ചു ജില്ലകളിലായി, പന്ത്രണ്ട് കേസുകൾ ദിവ്യക്കെതിരെ രജിസ്റ്റർ ചെയ്തിട്ടു ണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. വീട്ടിലോ നാട്ടിലോ നിൽക്കാൻ പറ്റാത്ത അവസ്ഥ. എപ്പോൾ വേണമെങ്കിലും അറസ്റ്റ് ചെയ്യപ്പെടാം, അല്ലെങ്കിൽ ആക്രമിക്കപ്പെടാം എന്ന സ്ഥിതി. സി. പി.ഐ (എം. എൽ) ലിബറേഷൻ പ്രവർത്തകയാണ് ദിവ്യ. എന്നാൽ സി. പി. എമ്മും സി. പി. ഐ യും അടക്കം എല്ലാ ഇടതു പക്ഷ സംഘടനകളും ഒന്നിച്ച് നിന്നാണ് ദിവ്യയെ പിന്തുണക്കുന്നത്. (ചിത്രത്തിൽ പക്ഷെ സിഐടിയു ഉൾപ്പെടെയുള്ള ട്രേഡ് യൂണിയനുകളുടെ നിലപാടുകളേയും ദിവ്യവിമർശനവിധേയമാക്കുന്നുണ്ട്)

ഡിണ്ടിഗലിലെ ആ വീട്ടിൽ നിന്നും ദിവ്യക്ക് അന്ന് ഇറങ്ങണമായിരുന്നു. ആ വീട് ഒരു ഓഫീസ് കൂടിയായതിനാൽ അവിടെ നിൽക്കാൻ പറ്റുന്ന സാഹചര്യമായിരുന്നില്ല. അഭിമുഖം പൂർത്തിയാക്കി അവരെ അവിടെ വിട്ടിട്ടു പോരാൻ വയ്യായിരുന്നു. അന്നേ ദിവസം എന്റെ കൂടെ ഹോട്ടൽ മുറിയിലേക്ക് കൂട്ടി. രണ്ടു ദിവസത്തിനു ശേഷമാണ് വിവിധ പരിപാടികളിൽ പങ്കെ ടുക്കാനായി ദിവ്യ കേരളത്തി ലേക്കു വരുന്നത്. കേസു കളുടെ കാര്യത്തിലടക്കം കടുത്ത അനിശ്ചിതത്വമാണ് നിലനിൽക്കുന്നത്. എല്ലാ കേസുകളിലെയും എഫ് ഐ ആർ സംഘടിപ്പിക്കാനും നിയമസഹായം നൽകാനും സഖാക്കൾ ശ്രമിക്കുന്നുണ്ട്.

ഒരു കോട്ടൺ മിൽ തൊഴിലാളിയുടെ മകളാണ് ദിവ്യ. ഔപചാരിക വിദ്യാ ഭ്യാസം നേടിയിട്ടില്ലാത്ത, കഷ്ടിച്ച് എഴുത്തും വായനയും മാത്രമറിയാവുന്ന തൊഴിലാളി യുടെ മകൾ. ദിവ്യയുടെ കൂടെ പഠിച്ച മിക്ക പെൺകുട്ടികളും പത്താം ക്ലാസ്സ് പൂർത്തി യാക്കാതെ വിവാഹം ചെയ്യുകയോ കോട്ടൺ മില്ലിൽ തൊഴിലെടുക്കാൻ പോവുകയോ ചെയ്തു പോന്നു. പതിനാലാം വയസ്സിലാണ് ദിവ്യ സി പി ഐ (എം എൽലിബറേഷൻ) അംഗമാവുന്നത്. മധുരൈ ലോ കോളേജിൽ പഠിക്കുന്ന കാലത്തും ദിവ്യയുടെ പ്രധാന പ്രവർത്തനം തൊഴിലാളികൾ ക്കിടയിൽ തന്നെയായിരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമപ്രകാരമുള്ള കൂലി ലഭിക്കാൻ വേണ്ടി അവരെ സംഘടിപ്പിച്ച് നിരവധി സമരങ്ങൾ ചെയ്തു. നാല്പ ത്തഞ്ചും അൻപതും രൂപയായിരുന്നു കൂലി. ബാക്കി ഇടനിലക്കാർ കൊണ്ട് പോകും. 2015 ൽ മധുരയിൽ

സെപ്റ്റിക് ടാങ്കിൽ നിന്നുള്ള വിഷവാതകം ശ്വസിച്ചു മരിച്ച ഒരു തൊഴിലാളിയുടെ മൃതദേഹം പോസ്റ്റ് മോർട്ടം ചെയ്യാനും അവർക്കു നഷ്ടപരിഹാരം നേടിക്കൊടുക്കാനും ഒക്കെയായി നടത്തിയ ഇടപെടലുകളാണ് ദിവ്യയെ ഈ സിനിമയിലേക്ക് എത്തിച്ചത്. അന്ന് മുതൽ തോട്ടിപ്പണി എടുക്കുന്ന മനുഷ്യരോടൊപ്പം ക്യാമറയുമായും അല്ലാതെയും ദിവ്യ ജീവിച്ചു. അങ്ങനെ രണ്ടു വർഷത്തിന് ശേഷം ഈ സിനിമ ഉണ്ടായി. ഒരേ പ്രമേയത്തിൽ ഏതാണ്ട് ഒരേ കാലത്തു രണ്ടു സിനിമകൾ നിർമ്മിക്കപ്പെടുന്നു. ഒന്ന് കേരളത്തിലും മറ്റേതു തമിഴ്നാട്ടിലും, ഒന്ന് ഫീച്ചറും മറ്റേത് ഡോക്യുമെന്ററിയും. വിധു വിൻസെന്റിന്റെ 'മാൻഹോളിന്' കേരള സർക്കാർ ഏറ്റവും നല്ല സിനിമക്കുള്ള പുരസ്കാരം നൽകി ആദരിച്ചു. ദിവ്യാഭാരതിയോ? നിർത്താതെ ഓടുകയാണ്. ഒന്നിന് പിറകെ ഒന്നായി കേസുകൾ, വധഭീഷണി, ബലാൽ സംഗഭീഷണി. ചവിട്ടി നിൽക്കാൻ മണ്ണില്ല. മുന്നിൽ അനിശ്ചിതത്വം മാത്രം നാളെ എങ്ങോട്ടു പോകണമെന്നറിയില്ല.

2017 ഫെബ്രുവരി 26ന് ഡോക്യുമെന്ററി 'കക്കൂസ്' ചെന്നൈയിൽ റിലീസ് ചെയ്യപ്പെടുന്നു. ആദ്യ പ്രദർശനം മാർച്ച് നാലിന് ഒരു സാംസ്കാരിക സംഘടനയുടെ ആഭിമുഖ്യത്തിൽ നാഗർ കോവിലിൽ നടക്കുമെന്നായിരുന്നു പ്രഖ്യാപനം. അതു പക്ഷേ, നടന്നില്ല. സിനിമ കാണിച്ചാൽ ക്രമസമാധാനം തകരുമെന്ന് പൊലീസ് സൂപ്രണ്ട് അറിയിക്കുകയായിരുന്നു. അന്തർദേശീയ വനിതാ ദിനത്തിൽ കോയമ്പത്തൂരിൽ പ്രദർശിപ്പിക്കാനായിരുന്നു അടുത്ത പദ്ധതി. അതേ കാരണം പറഞ്ഞ് ഒരിക്കലൂടെ തടയപ്പെട്ടു. സർട്ടിഫിക്കറ്റ് ഇല്ലെന്നു തുടങ്ങി ദിവ്യയുടെ 'നക്സൽ ബന്ധം' വരെ നിരത്തി പിന്നെയും പ്രദർശനം അധികൃതർ വിലക്കിക്കൊണ്ടേയിരുന്നു. സിനിമയായാലും യാഥാർഥ്യമായാലും ആർക്കു കാണണം, ഈ ജീവിതങ്ങളെ? നിയമം വിലക്കുന്ന ഒരു ജോലി ഇപ്പോഴും നിർബാധം തുടരുമ്പോൾ അധികൃതർ ഉത്തരവാദികളാകേണ്ടിവരുമെന്നതു തന്നെ പ്രശ്നം. (2013ലെ തോട്ടിവേലനിരോധ, പുനരധിവാസ നിയമ പ്രകാരം ഇതു നിരോധിക്കപ്പെട്ടതാണ്). പക്ഷേ, നിരന്തരമായ വിലക്ക് ഡോക്യുമെന്ററിക്ക് ഗുണമാണ് ചെയ്തത്. ടി.എം കൃഷ്ണ 'കക്കൂസി'ൻെറ ട്രെയിലറും ഇതിലെ പാട്ടും ടിറ്ററിലിട്ടതോടെ ദിവ്യയുടെ ദൗത്യം തിരിച്ചറിഞ്ഞവരുടെ എണ്ണം കൂടി. തമിഴ്നാട്ടിലും പുറത്തും സിനിമക്ക് വ്യാപകമായ അംഗീകാരം ലഭിച്ചുതുടങ്ങി. ഡൽഹി, കൊൽക്കത്ത, ബംഗളുരു, മുംബൈ, ഹൈദരാബാദ് പട്ടണങ്ങളിലും ചില യൂനിവേഴ്സിറ്റികളിലും സിനിമ കാണിക്കപ്പെട്ടു. തോട്ടിപ്പണി ജീവിതമായിപ്പോയ മഹാപാവങ്ങളുടെ ദുരിതം പകർത്തിയ



**ദിവ്യാ ഭാരതി**

ദിവ്യയെ തേടി അംഗീകാരങ്ങളുമെത്തി, വിശിഷ്യാ തമിഴ്നാട്ടിലെ ദളിത് സമൂഹങ്ങളുടെ ഭാഗത്തു നിന്ന്. 2017 ജൂലൈ വരെ ഇതൊക്കെയായിരുന്നു സ്ഥിതി.

അവരുടെ ജീവിതം കീഴ്മേൽ മറിച്ച് പിന്നെയെന്താകും സംഭവിച്ചത്? ദിവ്യ തന്നെ എല്ലാം പങ്കുവെക്കുന്നുണ്ട്:

"ജൂലൈ 13ന് അണ്ണാ യൂനിവേഴ്സിറ്റിയിലെ പതിനഞ്ച് ശുചീകരണ തൊഴിലാളികൾ വാഴ്സിറ്റി ഡീനിനെതിരെ പൊലീസിനെ സമീപിക്കുന്നു. മോശം പെരുമാറ്റമായിരുന്നു ഇവർ ഉന്നയിച്ച പരാതി. പിറ്റേന്നു തന്നെ എല്ലാവരെയും വാഴ്സിറ്റി പുറത്താക്കി. പ്രതിഷേധവുമായി പ്രധാന കവാട

ത്തിൽ കുത്തിയിരുന്ന ഇവർക്കു നേരെ ബല പ്രയോഗവുമായി പൊലീസ് എത്തിയത് സ്ഥിതി വഷളാക്കി. വിഷയമറിഞ്ഞ ഞാൻ ഇവരെ കണ്ട് വിശദാംശങ്ങളെടുത്ത് ജൂലൈ 21ന് യൂട്യൂബിലിട്ടു. ദിവസങ്ങൾക്കുള്ളിൽ ഇതു കണ്ടത് 8,000 പേരാണ്". ദിവ്യയുടെ ജീവിതം അന്നു മുതലാണ് ശരിക്കും മാറുന്നത്. അണ്ണാ യൂനിവേഴ്സിറ്റി ഡീനിന്റെ ഗുണകാംക്ഷികളെന്ന് പരിചയപ്പെടുത്തി ചിലർ വിളിച്ച് വീഡിയോ യൂട്യൂബിൽ നിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുന്നു. സ്വാഭാവികമായും അവരതിന് വഴങ്ങിയില്ല. ജൂലൈ 26ന് മധുര പൊലീസ് കമീഷണറുടെ ഓഫീസിൽനിന്ന് വിളിച്ച് ഉടൻ ഹാജരാകണമെന്ന് നിർദേശമെത്തി. നാൽപ്പത് മിനിറ്റിനകം എത്താമെന്ന് അറിയിച്ചെങ്കിലും വകവെക്കാതെ മിനിറ്റുകൾക്കകം വൻ സന്നാഹ വുമായി പൊലീസ് പട വീട്ടിൽ ഇരച്ചുകയറി അറസ്റ്റു ചെയ്തു. എന്തിനാണ് അറസ്റ്റെന്ന് പിടികിട്ടിയതേയില്ല, ദിവ്യക്ക്. 2009ൽ നടന്ന വിദ്യാർഥി സമരവുമായി ബന്ധപ്പെട്ട കേസിലാണ് നടപടിയെന്നായിരുന്നു ആദ്യ വിശദീകരണം. മധുര ലോ കോളജിൽ പ്രഥമ വർഷ വിദ്യാർഥി യായിരുന്നു അക്കാലത്ത് ദിവ്യ. മധുരയിലെ മഡക്കുളത്തുള്ള ദലിത് ഹോസ്റ്റലിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്നാവശ്യപ്പെട്ട് നടന്ന സമര ത്തിൽ എല്ലാ വിദ്യാർഥി സംഘടനകളും പങ്കാളി കളായിരുന്നു. മറ്റൊരിക്കൽ, ഹോസ്റ്റലിൽ ഒരു വിദ്യാർഥി പാമ്പുകടിയേറ്റ് മരിച്ച സംഭവമുണ്ടായി. കുടുംബത്തിന് നഷ്ടപരിഹാരമാവശ്യപ്പെട്ട് നടത്തിയ സമരത്തിന് നേതൃത്വം നൽകിയതിന് ദിവ്യക്കെതിരെ എഫ്.ഐ.ആറുണ്ടായിരുന്നു. ഈ കേസാണ് എട്ടു വർഷങ്ങൾക്കു ശേഷം പൊടിതട്ടിയെടുക്കുന്നതും അറസ്റ്റു നടക്കുന്നതും. എന്നാലും, അന്നുതന്നെ അവർക്ക് ജാമ്യം ലഭിച്ചു. ശേഷമാണ് ദിവ്യയുടെ ദുർവിധി തുടങ്ങുന്നത്. ജൂലൈ 27ന് ദലിത് വിഭാഗമായ പല്ലാർ സമുദായത്തെ പ്രതിനിധീ കരിക്കുന്ന 'പുതിയ തമിഴകം' എന്ന രാഷ്ട്രീയ കക്ഷിയുടെ നേതാവ് ഡോ. കൃഷ്ണസ്വാമി ദിവ്യക്കും അവരുടെ ഡോക്യുമെന്ററിക്കുമെതിരെ ആഞ്ഞടിക്കുന്നു. പല്ലാർ സമുദായത്തിന്റെ വികാരങ്ങളെ വ്യണപ്പെടുത്തുന്നുവെന്നായിരുന്നു ആരോപണം. വിശദീകരണമാവശ്യപ്പെട്ട് ദിവ്യക്ക് തന്റെ പാർട്ടി നോട്ടീസ് അയക്കുമെന്നു കൂടി അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു. ഈ വാർത്താ സമ്മേളനത്തിന്റെ പിറ്റേന്നു മുതലാണ് കടുത്ത അധിക്ഷേപവും ഭീഷണിയുമായി കോളുകൾ പ്രവഹിക്കുന്നത്. 29ന് പൊലീസിൽ പരാതി നൽകുമ്പോഴേക്ക് തെറിയഭിഷേകവുമായി വിളികൾ 1200 കവിഞ്ഞിരുന്നു. പിന്നീട് എണ്ണൽ നിർത്തി. "ഫോൺ സ്വിച്ച് ഓഫ് ചെയ്യുന്നതിനു പകരം എടുത്ത് വിഷയം ബോധ്യപ്പെടുത്തി കൊടുക്കാ നായി ശ്രമം. സിനിമ കണ്ടോയെന്ന് അവരോട് ചോദിച്ചു. പക്ഷേ, അവർക്കു സംഭാഷണം ഇഷ്ടമല്ലായിരുന്നു". സിനിമ കാണാതെയായിരുന്നു വൈകാരിക പ്രതികരണങ്ങൾ. 'കക്കൂസ്' എന്ന ഡോക്യുമെൻററി തമിഴ്നാട്ടിൽ വ്യാപകമായ തോട്ടിവേലയുടെ ബീഭത്സമായ വസ്തുതകളി ലേക്കുള്ള യാത്രയാണ്. സിനിമ ഒറ്റയിരിപ്പിൽ കണ്ടുതീർക്കാൻ നമുക്കാവില്ല. നിർഭാഗ്യം അടയാളപ്പെടുത്തിയ കുറെ മനുഷ്യർ മനുഷ്യ വിസർജ്യത്തിൽ കുളിച്ചുനിൽക്കുന്നത് അത്ര സുഖകരമായ കാഴ്ചയൊന്നുമല്ല. സിനിമയെടുക്കൽ ദിവ്യക്കു ചെറുപ്പം മുതലേയുള്ള അഭിനിവേശ മായിരുന്നുവെങ്കിലും തോട്ടിവേല പ്രമേയമായി ഒന്ന് അവരുടെ ചിന്തകളിലുണ്ടായിരുന്നില്ല. അവിചാരിതമായാണ് അതു സംഭവിച്ചത്.

2015 ഒക്ടോബറിൽ മധുരയിൽ വൃത്തിയാ ക്കുന്നതിനിടെ സെപ്റ്റിക് ടാങ്കിൽ വീണ് മുനി യാണ്ടി, വിശ്വനാഥൻ എന്നീ രണ്ടു പേർ മരിക്കുന്നു. മരിച്ചവരുടെ കുടുംബത്തിന് നീതിയാവശ്യപ്പെട്ട് ഇതേ തൊഴിൽ മേഖലയിലുള്ളവർ ദിവസങ്ങളോളം സമരത്തിനിറങ്ങുന്നു. രാഷ്ട്രീയ പ്രവർത്തകയായി രുന്ന ദിവ്യയും ഈ സമരത്തിന്റെ ഭാഗമായി. "മൃതദേഹം മോർച്ചറിയിൽ നിന്ന് പുറത്തെടുക്കു മ്പോൾ വൃത്തികെട്ട മണം സഹിക്കാൻ ആർക്കും ആകുമായിരുന്നില്ല. അത്രക്ക് ദുർഗന്ധമായിരുന്നു. കുടുംബാംഗങ്ങൾ പോലും മൂക്കുപൊത്തി പിറകിലേക്കുനിന്നു. പക്ഷേ, മുനിയാണ്ടിയുടെ പത്നി മഹാലക്ഷ്മി ഓടിവന്ന് മൃതദേഹത്തിൽ കമിഴ്ന്നടിച്ചുകിടന്ന് ചുംബിച്ചും മുത്തിയും വിലപിച്ചുകൊണ്ടിരുന്നു. അന്നേരം, എന്റെ സുഷുമ്നയിലൂടെ ഒരു വിറ പാഞ്ഞു. മുഖത്തേറ്റ അടിപോലെയായിരുന്നു ആ അനുഭവം. ആ നിമിഷത്തിലാണ് 109 മിനിറ്റ് നീളുന്ന 'കക്കൂസ്' ഡോക്യുമെന്ററിയുടെ പിറവി. നേരത്തെ സ്ക്രിപ്റ്റ് തയാറാക്കുകയായിരുന്നില്ല, ഞാൻ ചെയ്തത്. ഈ തൊഴിലുമായി കഴിയുന്നവരെ നേരിൽ കണ്ട് സംഭാഷണം നടത്തി. അവരുടെ കഥകൾ കേട്ടു. സിനിമ തുടങ്ങുംമുമ്പ് ചെയ്യാൻ കുറെയേറെ കിടക്കുന്നുവെന്ന് അതോടെ ബോധ്യമായി. തുടക്കത്തിൽ ശരിക്കും ബുദ്ധിമുട്ടി. മനുഷ്യവിസ ർജ്യത്തിൽ മൂക്കുപൊത്താതെ മണിക്കൂറുകളോളം കഴിയാൻ ശരിക്കും പരിശീലിക്കേണ്ടിവന്നു. ഒരു ചെറിയ നീരസം പോലും അവരിൽ പ്രയാസം സൃഷ്ടിക്കുമെന്നു മാത്രമല്ല, പിന്തിരിപ്പിക്കുകയും ചെയ്യും". അതോടെ, കാമറയെടുക്കൽ ദിവ്യ നിർത്തി. അവർക്കൊപ്പമുള്ള സഞ്ചാരങ്ങൾ മാത്ര മായി. കൈകൊണ്ട് മലം കോരുമ്പോൾ അവരു മായി സംസാരിച്ചുകൊണ്ടിരുന്നു. ഒപ്പം ഭക്ഷണം കഴിച്ചു. കുടുംബങ്ങളെ സന്ദർശിച്ചു. ഒഴിവു സമയങ്ങൾ അവരോടൊത്തു ചെലവിട്ടു. ചായ കഴിച്ചു. മലത്തിന്റെ സാമീപ്യം അസ്വസ്ഥമാകു ന്നില്ലെന്ന് ബോധ്യം വന്ന നിമിഷത്തിൽ യഥാർഥ

ഷൂട്ടിങ് തുടങ്ങി. കാമറ പിടിക്കലും ഫൂട്ടേജുകൾ എഡിറ്റ് ചെയ്യലുമൊന്നും ദിവ്യക്ക് പുതുമയുള്ള തായിരുന്നില്ല. ഭർത്താവ് ഗോപാൽകൃഷ്ണനു മൊപ്പം ഉപജീവനത്തിന് സ്റ്റുഡിയോ നടത്തി വരികയായിരുന്നു അവർ. വിവാഹ വിഡിയോകൾ എടുത്ത് ആൽബം ഉണ്ടാക്കിക്കൊടുക്കും. സിനിമ ഷൂട്ടിങ്ങിന് ഇത് തീർച്ചയായും സഹായമായിട്ടുണ്ട്. കൈയിൽ പക്ഷേ ഉണ്ടായിരുന്നത് 700ഡി കാനൺ കാമറയായിരുന്നു. ഒരു സിനിമയെടുക്കാൻ അതു മതിയാകില്ല. തൽക്കാലം സുഹൃത്തിൽ നിന്ന് 5ഡി കാമറ സംഘടിപ്പിച്ചു. പണമായിരുന്നു പിന്നെ പ്രശ്നം. അതും കൂട്ടുകാരിൽ നിന്ന് വായ്പ വാങ്ങി. ആൾക്കൂട്ടത്തെ പരമാവധി ഉപയോഗിച്ചെടുത്ത സിനിമയാണ് 'കക്കൂസ്'. സിനിമ ഇത്ര വലുതാകു മെന്ന് സ്വപ്നം കണ്ടിരുന്നു പോലുമില്ലെന്ന് ദിവ്യ. ആറോ ആഴോ തോട്ടിവേലക്കാരുടെ ജീവിതം പകർത്താനായിരുന്നു തുടക്കത്തിൽ പദ്ധതി. പക്ഷേ, തമിഴ്നാട്ടിലെ പതിനാറ് ജില്ലകളിലായി ഇരുപ ത്തഞ്ച് നഗരങ്ങൾ കറങ്ങി ഒരു വർഷമെടുത്താണ് സിനിമ പൂർത്തിയാക്കിയത്. തൊണ്ണൂറ്റിരണ്ടു മണി ക്കൂർ ദൈർഘ്യമുണ്ടായിരുന്നു ഫൂട്ടേജുകൾക്ക്. ഇത് ഒരു സിനിമയാക്കി മാറ്റലായിരുന്നു ശരിക്കും വെല്ലുവിളി. അഞ്ചു മണിക്കൂറിലേക്ക് ചുരുക്കി ഫസ്റ്റ് കട്ട് തയാറായി. പ്രഫഷനൽ എഡിറ്റർ പകലവ നായിരുന്നു അവസാന പ്രിൻറ് തയാറാക്കിയത്, ദൈർഘ്യം ഒരു മണിക്കൂർ നാൽപ്പത്തിയൊമ്പത് മിനിറ്റ്.

ഒരു കോട്ടൺ മിൽ തൊഴിലാളിയുടെ മകളായാണ് ദിവ്യയുടെ ജനനം. "ഞങ്ങളുടെ ജീവിതങ്ങൾക്ക് ഒരു വിലയുമില്ലായിരുന്നു. കമ്പനി അനുവദിച്ച കുടുസ്സുമുറികളിൽ കഴിച്ചുകൂട്ടും. ഇവക്കു പോലും 300 രൂപ വാടക നൽകണം. ശമ്പളം തീരെ തുച്ചരം. 1983ൽ പിതാവിന്റെ തുടക്ക ശമ്പളം 120 രൂപയായിരുന്നു. ഞാൻ ഒമ്പതിലെത്തുമ്പോൾ അത് 4,500 രൂപയിലെത്തി യിട്ടുണ്ട്. 45 വർഷമാണ് അച്ഛൻ അവിടെ പണിയെടുത്തത്. 58ാം വയസ്സിൽ പിരിയുമ്പോൾ കമ്പനി രണ്ടു ലക്ഷംരൂപ നൽകി. നിലവിൽ സർവീസ് പെൻഷനായി 1200 രൂപ ലഭിക്കും" ദിവ്യ പറയുന്നു. "അതു മാത്രമായിരുന്നില്ല, പ്രശ്നം. ഭൂവുടമ വരുമ്പോഴൊക്കെ ഓഛാനിച്ചുനിൽക്കണം. ഊഞ്ഞാലിൽ കളിക്കുന്ന കുരുന്നുകൾ പോലും അതുനിർത്തി എഴുന്നേൽക്കണം. ആദരം കൊണ്ടൊന്നുമല്ല, ഭയംകൊണ്ടു മാത്രം എല്ലാവരും പാലിച്ചുപോന്നു. ഇതൊക്കെ കണ്ട് എനിക്ക് അരിശവും ലജ്ജയും തീവ്രതരമായി അനുഭവപ്പെ ട്ടുതുടങ്ങിയിരുന്നു. കടുത്ത അടിച്ചമർത്തലിന്റെയും ചൂഷണത്തിന്റെയും സാഹചര്യങ്ങൾ കണ്ടാകണം, ഇടതുപക്ഷ അനുഭാവം ഉള്ളിൽ മുള പൊട്ടിയ തെന്ന് ദിവ്യ. 'എന്റെ പ്രായക്കാരിലേറെയും ബാല വേലക്കോ ശൈശവ വിവാഹത്തിനോ നിർബന്ധി ക്കപ്പെട്ട് ജീവിതം ഹോമിച്ചവരാണ്. പക്ഷേ, പിതാവിന്റെ ശാഠ്യം എന്നെ വിദ്യാഭ്യാസ മേഖല യിൽ നിലനിർത്തി.' പതിനാലാം വയസ്സിൽ ദിവ്യ സി.പി.ഐ.എം.എൽ അംഗമായിരുന്നു. സ്കൂളിലെ അധ്യാപകരായിരുന്നു പ്രചോദനം. കടുത്ത വിവേ ചനത്തെയും ചൂഷണത്തെയും കുറിച്ച് അവർ ഞങ്ങളോടു സംസാരിച്ചുകൊണ്ടിരുന്നത് മുഴു വാനായല്ലെങ്കിലും ഞങ്ങളെ കുറിച്ചു തന്നെ യാണെന്ന ബോധം ക്രമേണ വന്നുതുടങ്ങി. സിനിമാ പ്രദർശനം പോലുള്ള സാംസ്കാരിക പരിപാടികളും ആഴ്ചതോറും നടന്നു. 'ബൈസി ക്ക്ൾ തീവ്സ്', 'ദി ബാറ്റ്ൽഷിപ് പൊട്ടെംകിൻ' പോലുള്ള സിനിമകൾ പതിമൂന്നാം വയസ്സിൽ ഞാൻ കണ്ടു.

അങ്ങനെയാണ് സിനിമാക്കൊതി ഉള്ളിൽ തീവ്രതരമാകുന്നത്. മകളുടെ ജീവിതത്തിലെ മാറ്റങ്ങൾ പിതാവ് മനസ്സിലാക്കി തുടങ്ങി. അത് അദ്ദേഹത്തെ ചകിതനുമാക്കി. മകൾ ഇപ്പോൾ തെരഞ്ഞെടുത്ത വഴിയിൽ സഞ്ചരിക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടില്ല. നാട്ടിലെ മറ്റേതു പെൺ കുട്ടിയെയും പോലെ 'സാധാരണകുട്ടി'യായി മകളെ മാറ്റാനായിരുന്നു പിതാവിന് ഇഷ്ടം. മകൾ സിനിമ കാണുന്നത് അദ്ദേഹം വെറുത്തു. 'അച്ഛൻ പണം നൽകുന്നത് നിർത്തി. സിനിമ കാണാൻ പോകലും അതോടെ പ്രതിസന്ധിയിലായി. ഏഴു കിലോമീറ്റർ അകലെയുള്ള തിയറ്ററിൽ സൈക്കി ളെടുത്ത് ഏറെസമയമെടുത്ത് ചവിട്ടി പോയി ത്തുടങ്ങി' ദിവ്യ പറയുന്നു.

പ്ലസ്ടു പഠനത്തിനു ശേഷം, സിനിമയിൽ കരിയർ കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ മധുരയിലെ അമേരിക്കൻ കോളജ് ഓഫ് വിഷൽ കമ്യൂണിക്കേഷനിൽ ചേർന്നു. അതു പക്ഷേ, പൂർത്തിയാക്കാനായില്ല. "സ്വകാര്യ സ്ഥാപനത്തിന്റെ മാനേജ്മെൻറിലെ രണ്ടു വിഭാഗങ്ങൾ തമ്മിലെ പ്രശ്നങ്ങളുടെ ഭാഗമായി ക്ലാസ് തുടർച്ചയായി മുടങ്ങി. കുട്ടികൾ ഇതിനെതിരെ സമരത്തിനിറങ്ങി". സ്വാഭാവികമായും മുന്നിൽ നിന്നു നയിക്കാൻ ദിവ്യയുണ്ടായിരുന്നു. "വൈരനിര്യാതനത്തിനിറ ങ്ങിയ മാനേജ്മെൻറ് മുപ്പത്തിയയ്യായിരം രൂപ പിഴയൊടുക്കാൻ ആവശ്യപ്പെട്ടു. അത്രയും നൽകാൻ ആകുമായിരുന്നില്ല" ദിവ്യ പറയുന്നു. "സ്ഥാപനത്തിൽ ചേരാൻ പോലും അമ്മയുടെ സ്വർണം വെച്ച് തുക വായ്പയെടുത്തതായിരുന്നു. കോഴ്സ് നിർത്താൻ തന്നെ തീരുമാനിച്ചു. പിന്നീട് മധുര ഗവ. ലോ കോളജിൽ നിയമം പഠിക്കാൻ ചേർന്നു. തുടക്കത്തിൽ ക്ലാസുകളിൽ പതിവായി രുന്നില്ല. പാർട്ടി ഉത്തരവാദിത്വങ്ങളിൽ പെട്ട് പലപ്പോഴും സമയത്ത് എത്താനാകുമായിരുന്നില്ല. ദേശീയ തൊഴിലുറപ്പ് പദ്ധതിക്കു കീഴിലെ തൊഴി ലാളികളെ സംഘടിപ്പിക്കലായിരുന്നു ഏൽപ്പിക്ക പ്പെട്ട ഉത്തരവാദിത്വം. ഏറെയും സ്ത്രീകളായി

രുന്നു. നിശ്ചയിച്ചതിന്റെ പകുതിയായിരുന്നു അവർക്കു കിട്ടിയ കൂലി. മറ്റേ പകുതി ചിലർ കൈക്കലാക്കിപോന്നു. വർഷം 200 തൊഴിൽദിന ങ്ങളും 200 രൂപ കൂലിയും ആവശ്യപ്പെട്ട് അവരെ സമരമുഖത്ത് അണിനിരത്തി".

"അക്കാലത്ത് ഐസ (സി.പി.ഐ.എം.എൽ വിദ്യാർഥി വിഭാഗം) ദളിത് വിദ്യാർഥികളുടെ ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്താനാവശ്യ പ്പെട്ട് നിരന്തരം കാമ്പയിനുകൾ നയിച്ചുവരികയാ യിരുന്നു. സംഘടനയുടെ മധുര ജില്ലാ സെക്രട്ടറി യായതിനാൽ എനിക്ക് മാറി നിൽക്കാനാകുമായി രുന്നില്ല. ഞങ്ങൾ നേരത്തെ തന്നെ സമരമുഖത്താ യിരുന്നു. മടക്കുളം ദലിത് ഹോസ്റ്റലിൽ തീരെ സൗകര്യങ്ങളില്ലായിരുന്നു. അവിടെ കഴിയുന്ന വിദ്യാർഥികളുടെ സ്ഥിതി അതീവ ദയനീയം. ചുറ്റുമതിൽപോലുമില്ല. അതിനിടെയാണ് 2009 ഡിസംബറിൽ രണ്ടാം വർഷ ഇംഗ്ലീഷ് ബിരുദ വിദ്യാർഥി സുരേഷ് ഹോസ്റ്റൽ മുറിയിൽ പാമ്പു കടിയേറ്റ് മരിക്കുന്നത്. കുടുംബത്തിന് നഷ്ടപരി ഹാരവും ചുറ്റുമതിൽ കെട്ടണമെന്നും ആവശ്യ പ്പെട്ട് വിദ്യാർഥികൾ സമരത്തിനിറങ്ങി. മുൻനിരയി ലുണ്ടായിരുന്നു ഒട്ടുമിക്ക വിദ്യാർഥികളെയും പ്രതിചേർത്താണ് എഫ്.ഐ.ആർ തയാറാക്കിയത്. ഞങ്ങൾ മുൻകൂർ ജാമ്യം നേടി." ദിവ്യ പറയുന്നു. വിദ്യാർഥി ജീവിതത്തിനിടെ ഇത്തരം കേസുകൾ സ്വാഭാവികമായതിനാൽ അത്ര കാര്യമാക്കിയിരു ന്നില്ല. പക്ഷേ, എട്ടു വർഷം കഴിഞ്ഞ് ഒരു സമൻസ് പോലുമില്ലാതെ ഇതേ കേസിൽ അറസ്റ്റു ചെയ്യ പ്പെട്ടു. ദിവ്യയുടെ അമ്മ 2010ൽ അർബുദബാധയെ തുടർന്ന് മരിച്ചു. "സ്തനാർബുദം മൂന്നാം ഘട്ട ത്തിലാണ് തിരിച്ചറിഞ്ഞത്. പിന്നീട് കൂടുതൽ കാലം അവരുണ്ടായില്ല." മധുര ഗവ. ഹോസ്പിറ്റ ലിലായിരുന്നു അവരെ അഡ്മിറ്റ് ചെയ്തത്. ഒരു സൂപ്പർ സ്പെഷാലിറ്റി ആശുപത്രിയിലെത്തിച്ച് ചികിൽസ നൽകൽ കുടുംബത്തിന്റെ പരിധിക്കു പുറത്തായിരുന്നു. അമ്മയുടെ വേർപാട് ദിവ്യയുടെ മനസ്സിൽ ഇപ്പോഴും ഒരു നൊമ്പരപ്പാടായി നിഴൽ വീഴ്ത്തുന്നുണ്ട്.

2016 ഏപ്രിൽ 20ന് രാമനാഥപുരം ജില്ല യിലെ കടലാടിയിൽ തോട്ടിവേലക്കാരനായിരുന്ന ഇരുപത്തിയെട്ടുകാരൻ ബാലമുരുഗൻ ജോലി ക്കിടെ മരിക്കുന്നു. സെപ്റ്റിക് ടാങ്കിൽ ഇറങ്ങുന്ന തിനിടെ വിഷവാതകം ശ്വസിച്ചായിരുന്നു മരണം. സിനിമാ ചിത്രീകരണത്തിലായിരുന്ന ദിവ്യ സംഭവ സ്ഥലത്തെത്തി ബാലമുരുകന്റെ കുടുംബാംഗ ങ്ങളെ കണ്ടു. തോട്ടിവേലക്കാരുടെ ജീവിതം പ്രമേയമായത് അവിചാരിതമെന്ന പോലെ സിനിമ യുടെ പേരു വന്നതും അവിചാരിതമായിട്ടായിരുന്നു.

അക്കഥ അവർ തന്നെ പറയും: "ബാലമുരു ഗന് ഇരട്ടകളായ രണ്ടു കുട്ടികളുണ്ടായിരുന്നു: മുനീശ്വരിയും മുരുകേശ്വരിയും. ഇരുവർക്കും എട്ടു വയസ്സു പ്രായം. ആദ്യം മുനീശ്വരിയെ കണ്ടു. പിന്നീട് യുവാവിനെ ഭാര്യയെ കാണാനായി വീടിന്റെ അകത്തു ചെന്നു. പുറത്തിറങ്ങി രണ്ടാ മത്തെ മകളെ കണ്ട് മുനീശ്വരിയെന്നു പേരു വിളിച്ചപ്പോൾ മകൾ തിരുത്തി. എങ്കിൽ പേര് എന്തെന്നുചോദിച്ചപ്പോൾ യാദൃശ്ചികമായി വന്ന മറുപടി കക്കൂസ് എന്നായിരുന്നു. പിന്നീട് അവൾ ശരിക്കുമുള്ള പേരു പറഞ്ഞു. തോട്ടിപ്പണിക്കാരുടെ മക്കളെ മറ്റുള്ളവർ കക്കൂസ് എന്നാണ് വിളിച്ചു വരുന്നത്. ഇതാണ് അവളുടെ ആദ്യമറുപടിയായി എത്തിയത്. എങ്കിൽ പിന്നെ, ആ പേര് സിനിമ ക്കുമാകാമെന്ന് ഞാൻ തീരുമാനിച്ചു".

"തമിഴ്നാട്ടിൽ തോട്ടിപ്പണിക്കാരുടെ സമഗ്ര മായ കണക്കുകൾ ലഭ്യമല്ല. ഏറെയും കരാർ ജോലിക്കാരാണ്. അതിനാൽ, കണക്കുകൾ സൂക്ഷിക്കാറില്ല" അവരുടെ കണക്ക് ശേഖരിക്കാൻ ദിവ്യ നടത്തിയ ശ്രമങ്ങളും വിജയം കണ്ടിട്ടില്ല. പത്രറിപ്പോർട്ടുകളും സുഹൃത്തുക്കൾ നൽകിയ വിവരങ്ങളും വെച്ച് 2015 ഒക്ടോബറിനും 2016 ഡിസംബറിനുമിടയിൽ ജോലിക്കിടെ മരിച്ചത് ഇരു പത്തിയേഴ് തോട്ടിപ്പണിക്കാരാണ്. ഇവരുടെ ജീവിതവും മരണവും പ്രമേയമാക്കി സിനിമ യെടുക്കുക മാത്രമായിരുന്നില്ല, ദിവ്യ ചെയ്തത്. 2013ൽ നിലവിൽവന്ന തോട്ടിവേല നിരോധ നിയമപ്രകാരം കേസെടുക്കണമെന്നാവശ്യപ്പെട്ട് അവരെ സമരരംഗത്തിറക്കുക കൂടി ചെയ്തു. 2015നും 2017നുമിടയിൽ ഇത്തരം പത്തോളം മരണങ്ങളിൽ ദിവ്യ സമരങ്ങൾ സംഘടിപ്പിച്ചു.

സിനിമ കണ്ടുനോക്കൂ, അതിൽ സിനിമ യുടെ അണിയറ പ്രവർത്തകർ ചേർന്ന് ഒരു തോട്ടിയുടെ മൃതദേഹം ചുമന്നുകൊണ്ടുപോകുന്ന അപൂർവ രംഗമുണ്ട്. 2016 മാർച്ചിൽ സത്തൂരിൽ ഒരു തൊഴിലാളി മരിച്ച വിവരം ലഭിക്കുന്നു. അവിടെയെത്തി നോക്കുമ്പോൾ ആംബുലൻസ് ഡ്രൈവറും അയാളുടെ സഹായിയുമല്ലാതെ ഒരാളും സഹായിക്കാനില്ലാതെ പ്രയാസപ്പെടുക യാണ്. ഉത്തർപ്രദേശുകാരനായ തൊഴിലാളിയാ യിരുന്നു അയാൾ. മൃതദേഹം ചുമക്കാൻ പോലും ആളില്ല. അങ്ങനെയാണ് ഞങ്ങളത് ചെയ്തത്.' ജീവിതങ്ങളെ വെച്ച് സിനിമയെടുത്തതോ അതല്ല, സിനിമയിലൂടെ ജീവിക്കുകയായിരുന്നോ ദിവ്യ യെന്നത് ഇനി നാം തന്നെ തീരുമാനിക്കണം.

(ദ ഫെഡറലിലെ അസ്സോസിയറ്റ് എഡിറ്ററായ ഷാഹിന കെ.കെ. തയ്യാറാക്കിയതാണ് ഇത്. മാധ്യമം ആഴ്ചപ്പതിപ്പിൽ 2017 ഓഗസ്റ്റിൽ പ്രസിദ്ധീകരിച്ചത് ഈ സംഭാഷണം ചെറിയ തിരുത്തുകളോടെ പുനഃ പ്രസിദ്ധീകരിക്കുന്നു.) ■

ചർച്ചാവിഷയം




**അന്ന ജ്യോതി ജെയിംസ്**
തിരുവനന്തപുരം മാർ ഇവാനിയോസ്
കോളേജിൽ നിന്നും ഇംഗ്ലീഷ്
സാഹിത്യത്തിൽ എം എ
പൂർത്തിയാക്കി

# കഥ പറയുന്ന സ്ത്രീകൾ

**ക്യാ**മറയുടെ നോട്ടം അതിനു പിന്നിലെ വ്യക്തിയുടെ നോട്ടം കൂടിയാണ്. ഇന്ത്യൻ സിനിമകളുടെ കൂടപ്പിറപ്പായ ആൺമേൽക്കോയ്മയുടെയും സ്ത്രീ ദേവതാസങ്കല്പങ്ങളുടെയും വിശദീകരണം ഇതിൽ തന്നെ അടങ്ങിയിട്ടുണ്ട്. ക്യാമറയ്ക്കു പിന്നിൽ പുരുഷനായിരിക്കുന്നിടത്തോളം കാലം അതവന്റെ കാഴ്ചകളെയെ പകർത്തൂ. ജീവിതത്തെ, ചരിത്രത്തെ തുടർച്ചയായ കഥ പറച്ചിലുകളായി നാം കാണുമ്പോൾ ആരുടെ കഥയാണ് ആഖ്യാനം ചെയ്യപ്പെടുന്നത്, ആരാണ് ഈ കഥകൾ പറയുന്നത് എന്ന് പരിശോധിക്കേണ്ടതിന്റെ അനിവാര്യത വ്യക്തമാകുന്നു. മനുഷ്യൻ എന്ന വാക്കിന് പുരുഷൻ എന്ന പര്യായം മാത്രമുണ്ടായിരുന്ന കാലം മുതൽ, ജ്ഞാനികൾ അലമുറയിട്ട് സ്ഥാപിക്കാൻ ശ്രമിച്ച ഭൂമിയുടെ പരന്നരൂപത്തിലേക്ക്, മണ്ണിലേക്ക്, സമൂഹത്തിലേക്ക് ഇറങ്ങി വന്നാൽ അതപ്പാടെ പുരുഷന്റെ കഥാഖ്യാനങ്ങൾ മാത്രമാണ്. ലോക ചരിത്രത്തിൽ സിനിമയുടെ മാധ്യമം ഉപയോഗിച്ചുള്ള സ്ത്രീകളുടെ കഥ പറച്ചിൽ തുടങ്ങിയിട്ട് അധികകാലം ആയിട്ടില്ല. ഇന്ത്യൻ പശ്ചാത്തലത്തിൽ നോക്കുകയാണെങ്കിൽ അതിനു വീണ്ടും സമയമെടുത്തു.

ക്യാമറയ്ക്കു പിന്നിലെ സ്ത്രീ, സിനിമ ഇതുവരെയും തുറന്നുകാട്ടിയിട്ടില്ലാത്ത ജീവിതങ്ങളെ തിരശീലയ്ക്കു മുന്നിലെത്തിച്ചു. ക്യാമറക്കണ്ണുകൾ സ്ത്രീയുടേതാകുമ്പോൾ അല്ലെങ്കിൽ പുരുഷന്റെ ദൃഷ്ടിയിൽ നിന്ന് മാറുമ്പോൾ എന്തെല്ലാം നമ്മുടെ മുന്നിലെത്തും എന്നതിന്റെ ഉത്തമ ഉദാഹരണമാണ് പുഷ്പ റാവത് ഡോക്യുമെന്ററി 'നിർണയ്'.

യാഥാർഥ്യങ്ങളെ വസ്തുനിഷ്ഠമായി അവതരിപ്പിക്കുകയാണ് ഡോക്യുമെന്ററികൾ ചെയ്യുന്നത്. അവിടെ കെട്ടുകഥകൾക്കോ സാങ്കൽപ്പിക കഥാപാത്രങ്ങൾക്കോ പ്രാധാന്യമില്ല. പക്ഷെ പലപ്പോഴും കഥകളുടെ ആഴം കൊണ്ടും ജീവിതങ്ങളോടുള്ള അടുപ്പം കൊണ്ടും സിനിമയെക്കാളേറെ ആഘാതം ഇവ കാഴ്ചക്കാരിലുണ്ടാക്കുന്നു. ഉത്തർ പ്രദേശിലെ ഘാസിയാബാദിൽ തൊഴിലാളി വർഗം തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശത്തെ താനുൾപ്പടെയുള്ള ഏതാനും സ്ത്രീകളുടെ ജീവിതമാണ് പുഷ്പ റാവത് ഈ ഡോക്യുമെൻററിയിൽ ചിത്രീകരിച്ചിരിക്കുന്നത്. തന്നോടേറ്റവും അടുത്തു നിൽക്കുന്ന ഏതാനും മനുഷ്യർ, പരസ്പരം ബന്ധപ്പെട്ടു നിൽക്കുവാനും പഴക്കങ്ങളിലൂന്നി പാരമ്പര്യങ്ങൾക്ക് കോട്ടം തട്ടാതെ നിലവിലുള്ള സാമൂഹ്യസ്ഥിതി അതേപടി തുടർന്ന് പോരുന്നതിൽ ജീവിതത്തിന്റെ അർത്ഥത്തിനെയും വിജയത്തിനെയും കുറിച്ചിടാനുമായുള്ള അവരുടെ പരക്കപ്പാച്ചിലുകൾ, ഇത്തരത്തിലുള്ള ഒരു 'അതിസാധാരണ' പശ്ചാത്തലത്തിലേക്കാണ് സംവിധായിക തന്റെ ക്യാമറയും ഒരു പിടി ബുദ്ധിമുട്ടിക്കുന്ന ചോദ്യങ്ങളുമായി പ്രവേശിക്കുന്നത്. ഈവിധമുള്ള, സാധാരണം എന്ന് മുഖ്യധാരാ സിനിമകൾ കാലങ്ങളായി അടയാളപ്പെടുത്തിയ വ്യവസ്ഥാപിത മധ്യവർഗ/തൊഴിലാളി കുടുംബബോധങ്ങളിൽ ആരുടെ സ്വപ്നങ്ങളാണ്, സ്വത്വ




മാണ് ബലികൊടുക്കപ്പെടുന്നതെന്ന് 'നിർണയ്' തുറന്നുകാട്ടുന്നു. ചോദ്യം ചോദിച്ചു തുടങ്ങുമ്പോഴാണ് അധികാരത്തിന്റെ രാഷ്ട്രീയം പലയിടങ്ങളിലും അനാവരണം ചെയ്യപ്പെടുന്നത്. തികച്ചും നിഷ്കളങ്കമായ ചില ചോദ്യങ്ങളാലാണ് റാവത്തും ഈ അധികാരവ്യവസ്ഥിതിയെ ചോദ്യം ചെയ്യുന്നത്. അതിൽ ലിംഗത്വവും ജാതിയും എല്ലാം പ്രതിപാദ്യ വിഷയങ്ങളാകുന്നു.

പുഷ്പ റാവത്തിന്റെ ആദ്യ സിനിമാ സംരംഭമാണ് ഈ ഡോക്യുമെന്ററി. 'നിർണയ്' എന്ന ഹിന്ദി വാക്കിന്റെ അർഥം തീരുമാനം, തീർച്ചപ്പെടുത്തൽ എന്നിങ്ങനെയാണ്. ചോദ്യങ്ങളും തിരഞ്ഞെടുപ്പുകളും ഉള്ള ഇടങ്ങളിലാണ് തീരുമാനങ്ങൾ ഉണ്ടാകുന്നത്. സ്വന്തം തിരഞ്ഞെടുക്കലുകൾക്കായുള്ള അവകാശമില്ലാത്ത ഒരു പറ്റം സ്ത്രീകളെയാണ് പുഷ്പ പ്രതിനിധാനം ചെയ്യുന്നത്. അങ്ങേ അറ്റം വ്യക്തിപരവും സ്വകാര്യവുമായുള്ള ഇടങ്ങളാണ് പുഷ്പയുടെ ക്യാമറക്കണ്ണുകൾ രാഷ്ട്രീയവൽക്കരിക്കുന്നത്. ജാതീയമായ വ്യത്യാസങ്ങൾ മൂലം ഇഷ്ടപ്പെട്ട പുരുഷനെ വിവാഹം കഴിക്കാൻ സാധിക്കാത്ത തന്റെ കഥയിലൂടെ തുടങ്ങി, പാട്ടുകാരിയാകാൻ മോഹിച്ചു വിവാഹ ശേഷം ഭർത്താവിന്റെ തണലിൽ തന്റെ ആഗ്രഹങ്ങൾ പൂർത്തിയാകുമെന്ന് വിശ്വസിക്കുന്ന സുഹൃത്തിന്റെ കഥ വരെ അത് എത്തിനിൽക്കുന്നു. സുനിലിനെ താൻ വിവാഹം കഴിക്കുന്നത് എന്തുകൊണ്ട് ശരിയല്ല എന്ന് പുഷ്പ ഇരുവരുടെയും വീട്ടുകാരോട് ചോദിക്കുന്നുണ്ട്. ആദ്യമായി ആയിരിക്കണം ആ സമൂഹത്തിൽ ഒരു സ്ത്രീയുടെ പക്ഷത്തു നിന്നും അത്തരത്തിലൊരു ചോദ്യം ഉന്നയിക്കപ്പെടുന്നത്. പുഷ്പയുടെ സഹോദരൻ ക്യാമറയുമായി തന്റെ മുന്നിലിരിക്കുന്ന അവളെ ആട്ടിയോടിക്കുകയാണ്. അമ്മയാകട്ടെ ഒരുത്തരം കൊടുക്കാൻ പോലും തുനിയുന്നില്ല. പുഷ്പയുടെ അച്ഛൻ ശീലമെന്നോണം ന്യായമായ ഒരു മറുപടിക്കു പകരം തന്റെ അധികാരം വ്യക്തമാക്കുന്നു. വൈകാരികമായ ഒരു അനുഭവത്തിൽ തുടങ്ങി ചുറ്റുമുള്ള സ്ത്രീകളുടെ ജീവിതങ്ങളിലേക്ക് യാത്ര ചെയ്യുകയാണ് പുഷ്പയുടെ ക്യാമറ.

അഭ്യസ്തവിദ്യരായ ഒരുകൂട്ടം സ്ത്രീകളാണ് ഡോക്യൂമെന്ററിയിലുടനീളം. സമൂഹമേൽപ്പിക്കുന്ന പലവിധ വിലക്കുകളിൽ ശ്വാസം മുട്ടുന്ന മിഥിലേഷിന് തനിക്ക് ചുറ്റുമുള്ള ഈ ചങ്ങലകളെക്കുറിച്ചു ഉറച്ച ബോധ്യമുണ്ട്. വീടും പരിസരവുമായി മാത്രം ഒതുങ്ങുന്ന തന്റെ ജീവിതത്തെ അവൾ കയ്യിൽ ക്യാമറയുമായി ഇരിക്കുന്ന പുഷ്പയുടേതിനോട് താരതമ്യപ്പെടുത്തുന്നുണ്ട്. മൂന്ന് വർഷമെടുത്തു പൂർത്തിയാക്കിയ ഈ ഡോക്യൂമെന്ററിയുടെ അവസാനം വിവാഹം കഴിച്ച് ഉത്തമ ഭാര്യയും മരുമകളുമായി ജീവിക്കുന്നതിനിടയിൽ മറ്റുള്ളവരുടെ ഇഷ്ടാനിഷ്ടങ്ങൾ പരിഗണിച്ച് സ്വന്തം നിലനിൽപ്പ് മറന്നുപോയി എന്ന് പറയുന്ന മിഥിലേഷിനെ കാണാം. സ്ത്രീകൾക്ക് വിവാഹം എന്നത് മാത്രമാണ് സാമൂഹ്യവും ശാരീരികവുമായ ചലനത്തിനുള്ള ഏക വഴി. ഇതൊരു കെട്ടുകഥയോ സങ്കല്പമോ അല്ല മറിച്ച് ജീവിക്കുന്നതായ യാഥാർഥ്യമാണ്. അഞ്ചു മിനിറ്റോളം നീണ്ട ഗീതയുടെ ചിത്രീകരണം മുഴുവനിലും അവൾ പലവിധ ജോലികളിൽ വ്യാപൃതയായിരുന്നു. വേതനമില്ലാത്ത ഗാർഹിക തൊഴിൽ എന്നും സ്ത്രീകളുടേതു മാത്രമായിരു



ന്നല്ലോ. ഇടങ്ങൾ എങ്ങനെ ലിംഗഭേദത്തിനു വിധേയമാകുന്നു എന്നതിൽ തന്നെ അടിച്ചമർത്തലിന്റെ ചരിത്രവും രാഷ്ട്രീയവുമാണുള്ളത്. പൊതുവിടത്തിൽ ഒറ്റയ്ക്കിറങ്ങാൻ അറിയില്ലാത്ത പൂജ ഈ രാഷ്ട്രീയത്തിന്റെ ഇരയാണ്. സുനിലുമായി വിവാഹം ഉറപ്പിച്ചിരിക്കുന്ന വിനിതയുമായുള്ള സംവിധായികയുടെ സംഭാഷണം പിതൃമേധാവിത്വ വ്യവസ്ഥിതിയുടെ അടിത്തറകളിലൊന്നായ അറേഞ്ച്ഡ് മാരേജ് സംവിധാനത്തെ തുറന്നുകാട്ടുന്നു. വിവാഹം ചെയ്യാൻ ആലോചിക്കുന്ന പുരുഷനുമായി സംവദിക്കാൻ ഒരാഴ്ച സമയം ചോദിച്ച വിനിതയ്ക്ക് അത് ലഭിക്കുന്നില്ല. മുതിർന്നവരുടെ സന്തോഷത്തിന് തന്റെ തീരുമാനത്തെ വിട്ടുകൊടുക്കുന്നു എന്ന് അവൾ പറയുന്നുണ്ട്. മറ്റുള്ളവരുടെ സന്തോഷങ്ങളുടെ വലിയ ഭാണ്ഡം സ്ത്രീകളുടെ ചുമലിലേറ്റുന്നതും അടിച്ചമർത്തലിന്റെ വലിയൊരു ചട്ടക്കൂടാണ്. സ്വപ്നം കാണാൻ ധൈര്യപ്പെടുന്നയാളാണ് ലത. അറിയപ്പെടുന്ന പാട്ടുകാരിയാവണമെന്നുള്ള അവളുടെ മോഹത്തിന് പക്ഷെ വിവാഹം എന്ന സമൂഹം നൽകുന്ന യോഗ്യതാപത്രം കൂടെ വേണം. ഒരു സ്ത്രീ ആവുക എന്നാൽ ജീവിതം ദിനചര്യ പോലെ ചെയ്തു തീർക്കുക എന്നതാണ്. ഒരു വ്യക്തിയെ സ്ത്രീ ആക്കുന്നത് ലിംഗമല്ല മറിച്ച് പെർഫോമൻസ് ആണല്ലോ. ഈ ലിംഗനിർവഹണത്തിനു പുറത്തുള്ളത് ചെയ്യണമെങ്കിൽ സമൂഹത്തിന്റെ പ്രത്യേകാനുമതി കൂടിയേ തീരൂ.

ആൺമേൽക്കോയ്മയുടെ ഇത്തരത്തിലുള്ള ആശയങ്ങൾ ആന്തരികവൽക്കരിച്ച ഒരു കൂട്ടം സ്ത്രീകളിൽ പെടുന്നതാണ് ലതയും. അതുകൊണ്ട് തന്നെ പരിമിതികൾക്കു മുകളിലുള്ള തന്റെ ആഗ്രഹം സഫലീകരിക്കാൻ ഭർത്താവ് എന്ന അംഗീകൃത വ്യക്തിയുടെ സഹായം കൂടിയേ തീരൂ. സിനിമയെടുത്ത മൂന്നു വർഷങ്ങൾക്കിടയിൽ വിവാഹം കഴിക്കാത്തതായി കാണുന്നത് സംവിധായിക മാത്രമാണ്. മറ്റെല്ലാവരും മുൻപേ തന്നെ നിർണയിച്ചുവച്ചിരിക്കുന്ന അവരുടെ ജീവിതങ്ങളിലേക്ക് ഊളിയിട്ടിറങ്ങിയിരുന്നു. ഡോക്യുമെന്ററിയുടെ അവസാനം വിദ്യാഭ്യാസവും തിരഞ്ഞെടുപ്പുകളെക്കുറിച്ചുള്ള ബോധ്യവുമുള്ള ഒരു പറ്റം സ്ത്രീകൾക്ക് ഘടനാപരമായി അതിനുള്ള അവകാശം നിഷേധിക്കപ്പെടുന്നത് കാണാനാകും. ഈ അടിച്ചമർത്തലിനോടുള്ള ഒരു സമൂഹത്തിന്റെ തന്ത്രപരമായ അവഗണനയെയാണ് പുഷ്പ റാവത് 'നിർണയ്' യിലൂടെ പിടിച്ചുലയ്ക്കുന്നത്.

സംവിധായികയുടെ ജീവിതത്തിലേക്കൊരു കണ്ണാടി ആകുന്നതോടൊപ്പം സ്ത്രീസാഹോദര്യത്തിന്റെ കഥ കൂടിയാണ് 'നിർണയ്' പങ്കിടുന്നത്. തന്റെ ജീവിതം തിരശ്ശീലയിൽ കാണിക്കാൻ മുതിരുന്നതിലൂടെ റാവത് ആ സമൂഹത്തിലെ മുഴുവൻ സ്ത്രീകൾക്കുമാണ് അവരറിയാതെ തന്നെ ശബ്ദം നൽകുന്നത്. ക്യാമറ എന്ന ഉപകരണത്തിന്റെ ഏറ്റവും വിപ്ലവാത്മകമായ സാധ്യതയാണ് ഒരു സ്ത്രീ തന്റെ ഞെരുക്കുന്ന ചുറ്റുപാടിനെ, സമൂഹത്തിനെ എതിർക്കുവാനായി അതുപയോഗിച്ചപ്പോൾ വിളിച്ചുപറയപ്പെട്ടത്. മെയിൽ ഗെയ്സിന്റെ വസ്തുവൽക്കരണങ്ങൾ സാധിക്കുന്ന അദൃശ്യശക്തിയായല്ല മറിച്ച് പ്രത്യക്ഷമായ ഒരു പ്രതിരോധമാർഗമായാണ് സ്ത്രീയുടെ കൈകളിൽ ക്യാമറ പരിണമിക്കുന്നത്.


■



**അപർണ്ണ ഈശ്വരൻ**
പോസ്റ്റ് ഡോക്ടറൽ ഫെലോ,
ഡൽഹി ജവഹർലാൽ
നെഹ്റു സർവകലാശാല

(അപർണ ഈശ്വരന്റെ
പ്രവർത്തനം ജൻഡറും
ദേശീയതയുമാണ്)

# വെറും തെളിവുകൾ അല്ല അടയാളങ്ങളും




വസ്തുനിഷ്ഠതയും വസ്തുതാപരതയും സൂചിപ്പിക്കുന്നതും യഥാർത്ഥ സംഭവങ്ങളെ ചിത്രീകരിക്കുന്നതുമായ ചലച്ചിത്രകലാരൂപമായാണ് ഡോക്യുമെന്ററി കരുതപ്പെടുന്നത്. അത് ക്യാമറയുടെ റിയലിസവുമായി ബന്ധപ്പെട്ടിരിക്കുന്നു ക്യാമറയുടെ സത്യസന്ധമായ വശം കലാരൂപമായി മാറിയത് പോലെ! ഡോക്യുമെന്ററിയെ ആധികാരികമായ യാഥാർത്ഥ്യവും, 'ലോകത്തിലേക്കുള്ള ജാലകമാ'യും കാണുന്നത് അതിനെ ഒരു 'തെളിവായി' കണക്കാക്കുന്നതിൽപരിഗണിക്കുന്നതിൽ വളരെയധികം സഹായിക്കുന്നു. മൂന്ന് പതിറ്റാണ്ട് ഏറിയ യുദ്ധത്തിനൊടുവിൽ, പറഞ്ഞറിയിക്കാൻ പറ്റാത്ത വയലൻസിന്റെ ഇപ്പുറത്ത് നിൽക്കുന്ന, അധികാരത്താൽ ഉടമ്പടി ചെയ്യപ്പെട്ട നിശബ്ദതയുടെ അന്തരീക്ഷത്തിലുള്ള വർത്തമാനകാല ശ്രീലങ്കയിലെ, പ്രതിഷേധത്തിന്റെ തെളിവുകൾ കാണിക്കാൻ കഴിയുന്ന ചുരുക്കം ചില ബദൽ മാർഗങ്ങളിലൊന്നായി ഡോക്യുമെന്ററി മാറിയിരിയ്ക്കുന്നു. ചാനൽ ഫോർ ഡോക്യുമെന്ററി 'Sri Lanka's Killing Fields' (ശ്രീലങ്കയുടെ മരണപ്പാടങ്ങൾ) ഇതിനൊരു ഉദാഹരണമാണ്.

യുദ്ധം കഴിഞ്ഞ് രണ്ട് വർഷത്തിന് ശേഷം, 2011 ലാണ് ഡോക്യുമെന്ററി പുറത്തിറങ്ങിയത്. മഹിന്ദ്ര രാജപക്ഷെയുടെ സർക്കാർ ആധിപത്യം നിലനിൽക്കെ, ശരിയായ അനുരഞ്ജന മാർഗ്ഗങ്ങൾ സ്വീകരിക്കാതെ വികസനം എന്ന പ്രഭാഷണവിദ്യ ദുരുപയോഗം ചെയ്ത് war crimes ന്റെ ഉത്തരവാദിത്തത്തിൽ നിന്ന് വിട്ടുനിൽക്കുന്നതിനെതിരെ അന്താരാഷ്ട്ര തലത്തിൽ വിമർശനം ഉയരുന്നതിൽ ചാനൽ നാല് ഡോക്യുമെന്ററി നിർണായക പങ്കു വഹിച്ചു. വിവിധ ദേശീയ നയതന്ത്ര ഉദ്യോഗസ്ഥർക്കായി യു എന്നിൽ പ്രദർശിപ്പിച്ച ഡോക്യുമെന്ററി യു എൻ വിദഗ്ദ്ധരുടെ പാനലിന്റെ അന്തിമ റിപ്പോർട്ടിൽ തീർച്ചയായും സ്വാധീനം ചെലുത്തിയിട്ടുണ്ട്. അന്വേഷണാത്മക ഡോക്യുമെന്ററിയുടെ വിഭാഗത്തിൽ പെടുന്ന 'Srilanka's Killing Fields',


സൈനികർ ഉപയോഗിക്കുന്ന മൊബൈൽ ഫോണിൽ നിന്ന് ലഭിച്ച ഫൂട്ടേജുകളുടെ ഉപയോഗത്തിൽ ശ്രദ്ധിക്കപ്പെട്ടു. ലൈംഗിക അതിക്രമങ്ങളുടെയും പീഡനത്തിന്റെയും സിംഹള സൈനികർ പിടിച്ചെടുത്ത 'ട്രോഫി വീഡിയോകൾ', 'തമിഴ് കടുവകളുടെ വീര ചൂഷണങ്ങൾ' എന്നിവ മുന്നോട്ടു കൊണ്ടുവരാനായി LTTE ക്യാമറമാൻ ചിത്രീകരിച്ചതായിരുന്നു ഈ ഫൂട്ടേജുകൾ. എന്നാൽ തമിഴ് ജനതയുടെ ദുരവസ്ഥ തുറന്നു കാണിക്കാൻ ഇവ സഹായിച്ചു. ഡോക്യുമെന്ററിയിൽ ഉൾപ്പെടുത്തിയ LTTE പ്രസ്സ് ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ പ്രശസ്ത ടീവി അവതാരിക ഇസിപ്രിയയുടെ മേൽ നടന്ന ലൈംഗികാതിക്രമത്തിന്റെയും എക്സിക്യൂഷന്റെയും വീഡിയോ ലോകമനസ്സാക്ഷിയുടെ വേരുകളെ പിടിച്ചു ഉലച്ചു. War Crimes ന്റെ ഉത്തരവാദിത്തം ഏറ്റെടുക്കാൻ ശ്രീലങ്കൻ സർക്കാരിനുമേൽ അന്താരാഷ്ട്ര സമ്മർദ്ദം ഉയർന്നുവന്നു. ആ ഡോക്യുമെന്ററി സിനിമ ശ്രീലങ്കയുടെ വാർ ക്രൈമിനെ കുറിച്ചുള്ള ഒരു അനുപേക്ഷണീയമായ തെളിവായി മാറി. ഡോക്യുമെന്ററിയെ പറ്റിയുള്ള ഈ ലേഖനത്തിൽ ശ്രീലങ്ക കേന്ദ്രികൃതമായി നിർമിക്കപ്പെട്ട രണ്ടു ഡോക്യുമെൻററികൾ ഞാൻ പരിശോധിക്കാൻ ആഗ്രഹിക്കുന്നു ലീന മണിമേഖലയുടെ 'വൈറ്റ് വാൻ സ്റ്റോറീസ്'(White Van Stories); സുമതി ശിവമോഹന്റെ 'ഇംഗിരുന്തു: ഇവിടെയും ഇപ്പോഴും' (Ingiruntu-Here and Now). സ്ത്രീകൾ സംവിധാനം നിർവഹിച്ച കൃതികൾ എന്നതിൽ ഉപരി, ശ്രീലങ്കയുടെ യുദ്ധാനന്തര യാഥാർഥ്യങ്ങളിൽ ഇപ്പോഴും വേട്ടയാടുന്ന രണ്ട് പ്രശ്നങ്ങളെ ഉന്നയിക്കുന്നതിലാണ് ഇവയുടെ പ്രസക്തി. ഡോക്യുമെന്ററിയെ തെളിവായി കണക്കാക്കുന്ന പൊതുവായ ധാരണയെ രസകരവും വ്യത്യസ്തവുമായ രണ്ട് വിധത്തിൽ അവർ നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നു.

### തിരോധാനം പ്രത്യക്ഷമാവുന്ന വൈറ്റ് വാൻ സാക്ഷ്യങ്ങൾ

2009 ലെ യുദ്ധം അവസാനിച്ചതിനുശേഷം, ശ്രീലങ്കയിൽ കാണാതായ ആയിരക്കണക്കിന് മനുഷ്യരുടെ കുടുംബങ്ങൾ മഹീന്ദ്ര രാജപക്ഷ സർക്കാരിനോട് ഉത്തരവാദിത്തം ആവശ്യപ്പെട്ട് മുന്നോട്ട് വന്നു. ശ്രീലങ്കൻ സർക്കാർ ആരോപണം നിഷേധിക്കുകയോ അതിനെ നിസ്സംഗതയോടെ കൈകാര്യം ചെയ്യാനോ ആണ് ശ്രമിച്ചത്. ഉദാഹരണത്തിന്, 2009 ൽ കാണാതായവരുടെ പ്രശ്നത്തെ അഭിമുഖീകരിച്ചപ്പോൾ രാജപക്ഷ പറഞ്ഞിരുന്നു: 'വീട്ടുകാരുടെ അറിവില്ലാതെ മധുവിധുവിനായി പോയ ചിലരെയാണ് കാണാതായതായി കണക്കാക്കിയിരിക്കയുന്നത്. കുട്ടികൾ അപ്രത്യക്ഷരാണെന്ന് മാതാപിതാക്കൾ പരാതി നൽകിയിട്ടുണ്ട്, എന്നാൽ വാസ്തവത്തിൽ, അവർ വിദേശത്തേക്ക് പോയിട്ടുണ്ടെന്ന് ഞങ്ങൾ കണ്ടെത്തി. ഈ തിരോധാന പട്ടികകളെല്ലാം വെറും കള്ള കണക്കുകളാണ്. 'കാണാതായവരുടെ വിവരങ്ങൾ ആവശ്യപ്പെട്ട് 200 ഓളം പേർ, അവരുടെ അമ്മമാരും ഭാര്യമാരും, 2011 ൽ ജാഫ്നയിൽ തെരുവിലിറങ്ങി. യുദ്ധാനന്തര പശ്ചാത്തലത്തിൽ നിരന്തരമായ സമ്മർദ്ദം ചെലുത്തിയപ്പോൾ, അദ്ദേഹത്തിൻറെ സർക്കാറിനു തിരോധാന ആരോപണങ്ങൾ' മനസില്ലാമനസോടെ അംഗീകരിക്കേണ്ടി വന്നു. 'നീതി, സത്യം, നഷ്ടപരിഹാരം' എന്നിവ ആവശ്യപ്പെട്ട് ജാഫ്നയിലും കൊളംബോയിലും കാണാതായവരുടെ കുടുംബങ്ങളുടെ ചരിത്രപരമായ പ്രതിഷേധം ലീന മണിമേഖല 'വൈറ്റ് വാൻ സ്റ്റോറീസ്'ൽ ചിത്രീകരിച്ചു. അവരുടെ പ്രിയപ്പെട്ടവർ മടങ്ങിവരുന്നതുവരെ 'സമാധാനമില്ല' എന്ന് പ്രഖ്യാപിച്ചു. കിഴക്ക്, തെക്ക്, വടക്ക് പ്രവിശ്യകളിൽ തിരോധാന കഥകൾ പങ്കുവെച്ച ഏഴ് സ്ത്രീകളെ അവർ പിന്തുടർന്നു. ഭരണകൂടത്തെയും അതിന്റെ നയങ്ങളെയും വിമർശിക്കുന്ന മാധ്യമ പ്രവർത്തകരും കാണാതായവരിൽ ഉൾപ്പെട്ടതിനാൽ മാധ്യമങ്ങൾ വലിയ തോതിൽ വിലക്ക് ഏർപ്പെടുത്തിയ സമയത്താണ് ഡോക്യുമെന്ററി ചിത്രീകരിച്ചത്. തമിഴ് പ്രദേശങ്ങളിലെ സൈനിക അധിനിവേശവും ലങ്കയിലെ പ്രസ് സെൻസർഷിപ്പും കണക്കിലെടുത്ത് ഈ സിനിമ പ്രധാനമായും രഹസ്യമായിയാണ് ചിത്രീകരിച്ചത്. നിർബന്ധിത തിരോധാനത്തിന്റെ ഭീകരതയുടെ പ്രതീകാത്മകവും യഥാർത്ഥവുമായ തെളിവാണ് വൈറ്റ് വാൻ. അർദ്ധരാത്രിയിലും പകൽ വെളിച്ചത്തും മനുഷ്യരെ വെളുത്ത വാനിൽ യുദ്ധമുറയുടെ ഭാഗമായി തട്ടിക്കൊണ്ടുപോയി. ഇതിൽ തമിഴരും സിംഹളരും മുസ്ലിങ്ങളെയും സ്ത്രീകളും ആണുങ്ങളും കുട്ടികളും എന്ന വേണ്ട പല വിഭാഗത്തിൽ പെട്ടവരുണ്ട്. എന്നിരുന്നാലും ഡോക്യുമെന്ററി തങ്ങളുടെ പ്രിയപ്പെട്ടവരെ കാത്തിരിക്കുന്നവരുടെ ജീവിതാനുഭവങ്ങളും നിരന്തരമായ പോരാട്ടത്തിന്റെ ഭാഗമായി പലരും സ്വീകരിച്ച ധൈര്യത്തേയും ഇത് പ്രകാശിപ്പിക്കുന്നു. തിരോധാനം പ്രത്യക്ഷമാവുന്ന വൈറ്റ് വാൻസാക്ഷ്യങ്ങളിൽ തെളിവുകൾ പല വിധമാണ്. അപ്രത്യക്ഷനായ സിംഹള കാർട്ടൂണിസ്റ്റ് പ്രഗീത് ഏക്നലിഗോഡയ്ക്ക് വേണ്ടി തെരുവിൽ കൗമാരക്കാർ വരച്ച ഗ്രാഫിറ്റി മുതൽ ഭർത്താവിന്റെ ശബ്ദത്തിൽ ഭാര്യ സൂക്ഷിക്കുന്ന കാസറ്റുകൾ വരെ.

ഈ ലേഖനം എഴുതപ്പെടുമ്പോഴും കാണാതായവരുടെ കുടുംബങ്ങൾ ആയിരം ദിവസത്തിലേറെയായി പ്രതിഷേധത്തിലാണ് എന്നത് 2013 യിൽ നിർമിക്കപ്പെട്ട ഈ ഡോക്യുമെന്ററിയെ ഇന്നും പ്രസക്തമാക്കുന്നു. 2015 ൽ യുഎൻ മനുഷ്യാവകാശ സമിതിയിൽ സമർപ്പിച്ച പ്രതിബദ്ധതകൾ ഉൾപ്പെടെയുള്ള നീതി ആവശ്യങ്ങളെ എതിർത്ത ഗോതബയ രാജപക്ഷെ അധി

കാരത്തിൽ വന്നത് സ്ഥിതി കൂടുതൽ വഷളാ ക്കിയിട്ടുണ്ട്. സർക്കാർ നിരീക്ഷണത്തിന്റെ വർദ്ധ നവിലും 'മദർസ് ഓഫ് ദി ഡിസാപ്പിയർഡ് ' എന്ന സംഘം പൊതു പ്രതിഷേധം നടത്താൻ കഴിയാ ത്തത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതിയ അഡ്മിനി സ്ട്രേഷൻ ഈ അമ്മമാരോട് അവരുടെ മീറ്റിംഗു കളുടെ ഭാഗമായത് ആരാണെന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുമ്പോൾ, കാണാതെയാ യവരുടെ വിവരങ്ങൾ അറിയുവാനുള്ള അവകാശ ത്തെക്കുറിച്ച് ഈ സ്ത്രീകൾ നമ്മളെ ഓർമ്മിപ്പി ക്കുന്നു. ദുർബലതയുടെയും പ്രതിരോധത്തി ന്റെയും മനുഷ്യാവകാശ ലംഘനത്തിന്റെയും തെളിവായി ലീന മണിമേഖലയുടെ ഡോക്യു മെന്ററിയുടെ പ്രാധാന്യം നിലനിൽക്കുന്നു.




**'ഇംഗിരുന്ത്' സംഭാഷണത്തിന്റെ ഒരു സിനിമ**

ദേശീയതയെക്കുറിച്ചുള്ള (സിംഹളയും തമിഴും) വിവേകമാർന്നതും വികാരഭരിതവുമായ വിമർശനങ്ങൾ ഉന്നയിച്ചതിനു പേരു കേട്ടയാളാണ് ശ്രീലങ്കയിൽ നിന്നുള്ള പ്രശസ്ത കവയത്രിയും അക്കാദമിഷ്യനുമായ സുമതി ശിവമോഹൻ. 'ബ്രോക്കൺ പാൽമിറ' രചിച്ചതിന്റെ പേരിൽ LTTE യാൽ വധിക്കപ്പെട്ട രജനി തിരനഗാമ, എന്ന ആക്ടിവിസ്റ്റിന്റെ സഹോദരി കൂടിയായ സുമതി ശിവമോഹൻ അസാധാരയായ ഒരു സ്ത്രീയാണ്. നമ്മുടെ നിലപാടുകൾക്കും വഴികൾക്കും അസ്വ സ്ഥതയുണ്ടാക്കുന്ന ഒരു ജീവിത രാഷ്ട്രീയത്തെ മനസിലാക്കാനും കാഴ്ചപ്പാടിലേക്ക് സ്വയം തുറക്കാനുമുള്ള പ്രേരണയിൽ നിന്നാണ് 'ഇംഗി രുന്ത്' സൃഷ്ടിക്കപ്പെട്ടത്. നമ്മൾ അല്ലാത്തവരെയും നമ്മളിൽ ഇല്ലാത്തവരെയും മനസിലാക്കാനുള്ള ബോധപൂർവമായ ശ്രമമാണിത്. എന്നിരുന്നാലും, തന്റെ ശബ്ദത്തിൽ അവരുടെ ജീവിതാനുഭവങ്ങൾ കേൾക്കുന്നതിനുപകരം അവരുടെ ശബ്ദങ്ങൾ കേൾക്കാൻ ശ്രമിക്കുകയാണ് വേണ്ടതെന്നും ശിവമോഹൻ മനസ്സിലാക്കുന്നു. അതുകൊണ്ടാണ് അവർ 'ഇംഗിരുന്തി'നെ ഒരു 'സംഭാഷണ സിനിമ' എന്ന് വിശേഷിപ്പിക്കുന്നത്. വടക്കും കിഴക്കും കേന്ദ്രീകരിച്ചുള്ള പ്രബലമായ വംശീയ യുദ്ധ ത്താൽ മാറ്റിനിർത്തപ്പെട്ട മലയഹ തമിഴർ ഒരു സമുദായമാണ് ഇംഗിരുത്തിന്റെ വിഷയം.

ശ്രീലങ്കയിലെ മലയഹ തമിഴ് സമൂഹ ത്തിന്റെ ചരിത്രം ദക്ഷിണേഷ്യയിലെ കൊളോണി യൽ ചൂഷണങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ, ബ്രിട്ടീഷുകാർ മധ്യ ശ്രീലങ്കയിലെ Kandyan രാജ്യത്തിലെ വനങ്ങളിലെ നിക്ഷേപ സാധ്യതകൾ മനസിലാക്കി തുടങ്ങി. 1840ൽ ക്രൗൺ ലാൻഡ്സ് കയ്യേറ്റ ഓർഡിനൻസ് പാസായതോടെ ബ്രിട്ടീഷു കാർ മലയോര രാജ്യങ്ങളിൽ തങ്ങളുടെ സംരംഭ ത്തിന് വഴിയൊരുക്കി. ആദ്യത്തെ തോട്ടക്കാർ ദക്ഷിണേന്ത്യയിൽ നിന്ന് തമിഴ് തൊഴിലാളി കളെ ഇറക്കുമതി ചെയ്തു. കരീബിയൻ, ഫിജി, മൗറീഷ്യസ്, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിലെ പഞ്ചസാരത്തോട്ടങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഇൻഡന്റഡ് (indentured) തൊഴിലാളികളായി

**ഒരു അദൃശ്യ സമൂഹത്തിന്റെ പ്രതിരോധത്തിന്റെ വിവരണ രീതിയായി തെളിവുകളേക്കാൾ, ഈ ഡോക്യുമെന്ററി മാറുന്നു. തോട്ടം തമിഴർകൂലിക്ക് വേണ്ടി ഈ lock down കാലഘട്ടത്തിൽ പോലും പോരാടുമ്പോൾ, പഴയ കാല ലേബർ യൂണിയൻ നേതാവ് മീനാക്ഷി അമ്മ കവിത ചൊല്ലുന്നതിന്റെ പുനരാവിഷ്ക്കരണം (reenactment) സുമതിയുടെ ഏറ്റവും പ്രധാനപ്പെട്ട ടൂളായി വരുന്നു. അവ തെളിവുകൾക്കപ്പുറം, അടയാളങ്ങൾ കൂടി ആവുന്നു**

ഇന്ത്യക്കാർ വന്നുചേർന്നത് ശ്രീലങ്കയിലെയും മലേഷ്യയിലെയും കോഫി, തേയില, റബ്ബർ തോട്ടങ്ങളിൽ ജോലി ചെയ്യുന്നതിനുള്ള ഇന്ത്യക്കാരുടെ കുടിയേറ്റം കങ്കാനികൾ (സൂപ്പർവൈസർമാർ) എന്ന ഉപകോൺട്രാക്ടർമാരുടെ സംവിധാനത്തിലൂടെ കൈമാറി.

തിരുനെൽവേലി, തഞ്ചാവൂർ, മധുര ഗ്രാമങ്ങളിൽ നിന്നുള്ള താഴ്ന്ന ജാതിക്കാരായ തമിഴർ അസാധ്യമായ യാത്ര അതിജീവിച്ചാണ് ദ്വീപിലെത്തി മധ്യ പ്രവിശ്യയിലെ മലയോരത്ത് കാപ്പിത്തോട്ടങ്ങൾ സൃഷ്ടിച്ചത്. അത് പിന്നെ തേയില തോട്ടങ്ങൾ ആയി മാറുന്നു. സിലോണിന്റെ സമ്പദ്‌വ്യവസ്ഥയിൽ മികച്ച സംഭാവന നൽകിയിട്ടും, അവരെ പുതുതായി രൂപീകരിച്ച ശ്രീലങ്കയിൽ പൗരരായി കണക്കാക്കിയില്ല. പൗരത്വത്തിനും മാന്യമായ അധ്വാനത്തിനായുള്ള അവരുടെ പോരാട്ടങ്ങളെ ഇതിഹാസകാവ്യ രൂപത്തിൽ സുമതി ശിവമോഹൻ വിവരിക്കുന്നു.

മലയഹ തൊഴിലാളിവർഗ സമൂഹത്തിന്റെ ഉയർന്ന തലത്തിലുള്ള രാഷ്ട്രീയ അവബോധം, പ്രത്യേകിച്ച് സ്ത്രീകളുമായുള്ള സംഭാഷണങ്ങൾ, തന്നെ ബാധിച്ചതായി സുമതി ശിവമോഹൻ ഓർമ്മിക്കുന്നു. അവർ ഇപ്രകാരം അതിനെ അടയാളപ്പെടുത്തുന്നു ‘ചരിത്രം, ഡോക്യുമെന്ററി, റൊമാൻസ്, മെലോഡ്രാമ എന്നിവ സമന്വയിപ്പിക്കുന്ന ഒരു ഭാഷ ഞാൻ ആ സമൂഹത്തിനകത്തും എൻറെ ഉള്ളിലും തിരഞ്ഞു. സംഭാഷണങ്ങൾ തിരഞ്ഞെടുത്ത് ഞാൻ ആ സമൂഹവുമായി എന്നെ സമന്വയിപ്പിക്കാൻ ശ്രമിച്ചു’. മലയഹ സമൂഹവുമായി ചേർന്ന് പ്രവർത്തിച്ചാണ് അവർ ഇത് നിർമ്മിക്കുന്നത്. അഭിനയത്തിന്റെയും ഉൽപാദന സാങ്കേതികതയുടെയും പ്രധാന സവിശേഷതകളിൽ കമ്മ്യൂണിറ്റിയിലെ നിരവധി അംഗങ്ങളെ പരിശീലിപ്പിച്ചു പാർശ്വവത്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ ചരിത്രം സ്ത്രീകളുടെ മൂന്ന് രൂപങ്ങളിലൂടെ അവർ വിവരിക്കുന്നു.

പ്രത്യേകിച്ച് സംസാരിക്കാൻ കഴിയാത്ത ഉപേക്ഷിക്കപ്പെട്ട അനാഥയായ എസ്തർ വള്ളി ഇതിലെ ഒരു പ്രധാന കഥാപാത്രമാണ്. ഒരു കയറ്റുമതി സമ്പദ്‌വ്യവസ്ഥയുടെ അടിമയായ് കരുതപ്പെടുന്ന ഒരു സമൂഹത്തിന് ചുറ്റുമുള്ള ‘നിശബ്ദത’യുടെ ഒരു രൂപകമാണ് അവൾ. ശ്രീലങ്കയിലെ അറിയപ്പെടുന്ന സാമൂഹിക നിരീക്ഷകയായ പ്രൊഫസർ നെലോഫർ ഡി മെൽ എഴുതുന്നു ‘കഠിനമായ തൊഴിൽ, ദാരിദ്ര്യം, രാഷ്ട്രീയ വിശ്വാസവഞ്ചനയുടെ പാരമ്പര്യം എന്നിവയിൽ എസ്തർ വള്ളി തന്റെ സമുദായത്തെ രൂപഭേദം വരുത്തുന്നു. ടോണി മോറിസന്റെ Beloved Cനെ പോലെ അവൾ ഞങ്ങളെ വേട്ടയാടുന്നു, ഒപ്പം സിനിമയിൽ മനസാക്ഷിയുടെ ശബ്ദമായി നിൽക്കുകയും ചെയ്യുന്നു’.

മലയഹ തമിഴരെക്കുറിച്ച് സംസാരിക്കാനുള്ള ശ്രമത്തിൽ, സുമതി ശിവമോഹൻ ബോധപൂർവ്വം സിനിമയുടെ രൂപത്തെക്കുറിച്ച് ചിന്തിക്കുകയായിരുന്നു. ഡോക്യുമെന്ററി ഇഫക്റ്റിനായി അവർ ശ്രമിച്ചു. ഡോക്യുമെന്ററിയുടെ യഥാർത്ഥ സംഭവങ്ങളെ ചിത്രീകരിക്കുന്നതായ ആശയത്തെക്കുറിച്ച് ചോദ്യം ചെയ്യൽ കൂടിയാണ് ഇംഗിരുന്ത്. ഫ്രീ കാമറ ആണ് അവർ ഇതിൽ ഉപയോഗിക്കുന്ന ടെക്നിക്. അത് കാര്യങ്ങൾ ‘അവ’ ആയി പിടിച്ചെടുക്കും, പക്ഷെ യഥാർത്ഥത്തിൽ ഓരോ സീനും നമ്മൾ സങ്കൽപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധാപൂർവ്വം ആസൂത്രണം ചെയ്തതായിരിക്കാം. ഒരു കാലത്ത് ഡോക്യുമെന്ററിയിൽ പ്രചാരത്തിലുണ്ടായിരുന്ന പുനരാവിഷ്ക്കരണം (Reenactment) എന്ന ടെക്നിക് അവർ ഉപയോഗിക്കുന്നു. ഒരു അദൃശ്യ സമൂഹത്തിന്റെ പ്രതിരോധത്തിന്റെ വിവരണ രീതിയായി തെളിവുകളേക്കാൾ, ഈ ഡോക്യുമെന്ററി മാറുന്നു. തോട്ടം തമിഴർ കൂലിക്ക് വേണ്ടി ഈ lock down കാലഘട്ടത്തിൽ പോലും പോരാടുമ്പോൾ, പഴയകാല ലേബർ യൂണിയൻ നേതാവ് മീനാക്ഷി അമ്മ കവിത ചൊല്ലുന്നതിന്റെ പുനരാവിഷ്ക്കരണം (reenactment) സുമതിയുടെ ഏറ്റവും പ്രധാനപ്പെട്ട ടൂളായി വരുന്നു. അവ തെളിവുകൾക്കപ്പുറം, അടയാളങ്ങൾ കൂടി ആവുന്നു

*‘പായ്മരകപ്പലേറി വന്തായ്/ ഇതിനിടയിൽ പലപേർ ഉയിരേ തന്തോം‘*

*‘നിങ്ങൾക്കായി ഞങ്ങൾ കാടുകൾ തെളിച്ചു/ നന്ദികെട്ടവരാകരുത് നിങ്ങൾ’*

■



# വാസ്തവം



ഡോ. ജാൻസി ജോസ്

# സ്വാതന്ത്ര്യം നിർണ്ണയിക്കുന്നതാര്?

**കേ**രളത്തിൽ കുറച്ചു ശതമാനം ആളുകളെങ്കിലും സ്ത്രീയുടെ വ്യക്തിത്വവും ലൈംഗികതയും ചർച്ച ചെയ്യുകയും അംഗീകരിച്ചു കൊടുക്കുകയും ചെയ്യുന്നുണ്ട് എന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നുണ്ട്. ബാക്കി ഭൂരിപക്ഷം ആളുകളും തങ്ങൾക്കിഷ്ടം പോലെ കൈകാര്യം ചെയ്യാവുന്ന വസ്തുക്കളാണ് സ്ത്രികൾ എന്ന് ഉറച്ചു വിശ്വസിക്കുന്നവരാണ്. സ്ത്രീനഗ്നത ഒളിഞ്ഞുകാണാൻ ആഗ്രഹിക്കുന്നവർ പോലും ആവശ്യാനുസരണം വസ്ത്രം ധരിച്ചു നടക്കുന്ന സ്ത്രീകളെ അപമാനിക്കുന്നതിന് അളവില്ല താനും. നമ്മുടെ സമൂഹത്തിന്റെ പൊതുബോധം പെണ്ണിന് സെക്സില്ലാതെ ജീവിക്കാൻ പറ്റില്ല എന്നു തന്നെയാണ്. അതുകൊണ്ടു തന്നെയാണല്ലോ ഏതെങ്കിലും വാർത്തകളിൽ പെണ്ണിന്റെ സാന്നിദ്ധ്യമുണ്ടാകുമ്പോൾ എല്ലാം ഒഴിവാക്കി അവളെ ഒരു ലൈംഗിക വിതരണ കമ്പനിയായി കാണുന്നത്.

ഞാനിത് പറയാൻ കാരണം ലൈംഗികാക്രാന്തം പെണ്ണുങ്ങളിൽ കൂടുതലാണ് എന്നു വിശ്വസിക്കുന്ന ഭൂരിഭാഗത്തെ ചൂണ്ടിക്കാണിക്കാനല്ല. പെണ്ണിന് ആണിന്റെ തുണയുണ്ടെങ്കിൽ എല്ലാം തികഞ്ഞു എന്നു വിശ്വസിക്കുന്നവരെപ്പോലെ തന്നെ പെണ്ണിന്റെ സ്വാതന്ത്ര്യം എന്നത് സെക്സിലുള്ള സ്വാതന്ത്ര്യം തന്നെയാണ് എന്നു വിശ്വസിക്കുന്ന വിഭാഗത്തെ തുറന്നു കാണിക്കാനാണ്.സെക്സ് അടിച്ചമർത്തുക വഴി സ്ത്രികൾ വലിയ പ്രശ്നക്കാരാകുന്നു എന്ന് ഏറെപ്പേരും വിശ്വസിക്കുന്നുണ്ട്. സ്ത്രീകൾക്ക് ഏറ്റവും അവശ്യം വേണ്ടത് ലൈംഗിക സ്വതന്ത്ര്യമാണ് എന്നു വിശ്വസിക്കുന്നത് പെണ്ണുങ്ങളേക്കാൾ കൂടുതൽ ആണുങ്ങളാണ് എന്നതാണ് ഇവിടുത്തെ തമാശ. സ്ത്രീ ആഗ്രഹിക്കുന്നത് തന്റെ ഇഷ്ടം പോലെ സ്വാതന്ത്ര്യം അനുഭവിക്കാനാണ്. മറ്റുള്ളവരുടെ ചട്ടക്കൂടിൽ നിന്ന് അവർ പറയുന്ന സ്വാതന്ത്യം അനുഭവിക്കാനല്ല.

ഈ പുരോഗമന ചിന്ത കൊണ്ട് പെൺ സ്വാതന്ത്ര്യത്തിന്റെ വക്താക്കളാകുന്നവരുടെ ലാഭം എന്താണെന്നു നോക്കിയാൽ തങ്ങൾക്ക് ആവശ്യാനുസരണം സെക്സ് ലഭിക്കും എന്നതാണ് എന്നു കാണാം. ഒരു ബുദ്ധിമുട്ടുമില്ലാതെ സെക്സ് കിട്ടുന്ന ഇക്കൂട്ടർ, പെണ്ണുങ്ങൾ സെക്സിനു വേണ്ടി മറ്റിടങ്ങൾ തേടുമ്പോൾ സ്വഭാവം മാറുന്നു. സദാചാരത്തിന്റെ വക്താക്കളാവാൻ ഇവർക്കു മടിയൊന്നുമില്ല. കുടുംബപ്രശ്നം കാരണം പുറത്തു പോകേണ്ടി വന്ന ഒരു പെണ്ണിൻറെ കഥ കേട്ടാൽ നിങ്ങളും ഞെട്ടിപ്പോവും!. പുറത്താക്കപ്പെട്ട അവൾക്ക് താമസിക്കാനൊരിടമോ, ഭക്ഷണമോ ഒന്നുമില്ലാതെ അങ്ങോട്ടുമിങ്ങോട്ടും ഓടി നടക്കുമ്പോൾ നമ്മളൊക്കെ അവൾക്കു വേണ്ടി എന്തു ചെയ്യാനാണ് ആഗ്രഹിക്കുക? ഇവിടെ, അവളെ അറിയാവുന്ന കുറേപ്പേർ കൂടിയിരുന്ന് ആലോചനായോഗം നടത്തി തീരുമാനമാകാതെ വിഷമിച്ച് വിയർക്കുന്നു. എന്ത് ഉത്തരവാദിത്തുള്ള ആളുകൾ! അവർ ചർച്ച ചെയ്തത് 'ആ പെണ്ണിന്റെ' ലൈംഗികദാരിദ്ര്യത്തെക്കുറിച്ചായിരുന്നു. സ്ത്രീ സ്വാതന്ത്ര്യത്തിനു വേണ്ടി നടക്കുന്ന ഇത്തിരി കുഞ്ഞന്മാരുടെ ഈ സപ്പോർട്ട് നമുക്ക് ആവശ്യമുണ്ടോ? ഓരോരുത്തർക്കും അവനവന്റെ സ്വാതന്ത്ര്യത്തെ നേടിയെടുക്കാൻ കഴിഞ്ഞാൽ പോരേ? മതീല്ലേ? അതു മതി. ■



**ആശ ശങ്കർ**
ഗവേഷക വിദ്യാർഥി,
വുമൺസ് സ്റ്റഡീസ് വിഭാഗം,
കാലിക്കറ്റ് സർവ്വകലാശാല

# അവൾ ഒരു രാജ്യം നിർമിക്കുകയാണെങ്കിൽ....

**കോ**വിഡ് കാലം നമ്മുടെ വർത്തമാന ജീവിതത്തിൽ സൃഷ്ടിക്കുന്ന ആഘാതങ്ങളെപ്പറ്റി നമുക്കറിയാം. ദൈന്യംദിന ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ ബഹുഭൂരിപക്ഷം നടത്തുന്ന അതിജീവന പ്രയത്നങ്ങൾ നമ്മൾ കാണുന്നുണ്ട്. എന്നാൽ കോവിഡിന്റെ ചുവടുപിടിച്ച്, ഭരണഘടന വാഗ്ദാനം ചെയ്യുന്ന അവകാശങ്ങളെ തളച്ചിട്ടും, ജനകീയ സമരങ്ങളെയും ശബ്ദങ്ങളെയും അടിച്ചമർത്താൻ ശ്രമിച്ചും, അപ്പം ചുടുന്നതുപ്പോലെ പാസാക്കിയെടുക്കുന്ന നിയമങ്ങൾ നമ്മുടെ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക മേഖലകളിൽ ചെലുത്താൻ പോകുന്ന ആഘാതത്തിന്റെ ശരിയായ അനുമാനം നിലവിൽ അസാധ്യമാണെന്നത് വളരെ ഗുരുതരമേറിയ പ്രശ്നമാണ്.


വളരെയെടുത്ത് വന്ന ദേശീയ വിദ്യാഭ്യാസനയം, തൊഴിൽ നിയമങ്ങളിലെ ലഘൂകരണം, ഇ.ഐ.എ കരട്, കാർഷിക മേഖലയെ ബാധിക്കുന്ന മൂന്ന് നിയമങ്ങൾ മുതലായവ മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളായ വിദ്യാഭാസം, ഉപജീവനം, ഭക്ഷ്യസുരക്ഷ തുടങ്ങി, ആവാസവ്യവസ്ഥയെയും കാലാവസ്ഥയെയും വരെ വിപരീതമായി ബാധിക്കുന്നതാണ്. സാധാരണക്കാരന്റെ ജീവിതത്തെയും സ്വപ്നങ്ങളേയും സ്വശ്രയവത്കരിച്ചുക്കൊണ്ടുള്ള ആത്മനിർഭർ ഭാരതത്തിന്റെ നിർമാണത്തിൽ അസ്വസ്ഥയായിരിക്കെയാണ് മറുപ്പക്കം ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി മാഹീൻ മിർസയുടെ If She Built a Coutnry (അവൾ ഒരു രാജ്യം നിർമിക്കുകയാണെങ്കിൽ) ഡോക്യുമെന്ററി കാണാൻ ഇടയായത്. ലോക്ഡൗൺ കാലത്തു തുടങ്ങിയ ഓൺലൈൻ ഫിലിംസ്ക്രീനിങ്ങിന്റെ ഭാഗമായി എല്ലാ ആഴ്ചയും ഒരു ഡോക്യുമെന്ററിയുടെ ലിങ്ക് ഓൺലൈനിൽ ലഭ്യമാക്കുകയും അതിനെ കുറിച്ചുള്ള ചർച്ച എല്ലാ ഞായറാഴ്ചയും നടത്തി വരുന്നു ഫെസ്റ്റിവിൽ സംഘാടകനും ഡോക്യുമെൻററി ഫിലിം മേക്കറുമായ മദുരൈക്കാരനായ അമുദൻ ആർ പി ആദിവാസി സ്ത്രീകളുടെ 'REPRODUCTIVE HEALTH' മായി ബന്ധപ്പെട്ടു ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുകയെന്നതിനോടൊപ്പം ആദിവാസി മേഖലയിൽ കുറച്ചു മാസങ്ങളുടെ പ്രവർത്തനപരിചയമുണ്ടെന്നതും, അതിനെല്ലാം ഉപരി, ഒരു സ്ത്രീയെന്ന നിലയിലും ഈ ഡോക്യുമെന്ററിയുടെ പേര് എന്നെ സ്വാധീനിച്ചു. മേൽപ്പറഞ്ഞപ്പോലെ പ്രതീക്ഷയോടെയാണ് ഡോക്യുമെന്ററി കാണാൻ തുടങ്ങിയതും, തുടർന്നുണ്ടായ സൂം ചർച്ചയിൽ പങ്കെടുത്തതും. ഡോക്യുമെന്ററിയെ തുടർന്ന് ഉണ്ടായ ചർച്ചയും ആ പ്രതീക്ഷ നിലനിർത്തുന്നതായിരുന്നു.

ഛത്തീസ്ഗഡിലെ റായ്ഗർഗ് എന്ന പ്രദേശത്തെ ആദിവാസി സ്ത്രീകളുടെ ചെറുത്തുനിൽപ്പിന്റെയും പോരാട്ടങ്ങളുടെയും കഥയാണ് മഹീൻ മിർസതന്റെ ഡോക്യുമെന്ററിയിലൂടെ മുന്നോട്ടു വയ്ക്കുന്നത്. വൻകിട മുതലാളിത്ത കമ്പനികൾ ഖനനത്തിനായി ആദിവാസികളുടെ ഭൂമി തട്ടിയെടുക്കുകയും പരിസ്ഥിതിയുമായുള്ള അവരുടെ ബന്ധത്തിനു ആഘാതമുണ്ടാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ദൈന്യംദിന ജീവിതത്തിനും ഉപജീവനത്തിനും പ്രകൃതിയെ ആശ്രയിച്ചു കഴിഞ്ഞ അവരുടെ അവകാശങ്ങൾ ഭേദിക്കപ്പെടുകയും അവരുടെ ജീവിതങ്ങൾ അരികുവത്കരിക്കപ്പെടുകയുമുണ്ടായി. തന്റെ തട്ടിയെടുക്കപ്പെട്ട ഭൂമിക്കായി ജാനകി എന്ന ആദിവാസി സ്ത്രീയുടെ പതിനൊന്നു വർഷത്തെ പോരാട്ടങ്ങളുടെ ചരിത്രം പങ്കുവയ്ക്കുന്നതിനോടൊപ്പം കാടിനേയും ഭൂമിയേയും തിരിച്ചുപിടിക്കാനായുള്ള ആദിവാസി സ്ത്രീകളുടെ പരിശ്രമങ്ങളെയും ഭാവിയെക്കുറിച്ചുള്ള ആശങ്കകളെയും ഡോക്യുമെന്ററി മുന്നോട്ടുവയ്ക്കുന്നു. അവരുടെ ജീവിതാവസ്ഥകളെ വസ്തുനിഷ്ഠമായ കൈയടക്കത്തോടെ അവതരിപ്പിക്കാൻ സംവിധായികയ്ക്ക് സാധിച്ചിട്ടുണ്ട്.

ഏതൊരു രാഷ്ട്രീയ പ്രവർത്തനങ്ങളുടെയും പ്രധാനഘടകമാണ് പങ്കാളിത്തം. ഇവിടെ ഡോക്യുമെന്ററിയുടെ നിർമാണത്തെ ഒരു രാഷ്ട്രീയ പ്രവർത്തനമായി കാണുമ്പോൾ തുടക്കം മുതൽ തന്നെ, ഉള്ളടക്കം, സ്ക്രിപ്റ്റ്, ക്യാമറ, ചിത്രീകരണം മുതലായ പല

ഘട്ടങ്ങളിലും കമ്മ്യൂണിറ്റിയിൽ നിന്നുമുള്ളവരുടെ പങ്കാളിത്തം ഉണ്ടായിരുന്നു എന്നുള്ളത് വളരെ പ്രചോദനം നൽകുന്നുണ്ട്. ഡോക്യുമെന്ററി ചെയ്യുന്ന ആളും അതിനു വിധേയമാക്കുന്നവരും തമ്മിലുള്ള അധികാര ബന്ധങ്ങൾക്ക് പുതിയ മാനങ്ങൾ നൽകാൻ ഇതു സഹായിക്കുമെന്ന് വിശ്വസിക്കുന്നു. ഒരു ഫെമിനിസ്റ്റ് ഗവേഷകയെന്ന നിലയിൽ ഇത്തരം ഇടപെടലുകൾ പ്രോത്സാഹിപ്പിക്കപ്പെടണമെന്നും ഞാൻ കരുതുന്നു.

അതുപോലെതന്നെ എന്നെ ആകർഷിച്ച മറ്റൊരു ഘടകം അതിലെ ശരീരങ്ങളുടെയും ശബ്ദങ്ങളുടെയും ഇടങ്ങളുടെയും ചിത്രീകരണമാണ്. പലപ്പോഴായി ക്യാമറ കാട്ടിലൂടെയും, ഖനികളിലൂടെയും, റോഡിലൂടെയും നടക്കുകയും ഇരിക്കുകയും പണിയെടുക്കുകയും ചെയ്യുന്നവരിലൂടെയും സഞ്ചരിക്കുന്നു. അവരോടൊപ്പം സംവിധായികയും. 'അവൾ ഒരു രാജ്യം നിർമിക്കുകയാണെങ്കിൽ' എന്നതിനെ കൂടുതൽ സാധൂകരിക്കാൻ ഈ പ്രക്രിയ സഹായിച്ചതായി തോന്നുന്നു.




ഡോക്യുമെന്ററി പ്രധാനമായും മുന്നോട്ടു വയ്ക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ പലതുണ്ട്. വളരെ പ്രധാനമായി വികസനം എന്താണെന്നുള്ളതാണ്? ആരാണ് വികസനം എന്നതിനെ നിർവചിക്കുന്നത്? അല്ലെങ്കിൽ ആരിലാണ് ആ അധികാരം നിക്ഷിപ്തമായിരിക്കുന്നത്? എന്നതും എന്തിന്റെ അടിസ്ഥാനത്തിൽ നിർവചിക്കപ്പെടുന്നു? എന്നുള്ളതും പ്രാധാന്യമർഹിക്കുന്നു. മനുഷ്യനും പ്രകൃതിയും ജീവജാലങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ അതിരുകൾ നിർമ്മിക്കപ്പെടുന്നതിൽ ഇതിനു വളരെ പങ്കുണ്ട്. മറ്റൊന്ന് വിഭവങ്ങളുടെ നിയന്ത്രണവും ഉപയോഗവുമാണ്. മേൽപ്പറഞ്ഞ രണ്ടു സന്ദർഭങ്ങളിലും ഭരണകൂടത്തിന്റെ പങ്ക് എത്രത്തോളമുണ്ട് എന്നത് നിർണ്ണായകമാകുന്നു. PESA നിയമം പോലൊന്ന് നിലവിൽ നിലനിൽക്കുമ്പോളും ആദിവാസി ഭൂമിയുടെയും വിഭവങ്ങളുടെയും മേൽ ഗ്രാമസഭകളുടെ അധികാരം വേണ്ടവിധം ഉപയോഗിക്കപ്പെടാതെ ഏകാതിപത്യ മുതലാളിത്ത ഭരണ വ്യവസ്ഥിതിയ്ക്ക് മുന്നിൽ അവ അന്യാധീനപ്പെട്ടുപോകുന്നത് നമ്മുക്ക് എങ്ങനെ ചെറുക്കാനാകും. അതിജീവനത്തിനും നിലനിൽപ്പിനും വേണ്ടിയുള്ള ഇത്തരം കൂട്ടായ്മകളെ, സമരങ്ങളെ, മുന്നേറ്റങ്ങളെ മേൽപ്പറഞ്ഞതിനോടുള്ള പ്രതികരണമായി എങ്ങനെ എന്തുകൊണ്ട് കൂട്ടിവായിക്കണം എന്നതും അതിന്റെ അനിവാര്യതയും പ്രാധാന്യമർഹിക്കുന്നതായി തോന്നുന്നു. അങ്ങനെ ആലോചിക്കുമ്പോൾ പുതിയ ഏകാതിപത്യ മുതലാളിത്ത ഭരണകൂടങ്ങളുടെ വിഭാവനകളിൽ നിന്ന് വളരെ വ്യത്യസ്ഥമായിരിക്കും 'അവൾ ഒരു രാജ്യം നിർമിക്കുകയാണെങ്കിൽ' സംഭവിക്കുന്നത്.

ഒരുപക്ഷേ...... സാമ്പത്തിക വളർച്ചയെ മുന്നിൽ കാണുമ്പോഴും, ഖനികളേക്കാൾ പ്രാധാന്യം വായുവിനും വെള്ളത്തിനും മണ്ണിനും ആവാസവ്യവസ്ഥയ്ക്കും നൽകികൊണ്ടുള്ള വികസനത്തിനു സാധിച്ചാൽ വരും തലമുറയുടെ മുഖം എങ്ങനെയിരിക്കുമല്ലേ.......

ഒരുപക്ഷേ...... 'അവൾ ഒരു രാജ്യം നിർമിക്കുകയാണെങ്കിൽ'....

ഏകാതിപത്യ ഭരണകൂടങ്ങൾക്കും മുതലാളിത്ത കമ്പനികൾക്കും മുന്നിൽ അടിയറവ് വയ്ക്കപ്പെടാത്ത ഒരു തലമുറയും പ്രകൃതിയും ഒന്നിച്ചു വളർന്നേനെ അല്ലെ? എന്ന പ്രതീക്ഷയോടെ നിർത്തുന്നു.

■


മാഹീൻ മിർസ



**മൈഥിലി എം.എസ്.**
ഗവേഷണ വിദ്യാർഥി,
കൾച്ചറൽ സ്റ്റഡീസ് വിഭാഗം,
ഹൈദരാബാദ് ഇംഗ്ലീഷ് & ഫോറിൻ
ലാംഗ്വേജസ് യൂണിവേഴ്സിറ്റി

# വീട്ടിലേക്കു തിരിച്ചുവെച്ച ക്യാമറ

## സ്വാതന്ത്ര്യത്തിനേയും തിരഞ്ഞെടുപ്പിനേയും പറ്റിയുള്ള സംഭാഷണങ്ങൾ

*"Hoping that there could still be a story to tell... Maybe at home".*

തന്റെ ജീവിതത്തിലെ സ്ത്രീകളിലൂടെ ഫാത്തിമ നിസാറുദ്ധീൻ[1] നടത്തുന്ന സ്വയമന്വേഷണമാണ് മൈ മതേർസ് ഡോട്ടർ എന്ന സിനിമ. 2012 ൽ പുറത്തിറങ്ങിയ ഈ ഡോക്യുമെന്ററി, മുസ്‌ലിം സ്ത്രീ ചരിത്രത്തിന്റെ നാനാത്വത്തെപ്പറ്റിയും, അതുമായി കെട്ടുപിണഞ്ഞു കിടക്കുന്ന പലതരം സംവാദങ്ങളെപ്പറ്റിയും ഇതുവരെ കണ്ടുശീലിച്ചിട്ടില്ലാത്തൊരു ആഖ്യാന ശൈലിയിലൂടെ പറയാനുള്ള ശ്രമമാണ്. സംവിധായികയായ ഫാത്തിമ ക്യാമറയെ ഒരു മധ്യസ്ഥനാക്കി നിർത്തിക്കൊണ്ട് പല തലമുറകളിൽപ്പെട്ട സ്ത്രീകളോടും അതിലൂടെ തന്നോട് തന്നെയും നടത്തുന്ന ആഴത്തിലുള്ള സംഭാഷണങ്ങളാണ് ഈ സിനിമയുടെ പ്രമേയം.

ഇരുപത് മിനിറ്റ് ദൈർഘ്യമുള്ള ഈ ഡോക്യുമെന്ററി തുടങ്ങുന്നത് ട്രെയിൻ യാത്രയ്ക്കൊരുങ്ങി നിൽക്കുന്ന ഒരു മുസ്ലിം പെൺകുട്ടിയിലൂടെയാണ്. അതിന്റെ പശ്ചാത്തലത്തിൽ കേൾക്കുന്നത് ഫാത്തിമയും ജദീദ(ഉമ്മ)യുമായുള്ള സംഭാഷണമാണ്. 'ഉമ്മച്ചി കോളേജിലേക്ക് പോയപ്പഴേ, അതെങ്ങനെയാണ് ഉമ്മയെ മാറ്റിയത്? ഞാൻ ഡൽഹിയിലേക്ക് പോയപ്പോൾ ഒരു വ്യക്തിയെന്ന നിലയ്ക്ക് അതെന്നെ വളരെയധികം മാറ്റി' 'വീട്ടിൽനിന്നു സിറ്റിയിലേക്ക് വന്നപ്പോൾ സത്യത്തിൽ ഉണ്ടായ ഫസ്റ്റ് ചേഞ്ച്... ഐ വാസ് സബ് ഡ്യൂട്' ഈ സിനിമ പറയാനുദ്ദേശിക്കുന്ന, സ്വാതന്ത്ര്യവും സ്നേഹബന്ധങ്ങളും തെരഞ്ഞെടുപ്പുകളും തമ്മിലുള്ള സങ്കീർണമായൊരു ബന്ധത്തെപറ്റിയുള്ള ആമുഖമാണ് ഈ വാക്കുകൾ. ഇവിടെ സംവിധായിക ശ്രമിക്കുന്നത് തലമുറകൾ തമ്മിലുള്ള വിമർശനാത്മകമായ ഒരു അവലോകനമല്ല. മറിച്ച് എങ്ങനെയാണ് മുസ്ലിം സ്ത്രീകൾ സ്ഥിരം വാർപ്പുമാതൃകകളിലൊന്നും പെടാതെ സ്വത്വബോധത്തോടും സ്വാതന്ത്രത്തോടും വളരെ രസകരമായി ഇടപെട്ടിരുന്നത് എന്നതിനാണ് ഇവിടെ പ്രാധാന്യം.

ഡൽഹിയിലേക്ക് ഉപരിപഠനത്തിനായി പോകുന്ന ഫാത്തിമ, വീടിന്റെ ചട്ടക്കൂടിൽ നിന്നുമാറി സ്വതന്ത്രയായി ജീവിക്കാനും അതോടൊപ്പം തനിക്ക് നേരെയുള്ള സമൂഹത്തിന്റെ മുൻവിധികളെ വളരെ രൂക്ഷമായി നേരിടാനും തുടങ്ങുന്നു. ന്യൂസ് റൂമിൽ അവർ നേരിടുന്ന പഴികേൾക്കൽ ഇതിന്റെ പ്രത്യക്ഷമായ അനുഭവമാണ്. പിന്നീടുള്ള ഈ സിനിമ, സംവിധായിക കഥകളന്വേഷിച്ച് തന്റെ തന്നെ വീട്ടിലേക്കു നടത്തുന്ന യാത്രയാണ്. ഫാത്തിമ ഇവിടെ ക്യാമറയെ കാണുന്നത്, വിശ്വാസത്തെയും ജീവിതത്തിൽ അനുവർത്തിച്ചു പോകുന്ന ധാരണകളെയും പറ്റിയുള്ള വ്യക്തതക്കുവേണ്ടി ഉപയോഗിക്കുന്ന ഒരു ആയുധമോ, ഉപകരണമോ ഒക്കെയായാണ്. അതിനാൽ തന്നെ ഈ സിനിമ, തിരക്കഥയുടെ ഇടപെടലില്ലാതെ സ്വയം വളരുന്ന ഒന്നാണെന്നു കാണാം. ബ്രഹത്തിന്റെ ഡയലെക്റ്റിക്കൽ തീയേറ്ററുമായി സാമ്യമുള്ള കഥപറച്ചിലാണ് മൈ മദേർസ് ഡോട്ടറിലുള്ളത്. സംവിധായിക ഒരു കഥാപാത്രമായിത്തന്നെ കഥാഗതിയുടെ പോക്കിനെ നിയന്ത്രിക്കുകയും, പ്രേക്ഷകരോടും മറ്റു കഥാപാത്രങ്ങളോടും നേരിട്ട് സംവദിക്കുകയും ചെയ്യുന്നു. സാങ്കല്പികമായി യാതൊന്നും സിനിമയിലില്ലെന്ന് തുടക്കത്തിലേ കാഴ്ചക്കാരിയോട് അവതരിപ്പിക്കുന്നുണ്ട് . ചില സന്ദർഭങ്ങളിൽ കഥയുടെ പൂർണമായ നിയന്ത്രണം

സംവിധായികയുടെ പക്കലല്ലെന്നുകൂടി നമുക്ക് തോന്നാം. ഇത് കാണുന്ന (സ്ത്രീ) പ്രേക്ഷകർ ഇതിന്റെ ആശയ നിർമാണത്തിൽ മാത്രമല്ല പലപ്പോഴും അനുഭവം കൊണ്ട് രചനയിലും പങ്കാളികളാണ് എന്ന് തോന്നിപ്പിക്കുന്നു.

ഫാത്തിമയുടെ വീട്ടിലേക്കുള്ള യാത്ര കാണിക്കുന്ന അനിമേഷൻ രംഗത്ത്, പുറംകാഴ്ച യായി ഹിന്ദി സിനിമകളുടെ പോസ്റ്ററുകൾ കാണാനാകും. നമ്മുടെ ജീവിതത്തിലെ ലിംഗ പരമായ വ്യവഹാരങ്ങളിൽ പോപ്പുലർ സിനിമക ൾക്ക് ഏല്പിക്കാനാവുന്ന സ്വാധീനത്തെയാണ് ഇവിടെ ഓർമിപ്പിക്കുന്നത്[2]. മിക്കപ്പോഴും നേരിട്ട ല്ലാതെയുള്ള ഈ സ്വാധീനം ലാഘവപ്പെട്ട ഒരു വ്യവഹാരമല്ലെന്നും ഗൗരവത്തോടെ പഠിക്കേണ്ട ഒന്നാണെന്നും സംവിധായിക ഊന്നിപ്പറയുകയാണ്. മറ്റൊരു രീതിയിൽ നോക്കിയാൽ മുഖ്യധാരാ സിനിമകളിൽ നിന്ന് പ്രമേയപരമായും ഘടനാ പരമായും പുറന്തള്ളപ്പെടുന്ന വിഷയങ്ങളെ ആവിഷ്കരിക്കാൻ ഡോക്യുമെന്ററിക്കുള്ള ശേഷിയെക്കൂടി ഇത് പറഞ്ഞുവയ്ക്കു ന്നുണ്ട്. ഈ സിനിമയുടെ തിരക്കഥ പലയിടത്തേക്കും ഫണ്ടിങ്ങ് ലഭിക്കുവാനായി അയയ്ക്കു മ്പോൾ നേരിട്ട ഒഴിവാക്കലുകൾ ഫാത്തിമ സൂചിപ്പിക്കുന്നത് ഇതിന്റെ ഒരു തുടർച്ച എന്ന നിലയ്ക്കാണ്. ഇത്തരം വിഷയങ്ങൾ സിനിമയാ ക്കാൻ യോഗ്യതയില്ലാ ത്തവയാണെന്നു സമീപനം അവ കൈകാര്യം ചെയുന്ന രാഷ്ട്രീയത്തോടുകൂടിയുള്ള വിയോജിപ്പായിവേണം കരുതാൻ.



തിരുവനന്തപുരം ജില്ലയിലെ ഓടയം എന്ന സ്ഥലത്തെ മരുമക്കത്തായ വ്യവസ്ഥ നിലനിന്നിരുന്ന ഒരു മുസ്ലിം കുടുംബത്തിലാണ് ഫാത്തിമ ജനിച്ചു ജീവിച്ചത്. ഈ കുടുംബത്തിലെ വളരെ ധൈര്യ ശാലികളും, സ്വതന്ത്രമായി ജീവിച്ചിരുന്നവരുമായ സ്ത്രീകളുടെ ജീവിതങ്ങൾ മറവിയായും കഥക ളായും ഓർമകളായും, ആൽബത്തിലെ ഫോട്ടോ ഗ്രാഫുകളായും ചിതറിക്കിടക്കുന്നു. സിനിമയുടെ ചിത്രീകരണം തുടങ്ങുമ്പോൾ ഫാത്തിമയുടെ അമ്മയുടെ സഹോദരി ഇങ്ങനെ പറയുകയാണ് : ദാ... ഫാത്തിമ ഇതൊക്കെ വെച്ച് (മൈക്രോ ഫോൺ) എന്നെ കൊണ്ടുപോവേണ് 'ഈ കൊണ്ടുപോക്ക്' പലതിലേക്കുമുള്ള സൂചകമാണ്. തന്റെ ജീവിതത്തിലെ സാധാരണത്വങ്ങൾ ഈ സിനിമയോടുകൂടി മറ്റൊരു മാധ്യമത്തിലേക്ക് തർജമ ചെയ്യപ്പെടുമെന്നും, അതിലൂടെ അതിനു വിശാലമായൊരു ദൃശ്യത ഉണ്ടാകുമെന്നുമുള്ള ഉൾകാഴ്ചയാണ് ആ വാക്കിലുള്ളത്.

സംവിധായികയായും, മകളായും ഫാത്തിമ യുടെ സാന്നിധ്യം ഈ ചിത്രത്തിലുടനീളം ഉണ്ട്. ഈ വേഷങ്ങൾ തമ്മിൽ കൃത്യമായ അതിർവരമ്പു കളില്ലെന്നതാണ് ഈ സിനിമയെ രസകരമാക്കു ന്നത്. 'അച്ചടക്കമില്ലാത്ത കഥാപാത്രങ്ങൾ' (unruly characters) എന്നാണു ഫാത്തിമ തന്റെ കഥാ പാത്രങ്ങളെ വിശേഷിപ്പിക്കുന്നത് തന്നെ. തലമുറ കൾക്കു മുന്നേ ജീവിച്ചിരുന്ന ഹസ്നുമ്മാൾ ആണ് ഈ കുടുംബത്തിലെ ഏറ്റവും കാര്യപ്രാപ്തിയു ണ്ടായിരുന്ന സ്ത്രീയായി എല്ലാവരും കണക്കാ ക്കുന്നത്. ഇവരെപ്പറ്റിയുള്ള ആകെയുള്ള ശേഷിപ്പ് പിൻതലമുറക്കാരുടെ ഓർമകളും അവരിലൂടെ കൈമറിഞ്ഞു വന്ന കഥകളുമാണ്. രണ്ടു വിവാഹം കഴിക്കുകയും അതൊക്കെ വേണ്ടെന്നുവെച്ച് സാമ്പത്തിക സ്വാതന്ത്ര്യ ത്തോടുകൂടി അവസാനം വരെ ഒറ്റയ്ക്ക് ജീവിക്കുകയും ചെയ്ത ഹസ്നുമ്മാൾ ആ കുടുംബത്തിലെ സ്ത്രീകൾ ക്കാകെ നൽകിയ വൈകാ രിക ബലം ചെറുതല്ല. കല്യാണം എന്ന വ്യവസ്ഥയെ ഒട്ടും കാര്യമായെടുക്കാതെ (ഭർത്താവിനെ ജീവിത ത്തിന്റെ ഏതു ഘട്ടത്തി ലായാലും ഉപേക്ഷിക്കുന്നത് സ്വാഭാവികമായൊരു തീരുമാനമായിത്തന്നെ കുടുംബക്കാരും സമൂഹവും കണ്ടിരുന്നു) വളരെ അഭിമാനത്തോടുകൂടി ജീവിച്ചിരുന്ന ഇവരിൽ നിന്ന് ഫാത്തിമ നിലനില്പിന്റെ ഊർജം കണ്ടെത്തുകയാണ്. പുരോഗമിക്ക പ്പെട്ടുവെന്നു കരുതുന്ന ഒരു തലമുറയിൽ ജീവി ക്കുകയും, അടിസ്ഥാനപരമായ അവകാശങ്ങൾ ക്കായി ചിലയിടങ്ങളിൽ പഴയ തലമുറയിൽപ്പെട്ട സ്ത്രീകൾ നടത്തിയതിനെക്കാളേറെ പ്രയാസപ്പെട്ട സമരങ്ങൾ നടത്തേണ്ടി വരുന്നുവെന്ന പൊരുത്ത ക്കേടിന്റെ അമ്പരപ്പുകൂടി ഇതിലുണ്ട്.. ചരിത്ര ത്തിലെ ഇത്തരം സ്ത്രീസാന്നിധ്യങ്ങളെ റദ്ദ് ചെയ്തുകൊണ്ടാണ് ആണിടങ്ങളിൽ അടങ്ങി ജീവിച്ച് പുരുഷന്മാരാൽ പൂർണമാകുന്ന പെൺ ശരീരങ്ങൾ സമാന്യവത്കരിക്കപ്പെട്ടതെന്നു സംവിധായിക ചൂണ്ടികാണിക്കുന്നു.

**ചോയ്സിനെ പറ്റി ഒരു അൺകട്ട് സംഭാഷണം**

വിവാഹത്തേയും വിശ്വാസത്തേയുംപറ്റി സംവിധായികയും വീട്ടുകാരും, പ്രധാനമായും

ഉമ്മയുമായി നടത്തുന്ന സംവാദം ഈ സിനിമ യുടെ സത്തയെ മുഴുവൻ ഉൾക്കൊള്ളുന്നൊരു ഭാഗമാണ്. വിവാഹപ്രായമെന്ന കടുത്ത സമ്മർദ്ദ ത്തിലൂടെ കടന്നുപോകുന്ന മകളുടെ, വിവാഹം വേണ്ടെന്നുള്ള തീരുമാനത്തെ തന്റേതായ യുക്തി യിൽ എതിർക്കുകയാണ് ഉമ്മ. ജദീദക്ക് വിവാഹം ഒന്നിനുമൊരു തടസ്സമായിരുന്നില്ല. വിവാഹശേഷം ഗവേഷണം ചെയ്യുകയും, അധ്യാപികയായി തൊഴിലെടുക്കുകയും ഭർത്താവിന്റെ പ്രോത്സാഹനം കൊണ്ടുമാത്രം സംഘടനാതലത്തിൽ പ്രവർത്തി ക്കുകയുമൊക്കെ ചെയ്തു. ആ അനുഭവപശ്ചാ ത്തലം ഒരടിച്ചേല്പിക്കലാവാതെ തന്നെ മകളു മായി പങ്കുവെക്കുകയാണവർ. മറുവശത്ത് വിവാ ഹമെന്ന സ്ഥാപനം സ്ത്രീകൾക്കുമേൽ ചെലു ത്തുന്ന അധികാരബന്ധങ്ങളെപ്പറ്റി തീർത്തും അറിവുള്ളയാളാണ് മകൾ. അതിന്റെ ചട്ടക്കൂടി നപ്പുറത്തേക്ക് ജീവിതത്തെ ഉയർത്താൻ അവളെ ടുക്കുന്ന നിലപാടുകളാണ് സിനിമയുൾപ്പെടുന്ന അനേകം ആവിഷ്കാരങ്ങൾ. 'ഉമ്മാ, എതിർപ്പെന്ന വാക്ക് ഉച്ചരിക്കാൻ എന്നെ പഠിപ്പിച്ചത് ഉമ്മയാണ്. ഒട്ടും ഖേദമില്ലാതെ വ്യത്യസ്തയായിരിക്കാൻ എന്നെ സഹായിച്ചത് ഉമ്മയാണ്. ഇപ്പോൾ, ഒരു മാന്ത്രികവടിക്കും ഉമ്മയുടെ മകളെ വിധേയയാ യൊരു വധുവാക്കിമാറ്റാൻ ആവുന്നില്ലെങ്കിൽ, ആരെയാണ് നിങ്ങൾ കുറ്റപ്പെടുത്തുക' വിവാഹ ത്തെപ്പറ്റിയുള്ള ഇവരുടെ രണ്ടാളുടെയും കാഴ്ച പ്പാടുകൾ ഒരു കൊടുക്കൽ വാങ്ങലാണ്: അത് പലയിടങ്ങളിലും സന്ധിക്കുകയും മാറിയൊഴു കുകയും ചെയ്യുന്നുണ്ട്. നമ്മുടെ സമൂഹത്തിലെ പൊതു വിചാരം എന്തെന്നാൽ മുസ്‌ലിം സ്ത്രീ നേരിടുന്ന എല്ലാ പരിമിതികളുടേയും ആധാരം അവളുടെ മത പശ്ചാത്തലം ആണെന്നാണ്. എന്നാൽ മലയാളി സമൂഹം അടിച്ചേൽപ്പിച്ചിട്ടുള്ള കുടുംബ മൂല്യങ്ങളെന്ന സാമൂഹ്യ യാഥാസ്ഥി തികത്വം ഏല്പിക്കുന്ന പിന്നോട്ടടി വളരെ വലുതാണ്. വീട്ടുകാർ ഉറപ്പിക്കുന്ന ഹെട്രോ സെക്ഷുവൽ കല്യാണ ബന്ധങ്ങൾ ഇതിൽ പ്രധാനമാണ്. മലയാളി സ്ത്രീയുടെ പ്രശ്നങ്ങൾ, മലയാളി മുസ്‌ലിം സ്ത്രീയുടെ പ്രശ്നങ്ങൾ എന്നിവ ഈ സിനിമയിൽ പലയിടത്തും കൂടി ച്ചേർന്നു കിടക്കുന്നു.

വിശ്വാസിയായിരിക്കുക എന്നത് ഏക മായൊരു തീർപ്പല്ല. മുസ്‌ലിം സ്ത്രീകളുടെ മത പരമായതും, വേഷത്തെ സംബന്ധിച്ചുള്ളതുമായ തിരഞ്ഞെടുപ്പുകൾ ഇന്ത്യയിൽ വളരെയേറെ പ്രശ്നവത്കരിക്കപ്പെട്ട ഒരു വ്യവഹാരമാണ്. എന്താണ് പുരോഗമനപരമായ വേഷം? വേഷം എങ്ങനെയാണ് പുരോഗമനത്തിന്റെ അളവു കോലാകുന്നത്? ഇവ തമ്മിലുള്ള ബന്ധത്തെ നിശ്ചയിക്കുന്നത് ആരാണ്? തുടങ്ങിയ ചോദ്യ ങ്ങളിലേക്ക് ഈ ഡോക്യുമെന്ററി വ്യാപിക്കുന്നുണ്ട്. മുസ്‌ലിം സ്ത്രീകളുടെ സ്വത്വരാഷ്ട്രീയം ഒരൊറ്റ വാർപ്പുമാതൃകയിൽ സങ്കല്പിക്കാനാവുന്നത ല്ലെന്നും, വൈവിധ്യപൂർണമായ സംവാദ സാധ്യത അതിനുണ്ടെന്നും കാണാം. ജദീദ വളരെ ചെറു പ്പത്തിലേ തന്നെ, ഒരു തരത്തിലുള്ള സമ്മർദ്ദ വുമില്ലാതെ തട്ടമിട്ട് ശീലിച്ചൊരാളാണ്. ആ വേഷം ഉപേക്ഷിപ്പിക്കാൻ ശ്രമിച്ചിരുന്നെങ്കിലും അവർ അതിനു വഴങ്ങിയില്ലെന്ന് ജദീദയുടെ സഹോദരൻ പറയുന്നുണ്ട്. ഈ വേഷം ഏറെ ആത്മവിശ്വാസം നൽകുന്നെന്നു അവർ വിശ്വസിക്കുന്നു. ഫാത്തിമ ചോദിക്കുന്നുണ്ട്, ഇത്രയേറെ കാലം ഒന്നിൽത്തന്നെ



ഉറച്ചു വിശ്വസിക്കുന്നത് എങ്ങനെയാണെന്ന്. അതിനു ജദീദയുടെ മറുപടി, ഇതാരും എന്നെ നിർബന്ധിച്ചു ചെയ്യിക്കുന്നതല്ലാത്തതിനാലാണ് ഈ മൂല്യങ്ങളിൽ ഇപ്പോഴും വിശ്വസിക്കാനാവു ന്നത് എന്നാണ്. അത് പ്രധാനപ്പെട്ടൊരു വീക്ഷ ണമാണ്. തുറസുകൾ കണ്ടെത്താനുള്ള സ്ത്രീ കളുടെ ശ്രമങ്ങൾക്ക് പലമാനങ്ങളും, സങ്കല്പന കളുമാണുള്ളതെന്നു ജദീദയുടെ കാഴ്ചപ്പാടുക ളിൽ നിന്ന് മനസിലാക്കാം. ക്യാമറയുമായി ചെല്ലുന്ന ഫാത്തിമയോട് ഉമ്മ പറയുന്നത് 'നമുക്ക് ഇൻഡോർ വേണ്ട ഔട്ട് ഡോർ മതി' എന്നാണ്. സ്ത്രീകൾ തുറസുകൾ അന്വേഷിച്ചു കൊണ്ടി രിക്കുന്നതിനെ അതിന്റെ എല്ലാ ഭംഗിയിലും ലാളിത്യത്തിലും ഈ ഫ്രെയിമുകൾ നമുക്ക് കാണിച്ചു തരുന്നു. ഈ സിനിമയിൽ ഉപയോഗി ച്ചിരിക്കുന്ന വാതിലുകളുടെ മോട്ടിഫ് ഇതോടൊപ്പം ചേർത്തുവായിക്കാം. സ്ത്രീകളുടെ ജീവിതത്തിലെ പോരാട്ടങ്ങൾ എല്ലായിപ്പോഴും ഉച്ചത്തിലുള്ളവ ആവണമെന്നില്ല. പലപ്പോഴും കുടുംബത്തിന്റെ ഘടനയോട് നമ്മുടേതായ രീതിയിൽ ഇടപെട്ടു കൊണ്ടാണ് സ്ത്രീകൾ സ്വാതന്ത്ര്യത്തിന്റെ ആദ്യത്തെ വാതിലുകൾ തുറക്കുക. പ്രകടമായി ചട്ടക്കൂടുകളെ തകർക്കുന്നതുമാത്രമല്ല സ്ത്രീ സ്വാതന്ത്ര്യത്തിന്റെ മാർഗമെന്നും, അവയെ പുനഃ ക്രമീകരിക്കുക കൂടിയാണെന്നും ഈ സിനിമ

**സ്ത്രീകളുടെ കുടുംബവും സർഗ്ഗാത്മകതയും തമ്മിലുള്ള ഇടചേരൽ എളുപ്പമല്ലെന്നിരിക്കെത്തന്നെ, അതിലേക്ക് ക്യാമറ തിരിക്കുന്ന അപ്രതീക്ഷിതമായൊരു നീക്കമാണ് ഈ സിനിമ. ഒരു പ്രാദേശിക ചരിത്രരചനയുടെ സ്ത്രീപക്ഷ വായനകൂടിയാണിത്. ഒരു പക്ഷെ ഔദ്യോഗിക ആർക്കൈവുകളിൽ ലഭ്യമല്ലാത്ത ചരിത്രത്തിന്റെ ഏടുകൾ ഡോക്യുമെന്ററികളിലൂടെ സൂക്ഷിക്കപ്പെട്ടേക്കാം. എന്തെന്നാൽ സ്ത്രീകളുടെ ചരിത്രം കൃത്യമായി രേഖപ്പെടുത്തുകയോ അത് ചരിത്രത്തിന്റെ ഭാഗമാണെന്നു പലപ്പോഴും കണക്കാക്കുകയോ ചെയ്യാറില്ല.**

യിലെ സ്ത്രീകൾ വരച്ചിടുന്നു.

സിനിമകളിൽ സ്ഥിരം കാണുന്ന കേരളത്തിലെ മുസ്‌ലിം ജീവിതത്തെപറ്റിയുള്ള ലീനിയർ ആയ അല്ലെങ്കിൽ ഏകമുഖമായ പ്രതിനിധാനങ്ങളെ പ്രശ്നവത്കരിക്കുന്നതിനൊപ്പം തന്നെ, മുസ്‌ലിം സ്ത്രീകളുടെ സ്വയം നിർണയവകാശത്തെപ്പറ്റി, നിലനിൽക്കുന്ന സംവാദങ്ങളിലേക്ക് ചരിത്രപരമായും സർഗാത്മകമായും സംഭാവന ചെയ്യാനും ഈ ഡോക്യുമെന്ററിക്കാവും. ഇന്ത്യൻ സാമൂഹിക യാഥാർത്ഥ്യം പരിശോധിക്കുമ്പോൾ വലതുപക്ഷ മുതലെടുപ്പിനും ലിബറൽ സ്ത്രീവാദത്തിനുമപ്പുറത്തേക്ക് മുസ്‌ലിം സ്ത്രീകളുടെ ഏജൻസിയെപ്പറ്റി അവരുടെതന്നെ വീക്ഷണകോണിലുള്ള അഭിപ്രായങ്ങളും നിലപാടുകളും കേൾക്കുക എന്നത് മുഖ്യമാണ്. മൈ മദേർസ് ഡോട്ടറിനെപ്പറ്റി ഫാത്തിമ എഴുതിയ 'My' Camera and the Possibilities for 'Our' Stories ('എന്റെ' ക്യാമറയും 'നമ്മുടെ' കഥകൾക്കായുള്ള സാധ്യതകളും) എന്ന ലേഖനത്തിൽ, പറയുന്നതിങ്ങനെയാണ്. 'ഈ സിനിമയിൽ എന്റെ കുടുംബത്തിനുള്ള മരുമക്കത്തായ ഭൂതകാലത്തെപ്പറ്റി പറയുന്നതിലൂടെ ഞാൻ ശ്രമിക്കുന്നത്, ന്യൂനപക്ഷ അനുഭവങ്ങൾക്കുള്ള സമകാലീനതയെ (contemporanetiy) റദ്ദ് ചെയ്യുന്ന ചരിത്രാഖ്യായികകൾക്ക് മീതെ ചിന്തിക്കാൻ പ്രേക്ഷകരെ ക്ഷണിക്കൽ കൂടിയാണ്. ഏകമാനമായി, മുൻതലമുറകളിലെ മുസ്‌ലിം സ്ത്രീകളാകെ 'കറുത്ത ഭൂതകാല'ത്തിൽപ്പെട്ടവരാണെന്ന് പറയുമ്പോൾ അവിടെ തള്ളിക്കളയുന്നത് അവരുടെ ജീവിത പരിസരത്തിന്റെ വൈവിധ്യത്തെകൂടിയാണ്.'

സ്ത്രീകളുടെ കുടുംബവും സർഗ്ഗാത്മകതയും തമ്മിലുള്ള ഇടചേരൽ എളുപ്പമല്ലെന്നിരിക്കെത്തന്നെ, അതിലേക്ക് ക്യാമറ തിരിക്കുന്ന അപ്രതീക്ഷിതമായൊരു നീക്കമാണ് ഈ സിനിമ. ഒരു പ്രാദേശിക ചരിത്രരചനയുടെ സ്ത്രീപക്ഷ വായനകൂടിയാണിത്. ഒരു പക്ഷെ ഔദ്യോഗിക ആർക്കൈവുകളിൽ ലഭ്യമല്ലാത്ത ചരിത്രത്തിൻെറ ഏടുകൾ ഡോക്യുമെന്ററികളിലൂടെ സൂക്ഷിക്കപ്പെട്ടേക്കാം. എന്തെന്നാൽ സ്ത്രീകളുടെ ചരിത്രം കൃത്യമായി രേഖപ്പെടുത്തുകയോ അത് ചരിത്രത്തിന്റെ ഭാഗമാണെന്നു പലപ്പോഴും കണക്കാക്കുകയോ ചെയ്യാറില്ല. അവിടെയാണ് മരുമക്കത്തായ വ്യവസ്ഥയിലെ മുസ്‌ലിം സ്ത്രീകളുടെ ചിതറിക്കിടക്കുന്ന ഓർമ്മകളെ ഈ ഹ്രസ്വചിത്രം സമാഹരിക്കുന്നത്. വളരെ ആഘോഷപൂർവം, ഒരുതരത്തിലും ഇരയാക്കലിന്റെ സ്വരത്തിലേക്കു വീഴാതെ, തമാശയും, അതിജീവനവുമൊക്കെയായി, ഓർമ്മക്കുറിപ്പിൻെറ ഒരദ്ധ്യായം പോലെ ഈ സിനിമ പ്രേക്ഷകരിലൂടെ സഞ്ചരിക്കുന്നു.

[1]ഫാത്തിമ നിസാറുദ്ദീൻ സ്വതന്ത്ര ഡോക്യുമെന്ററി സംവിധായികയും, ഡൽഹിയിലെ ജാമിയ മിലിയ ഇസ്ലാമിയയിലെ മാസ് കമ്യൂണിക്കേഷൻ വിഭാഗം അധ്യാപികയുമാണ്. ന്യൂക്ലിയർ ഹാലൂസിനേഷൻസ് (2016), ടോക്കിങ് ഹെഡ്സ് : മുസ്ലിം വുമൺ (2010) എന്നിവ ഫാത്തിമയുടെ മറ്റു സിനിമകളാണ്. നാഷണൽ ജോഗ്രഫിയുടെ ഓൾ റോഡ്സ് സീഡ് ഗ്രാൻഡും, വെസ്റ്റ്മിനിസ്റ്റർ യൂണിവേഴ്സിറ്റിയുടെ CREAM ഡോക്ടറൽ ഫെല്ലോഷിപ്പും ലഭിച്ചിട്ടുണ്ട്. ധാരാളം അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലുകളിൽ ഫാത്തിമയുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്.

[2]ടോക്കിങ് ഹെഡ്സ് : മുസ്ലിം വുമൺ(2010), എന്ന ഫാത്തിമയുടെ ആദ്യത്തെ ചിത്രം മുസ്ലിം സ്ത്രീജീവിതത്തിന്റെ വളരെ സൂക്ഷ്മമായൊരാഖ്യാനമാണ്. പോപ്പുലർ സിനിമകളെപ്പറ്റി, പ്രത്യേകിച്ചും ഹിന്ദി സിനിമകളെപ്പറ്റി ആ ഡോക്യുമെന്ററിയിലും കൃത്യമായ പരാമർശമുണ്ട്. ആ സിനിമയിലെ ഒരു കഥാപാത്രം വളരെ ചെറുപ്പത്തിലേ വിവാഹം ചെയ്യുന്നത് തന്നെ ഹിന്ദി സിനിമയിലെ വിവാഹരംഗങ്ങൾ കണ്ട് അതിൽ ആകൃഷ്ടയായാണ്.

■



**ഷാഹിന റഫീഖ്**
സിനിമ നിരൂപക,
ഡോക്യുമെന്ററി മെയ്ക്കർ

# കെ.ജി. ജോർജ്ജിന്റെ ജീവിതവും സിനിമകളും

**മു**റിക്ക് പുറത്തേക്ക് പോവും. ഇങ്ങനെയൊക്കെ ഒരു സിനിമയുണ്ടാവുമോ, ഇതു വരെ കണ്ട കാഴ്ചകൾ.

കെ. ജി ജോർജിന്റെ ഏത് സിനിമയാണ് ആദ്യം കണ്ടതെന്ന് ഓർക്കുന്നില്ല, ഇലവങ്കോട് ദേശം ഒഴികെ ഒന്നും തിയേറ്ററിൽ പോയി കണ്ടിട്ടുമില്ല. ഓർമയിലുള്ളത് ഒരവധിക്കാലത്ത് കണ്ട ആദാമിന്റെ വാരിയെല്ലാണ്. വീഡിയോ ടേപ്പിൽ എല്ലാവരും ഒന്നിച്ചിരുന്ന് സിനിമ കാണുമ്പോൾ കടന്നു വന്ന മെൻസസ് എന്ന വാക്ക് എന്നിലെ കൗമാരക്കാരിയെ അമ്പരപ്പിച്ചു. അതു വരെ സിനിമയിൽ പോയിട്ട് വീട്ടിൽ പോലും ഇത്ര സ്വാഭാവികമായി ആ വാക്ക് ഉച്ചരിച്ചു കേട്ടിട്ടില്ലായിരുന്നു. പിന്നീട് ആ ഭാഗം എത്തുന്നതിനു മുൻപ് ഞാൻ വെള്ളം കുടിക്കാനെന്ന മട്ടിലോ മറ്റോ പോയാലേ എന്ന് അന്ന് തോന്നിയിരുന്നു. മമ്മൂട്ടിയും ഗോപിയുമൊക്കെ ഉണ്ടെങ്കിലും അവരെ തീർത്തും അപ്രസക്തമാക്കിക്കൊണ്ട് മൂന്ന് പെണ്ണുങ്ങൾ നിറഞ്ഞു നിന്ന ഒരു സിനിമ. പിന്നീട് ഓരോ സിനിമകൾ കാണും തോറും ആ അമ്പരപ്പും ആദരവും കൂടി വന്നു.

മറ്റ് സംവിധായകരിൽ നിന്ന് വ്യത്യസ്തമായി വ്യക്തിത്വമുള്ള സ്ത്രീ കഥാപാത്രങ്ങളാണ് കെ. ജി യുടെ സിനിമകളിൽ പ്രത്യക്ഷപ്പെടുന്നത്. പതിവ് ചേരുവകളോ, virgin/whore എന്ന ദ്വന്ദ്വ നിർമിതിയിൽ സ്ത്രീകളെ തളച്ചിടലോ ഇല്ല. നിത്യ ജീവിതത്തിൽ നാം കാണുന്ന നന്മയുടെയും തിന്മയുടെയും അംശങ്ങളുള്ള പച്ചയായ പെണ്ണാണവൾ. ഗ്രാമത്തിന്റെ വിശുദ്ധി എന്ന സങ്കല്പം പൊള്ളയാണെന്ന് കാണിക്കുന്നുണ്ട് കോലങ്ങളിൽ. സിനിമാ മോഹവുമായി പോയ പെണ്ണ് അവിഹിത ഗർഭവുമായി വന്നെത്തുന്നതും അവളുടെ അമ്മ (പ്രാർത്ഥിച്ചു കൊണ്ട് ) ഗർഭഛിദ്രം നടത്തുകയും ചെയ്യുന്ന രംഗമുണ്ട്. അവരെ മോശക്കാരായി സംവിധായകൻ വിധി നടപ്പിലാക്കുന്നില്ല. ആത്മഹത്യ എന്ന സ്ഥിരം ഫോർമുലയിൽ ആ പെണ്ണിന്റെ ജീവിതം അവസാനിക്കുന്നതായി കാണിക്കുന്നുമില്ല. അവൾ വിവാഹിതയായി പോവുന്നതായാണ് പകരം ചിത്രീകരിച്ചിരിക്കുന്നത്. ഗ്രാമ വിശുദ്ധിയുള്ള നായികയെ കാത്തിരിക്കുന്നത് ഇഷ്ടപെട്ട പുരുഷനോടോത്തുള്ള ജീവിതമല്ല, മറിച്ച് മദ്യപാനിയും ആഭാസനുമായ, അച്ഛനോളം പ്രായമുള്ള ഒരാളോടൊപ്പമുള്ള സഹവാസമാണ്, കുടുംബം എന്ന സ്ഥാപനത്തിന്റെ പേരിൽ. യവനികയിലും ഇത് പോലെ സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ നിസ്സഹായയായി പോവുന്ന പെണ്ണുണ്ട്. കുടുബത്തിലെ ദാരിദ്ര്യവും സംരക്ഷിക്കാൻ ആളില്ലാത്തതും മുതലെടുക്കുന്ന ആളിന്റെ ഇംഗിതത്തിനെല്ലാം വഴങ്ങി കൊടുക്കേണ്ടി വരുന്ന പെണ്ണാണവൾ. ഇതിനിടയിൽ സഹപ്രവർത്തകനോട് തോന്നുന്ന ഇഷ്ടവും അവളിലുണ്ട്. സ്വന്തം അനിയത്തിക്കും തന്റെ ഗതി പേറേണ്ടി വരുമെന്നറിയുമ്പോൾ ഒരു കൊലപാതകത്തിനു പോലും കരുത്ത് വരുന്നുണ്ട് അവൾക്ക് മലയാള സിനിമയിൽ പൊതുവെ തുറന്നു ചർച്ച ചെയ്യാൻ മടിയുള്ള വിഷയമാണ് സ്ത്രീ ലൈംഗികത. സെമി പോൺ ചിത്രങ്ങളിലൂടെ പ്രത്യക്ഷപ്പെടുന്ന വൈകൃത കാഴ്ച്ചകളല്ലാതെ സ്ത്രീയുടെ കാമനകളെ കുറിച്ച് സിനിമ പ്രതിപാദിക്കാറില്ല. ഇരകളിലെ ആനി വ്യത്യസ്തയാവുന്നതും ഇവിടെയാണ്. പണവും പ്രതാപവുമുള്ള കുടുംബത്തിൽ പിറന്ന ആനിക്ക് പതിഞ്ഞ മട്ടിലുള്ള ഭർത്താവിൽ നിന്ന് അവളാഗ്രഹിക്കുന്ന സംതൃപ്തി ലഭിക്കുന്നില്ല. ശരീരത്തിന്റെ വിശപ്പു




കളിൽ അവൾക്കു ലജ്ജയുമില്ല. മദ്യപിക്കുന്ന തിലോ അവളാഗ്രഹിക്കുന്ന തരത്തിലുള്ള പുരുഷന്റെ കരുത്ത് തേടിപ്പോകുന്നതിലോ അവൾക്കൊട്ടും മനസ്താപവുമില്ല. വളരെ ബോൾഡ് ആണവൾ, ആരെയും കൂസാത്തവൾ. ഇതിൽ നിന്നും തീർത്തും വിഭിന്നയാണ് മറ്റൊരാളിലെ സുശീല. സ്വന്തമായി അഭിപ്രായമില്ലാത്തവൾ. സ്വന്തം ആഗ്രഹങ്ങളെ പ്രകടിപ്പിക്കാൻ ഭയക്കുന്നവൾ. ഭർത്താവിന്റെ ഇഷ്ടങ്ങൾക്കനുസരിച്ച് മാത്രം ചലിക്കുന്ന, കുടുംബം എന്ന സ്ഥാപനം നിലനിർത്തിക്കൊണ്ട് പോവാൻ വിധിക്കപ്പെട്ടവൾ എന്ന് സ്വയം പൊരുത്തപ്പെട്ടു പോകുന്ന സ്ത്രീ. കടം ചോദിക്കുന്ന കൂട്ടുകാരിക്ക് കൊടുക്കാൻ സ്വന്തമായി കുറച്ചു കാശ് പോലും തന്റെ കൈയിൽ ഇല്ലെന്നു നിസ്സഹായതയോടെ പറയുന്നവൾ. പുറമെയുള്ള കാഴ്ച്ചയിൽ അവൾക്കൊന്നിന്റെയും കുറവില്ല, ഗവൺമെന്റ് ഉദ്യോഗസ്ഥനായ ഭർത്താവ്, നല്ല വീട്, കാർ, കുട്ടികൾ, സമൂഹത്തിൽ മാന്യമായ സ്ഥാനം. എന്നിട്ടും ഒരു നിമിഷം ഇതെല്ലം മറന്ന്, എല്ലാം ത്യജിച്ച് അവൾ വീട് വിട്ടിറങ്ങി പോവുന്നുണ്ട് കാർ മെക്കാനിക്കിന്റെ കൂടെ. ഇവിടെയും സംവിധായകന്റെ പക്ഷത്തു നിന്നുള്ള വിലയിരുത്തലുകളോ വിധി നിർണ്ണയങ്ങളോ ഇല്ല. അവൾക്കവളുടെ ശരിയുണ്ടാവാം എന്നേ പ്രേക്ഷകനും തോന്നൂ. ഒരു സിനിമയിൽ പോലും സ്ത്രീ ശരീരത്തിലേക്ക് ക്യാമറയുടെ നോട്ടം പതിയുന്നില്ല.


ഓരോ സിനിമകൾ കാണുമ്പോഴും ആഗ്രഹിക്കും എന്നെങ്കിലുമൊരിക്കൽ കെ. ജി ജോർജിനെക്കുറിച്ച് ഒരു പുസ്തകം എഴുതണം എന്ന്. പലവിധ ഉഴപ്പലുകളിൽ ഒരിക്കലും ശ്രമിക്കപ്പെടാതെ പോയ ഒന്നായി അത്. മണിരത്നം സിനിമകളിൽ ഗവേഷണം തുടങ്ങിയ നാളുകളിലാണ് എന്തേ കെ. ജി ജോർജിന്റെ സിനിമകൾ ഓർക്കാതിരുന്നത് എന്ന നിരാശ തോന്നുന്നത്. പുസ്തകം എന്ന ആശയം വീണ്ടും തല പൊക്കി, കിട്ടാവുന്ന പുസ്തകങ്ങൾ, അധികമുണ്ടായിരുന്നില്ല അവ, വായിച്ചു കുറിപ്പുകൾ തയ്യാറാക്കി വച്ചു. സിനിമകൾ മുഴുവൻ ഒന്നിനു പുറകെ ഒന്നായി പല തവണ കണ്ടു. സ്വപ്നാടനത്തിനു ശേഷം ചെയ്ത വ്യാമോഹം, രാപ്പാടികളുടെ ഗാഥ, ഓണപ്പുടവ, ഇനി അവൾ ഉറങ്ങട്ടെ ഇവയൊന്നും എവിടേയും കിട്ടാനില്ലായിരുന്നു. ചില സിനിമകൾ സുഹൃത്തുക്കൾ സംഘടിപ്പിച്ചു തന്നു. അങ്ങനെ ഒരു ദിവസം സാറിനെ ഫോൺ ചെയ്ത് പുസ്തകത്തിന്റെ കാര്യം പറഞ്ഞു. അപ്പോഴേക്കും സ്ട്രോക്ക് വന്ന് ശാരീരികമായ ബുദ്ധിമുട്ടുകളിൽ ആയിരുന്നു അദ്ദേഹം. 'വൈകി പോയല്ലോ കുട്ടീ, സംസാരിക്കാൻ ബുദ്ധിമുട്ടുണ്ട്' എന്നു പറഞ്ഞു. ആ മോഹം അങ്ങനെ നിരാശയിൽ കലാശിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഫ്രൈഡേ പ്രദർശനത്തിന് വന്ന വേളയിൽ സുഹൃത്തും സംവിധായകനുമായ ലിജിൻ ജോസിനോട് ഞാൻ ഇക്കാര്യം ചർച്ച ചെയ്തു. ഭരതൻ, പദ്മരാജൻ എന്നീ പേരുകൾക്കപ്പുറത്ത് പറയാൻ മറന്നു പോവുന്ന ഒരു പേര്, അർഹിക്കുന്ന ആദരം നേടാത്ത വ്യക്തി, നമുക്കെന്തെങ്കിലും ചെയ്യേണ്ടേ, ഒരു ഡോക്യുമെന്ററി ആലോചിച്ചാലോ എന്ന് പറഞ്ഞപ്പോൾ ലിജിൻ താല്പര്യം പ്രകടിപ്പിച്ചു. തയ്യാറാക്കി വച്ച സ്ക്രിപ്റ്റ് ഞാൻ അയച്ചു കൊടുക്കുകയും ചെയ്തു.

ഏതൊക്കെ ആംഗിളുകളിൽ കാര്യങ്ങൾ അവതരിപ്പിക്കണം, ആരെയൊക്കെ കാണണം എന്നതിൽ ഏകദേശ തീരുമാനം ഉണ്ടാക്കി. സാറിന്റെ വീട്ടിലെ ഷെൽഫുകൾ മുഴുവൻ പരതി, പഴയ ആൽബങ്ങൾ, തിരക്കഥയുടെ കൈയെഴുത്തു പ്രതികൾ, ചെറുപ്പത്തിൽ കണ്ട വിദേശ സിനിമകളുടെ നോട്ടീസുകൾ, ഒരു കാലത്തിലൂടെയുള്ള യാത്രയായിരുന്നു ഞങ്ങൾക്കത്. അലമാര നിറച്ചും പുസ്തകങ്ങളാണ്, സിനിമയെ കുറിച്ച്, സംഗീതത്തെ കുറിച്ച്, പിന്നെ പെയിൻറിംഗിനെ സംബന്ധിച്ചും. വാടക വീടുകൾ മാറുന്നതിനിടയ്ക്ക് നഷ്ടപ്പെട്ടു പോയ പ്രിയപ്പെട്ട ചിലതിനെക്കുറിച്ചും പറഞ്ഞു കെ ജി, ഏറെ ആഗ്രഹിച്ചിട്ടും നടക്കാതെ പോയ 'കാമമോഹിതം' തിരക്കഥയുടെ കൈയെഴുത്തു പ്രതി, യവനികയ്ക്ക് വേണ്ടി ഭരതൻ വരച്ച പോസ്റ്ററുകൾ, സ്വപ്നാടനത്തെ കുറിച്ച് മാധവിക്കുട്ടിയുടെ ആർട്ടിക്കിൾ വന്ന ഇല്ലസ്ട്രേറ്റഡ് വീക്കിലി അങ്ങനെ പലതും.

സിനിമ പോലെ മുതൽമുടക്ക് തിരിച്ചു പിടിക്കാൻ പറ്റുന്ന ഒന്നല്ല ഡോക്യുമെന്ററി. എന്നിട്ടും കെ. ജി ജോർജ് എന്ന വ്യക്തിയോടുള്ള ഇഷ്ടം

കൊണ്ട് ഷിബു ജി. സുശീലൻ നിർമ്മാതാവായി കൂടെ നിന്നു. ലിജിന്റെ സൗഹൃദങ്ങളുടെ ബലത്തിലായിരുന്നു ഈ പ്രൊജക്റ്റ് മുന്നോട്ട് പോയത്, കെ. ജി യുടെ രംഗങ്ങൾ മുഴുവൻ ഷൂട്ട് ചെയ്ത നീൽ ഡി കുൻഹ, പിന്നീട് ക്യാമറ കൈകാര്യം ചെയ്ത എം. ജെ രാധാകൃഷ്ണൻ, എഡിറ്റർ ബി. അജിത് കുമാർ ഇവരാരും തന്നെ പ്രതിഫലം പറ്റിയല്ല സഹകരിച്ചത്, ജോർജ് സാറിനു വേണ്ടിയല്ലേ എന്ന സന്തോഷം മാത്രം. അങ്ങനെ 2013 ഫെബ്രുവരി അവസാനം എറണാകുളം വെണ്ണലയിലുള്ള 'സ്പ്ലെണ്ടർ' എന്ന വീട്ടിൽ ഞങ്ങൾ ഷൂട്ട് തുടങ്ങുന്നു. 'നമ്മൾ അറ്റാച്ച് ചെയ്യുന്ന പരിശുദ്ധിയൊന്നും ദൈവത്തിനില്ല, ഞാൻ വിശ്വാസിയല്ല' എന്ന് പറയുന്ന കെ. ജി ജോർജ് ക്യാമറയ്ക്ക് മുൻപിലും മഴയത്ത് പോലും പള്ളിയിൽ കയറി നിൽക്കാത്ത ലിജിൻ ക്യാമറയ്ക്ക് പിന്നിലും! സംസാരിക്കാൻ ബുദ്ധിമുട്ടുണ്ടായിട്ടും അങ്ങേയറ്റം സഹകരണത്തോടെ കെ. ജി പറഞ്ഞു തുടങ്ങി, ചെറുപ്പത്തിലേ അപ്പന്റെ കൂടെ പെയിന്റിംഗ് പണികൾക്ക് പോവുകയും അങ്ങനെ കിട്ടുന്ന പണം മുഴുവൻ സിനിമ കാണാൻ ചിലവഴിക്കുകയും ചെയ്തതിനെക്കുറിച്ച്. കിലോമീറ്ററുകൾ താണ്ടി തിയേറ്ററുകളിൽ ചെന്ന് വിദേശത്തും സ്വദേശത്തും ഇറങ്ങിയ നല്ല സിനിമകളെല്ലാം ഒന്ന് പോലും വിടാതെ കണ്ടത്, ഇംഗ്ലീഷിൽ വന്നിരുന്ന സിനിമ പുസ്തകങ്ങൾ വാങ്ങി വായിച്ചിരുന്നത് ഒക്കെ. സിനിമയാണ് തന്റെ മേഖല എന്ന തിരിച്ചറിവോട് കൂടി അദ്ദേഹം പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശനം നേടി. തിരുവല്ലയിലെ യാഥാസ്ഥിതിക ക്രിസ്ത്യൻ കുടുംബത്തിൽ പിറന്ന ഒരാളെ സംബന്ധിച്ചിടത്തോളം വിപ്ലവകരമായ ഒരു തീരുമാനം തന്നെയായിരുന്നു അത്.

പി എൻ മേനോന്റെ ഓളവും തീരവും (1970) മലയാള സിനിമയെ സ്റ്റുഡിയോക്കകത്ത് നിന്നും പുറത്തെത്തിച്ചപ്പോൾ കഥാപാത്രങ്ങളുടെ മനസ്സിനകത്തേക്കുള്ള (mindscape) യാത്രയായിരുന്നു കെ. ജി ജോർജിന്റെ സിനിമകൾ. മലയാളത്തിൽ അതുവരെ പരീക്ഷിക്കപ്പെട്ടിട്ടില്ലാത്ത പുതിയ കഥാ പരിസരങ്ങളും കഥന രീതിയും ആദ്യ ചിത്രം മുതലേ അദ്ദേഹത്തിന്റെ സിനിമകളിൽ കാണാം. ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് പഠനവും രാമു കാര്യാട്ടിന്റെ കീഴിലുള്ള പരിശീലനവും കഴിഞ്ഞു 1976 ലാണ് കെ. ജി തന്റെ ആദ്യ ചിത്രമായ സ്വപ്നാടനം സംവിധാനം ചെയ്യുന്നത്. കുടുംബ ബന്ധങ്ങളിലും പ്രണയ കഥകളിലും ചുറ്റിക്കറങ്ങി കൊണ്ടിരുന്ന മലയാള സിനിമയിൽ ആദ്യമായിരുന്നു ഇങ്ങനെ ഒരു സിനിമ. സൈക്കോ അനാലിസിസിലൂടെ നായകന്റെ പൂർവ്വ കാലം കണ്ടുപിടിക്കാനുള്ള ശ്രമത്തിലൂടെയാണ് കഥ വികസിക്കുന്നത്. വ്യവസ്ഥാപിതമായ എല്ലാ സ്ഥാപനവല്ക്കരണങ്ങളെയും തിരസ്ക്കരിക്കുന്നുണ്ട് കെ ജി. വിവാഹമെന്ന മഹത്തായ സ്ഥാപനം, മുറപ്പെണ്ണ് എന്ന മലയാളിയുടെ എക്കാലത്തെയും വലിയ റൊമാന്റിക് ബിംബം ഇവയൊക്കെയും തന്റെ ആദ്യ സിനിമയിൽ തന്നെ പൊളിച്ചെഴുതുന്നുണ്ട്. കുടുംബത്തിനു വേണ്ടി, അവർ കണ്ടു പിടിച്ചു തരുന്ന പെണ്ണിന് വേണ്ടി തന്റെ പ്രണയിനിയെ ഉപേക്ഷിക്കേണ്ടി വരുന്നുണ്ട് നായകന്. അതയാളുടെ മാനസിക നില തന്നെ തകർക്കുന്നു. മിക്ക കുടുബങ്ങളിലും 'marriage of convenience' ആണ് നടക്കുന്നത് എന്ന് സ്വപ്നാടനം പറഞ്ഞുവയ്ക്കുന്നു.




'ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനം കഴിഞ്ഞിറങ്ങിയപ്പോൾ തന്നെ എനിക്കൊരു ധാരണയുണ്ടായിരുന്നു എത്തരം സിനിമകൾ ചെയ്യണമെന്ന്. ജീവിതത്തിന്റെ താളം തന്നെയാണ് സിനിമയ്ക്കും, അല്ലാത്ത തരം സിനിമകൾ ചെയ്യാൻ എനിക്ക് താല്പര്യമില്ലായിരുന്നു. പതിവ് കാഴ്ചകളോടും ഇഷ്ടം തോന്നിയിട്ടില്ല, വ്യത്യസ്തമായ കഥകൾ പറയാനാണ് ശ്രമിച്ചത്. സിനിമയെ കുറിച്ചൊരു സിനിമ, നാടകത്തെ കുറിച്ച്, സ്ത്രീകളെ കുറിച്ച് ഇങ്ങനെയൊക്കെ ആദ്യം തന്നെ ഒരു ധാരണ മനസ്സിൽ ഉണ്ടായിരുന്നു. സൈക്കോളജിക്കൽ അപ്രോച്ച് ആണെങ്കിൽ കൂടുതൽ നന്നാവും എന്നും തോന്നി. പലായനം എന്നായിരുന്നു ആദ്യം ഉദ്ദേശിച്ച പേര്, ഉറൂബ് ആണ് സ്വപ്നാടനം എന്ന് മാറ്റുന്നത്. ആദ്യ സിനിമയിൽ അറിയപ്പെടുന്ന താരം വേണമെന്ന ആഗ്രഹം ഉണ്ടായിട്ടേ ഇല്ല, എന്റെ കഥാപാത്രങ്ങൾക്ക് ഇണങ്ങുന്ന അഭിനേതാക്കളെ തിരഞ്ഞെടുക്കാറേ ഉള്ളൂ, പിന്നീടുള്ള സിനിമകളിലും അതേ, സ്റ്റാർ ക്വാളിറ്റി ഒരിക്കലും എന്റെ കൺസേൺ ആയിരുന്നില്ല. മമ്മൂട്ടിയൊക്കെ വന്ന

**മേള, യവനിക, ലേഖയുടെ മരണം ഒരു ഫ്ലാഷ് ബാക്ക്, ആദാമിന്റെ വാരിയെല്ല്, കഥയ്ക്ക് പിന്നിൽ, മറ്റൊരാൾ, ഇലവങ്കോട് ദേശം ഇത്രയും സിനിമകളിൽ മമ്മൂട്ടി അഭിനയിച്ചിട്ടുണ്ടെങ്കിലും ഇലവങ്കോട് ദേശം ഒഴികെ ഒന്നിൽ പോലും മമ്മൂട്ടിയാണ് പ്രധാന നടൻ എന്നു പോലും പറയാൻ പറ്റില്ല. എല്ലാം തീർത്തും വിഭിന്നമായ വേഷങ്ങൾ. കെ. ജി ജോർജിന്റെ സിനിമകളിൽ നടന്മാരെക്കാൾ മുന്നിട്ട് നിൽക്കുന്നത് എപ്പോഴും കഥാപാത്രമാണ്. ഉൾക്കടൽ ഇറങ്ങിയ ശേഷം വേണു നാഗവള്ളി ചെയ്ത ഒട്ടുമിക്ക വേഷങ്ങളും വിഷാദ കാമുകന്റെതായിരുന്നു. എന്നാൽ ജോർജിന്റെ സിനിമകളിൽ ആ ഇമേജ് ആവർത്തിക്കപ്പെട്ടതേയില്ല.**

ശേഷമാണ് താര പരിവേഷം വരുന്നത്, എന്നിരുന്നാലും എന്റെ സിനിമകളിൽ അത് ഞാൻ ഉപയോഗിച്ചിട്ടില്ല.'

അത് ശരിവച്ചു കൊണ്ട് മമ്മൂട്ടി പറഞ്ഞു, 'ഞാൻ വേഷങ്ങൾ ചോദിച്ച് അങ്ങോട്ട് പോയിട്ടേ ഉള്ളൂ'. ഒരു ഓണക്കാലത്തായിരുന്നു മമ്മൂട്ടിയെ ഞങ്ങൾ കാണുന്നത്, കൊച്ചിയിലെ സരോവരം ഹോട്ടലിൽ വച്ച്. നാലഞ്ചു ചാനലുകളിലെ ഓണം റിലീസ് സിനിമ ചർച്ചകൾ കഴിഞ്ഞു വൈകുന്നേരമാണ് നീലിന്റെ ക്യാമറയ്ക്ക് മുൻപിൽ വന്നിരുന്നത്, തൊണ്ടയിലെ വെള്ളം വറ്റി എന്നു പറഞ്ഞ്. ഷൂട്ട് കഴിയുമ്പോഴേക്കും തിരിച്ചു പോവാനുള്ള തീവണ്ടി സ്റ്റേഷൻ വിടുമോ എന്ന ആധിയിൽ ആയിരുന്നു ഞാൻ. ചോദ്യങ്ങൾ പറഞ്ഞു കൊടുക്കേണ്ട ആവശ്യം വന്നില്ല എനിക്ക്, അതിനു മുൻപേ മമ്മൂട്ടി പറഞ്ഞു തുടങ്ങി, സിനിമയ്ക്ക് വേണ്ടി മരിക്കാൻ പോലും തയ്യാറായി നടന്ന ആ നാളുകളെപ്പറ്റി, ശ്രീനിവാസന്റെ അടുത്ത് റോൾ ചോദിച്ചു പോയതും മേളയിൽ അഭിനയിക്കുന്നതും എല്ലാം.

മേള, യവനിക, ലേഖയുടെ മരണം ഒരു ഫ്ലാഷ് ബാക്ക്, ആദാമിന്റെ വാരിയെല്ല്, കഥയ്ക്ക് പിന്നിൽ, മറ്റൊരാൾ, ഇലവങ്കോട് ദേശം ഇത്രയും സിനിമകളിൽ മമ്മൂട്ടി അഭിനയിച്ചിട്ടുണ്ടെങ്കിലും ഇലവങ്കോട് ദേശം ഒഴികെ ഒന്നിൽ പോലും മമ്മൂട്ടിയാണ് പ്രധാന നടൻ എന്നു പോലും പറയാൻ പറ്റില്ല. എല്ലാം തീർത്തും വിഭിന്നമായ വേഷങ്ങൾ. കെ. ജി ജോർജിന്റെ സിനിമകളിൽ നടന്മാരെക്കാൾ മുന്നിട്ട് നിൽക്കുന്നത് എപ്പോഴും കഥാപാത്രമാണ്. ഉൾക്കടൽ ഇറങ്ങിയ ശേഷം വേണു നാഗവള്ളി ചെയ്ത ഒട്ടുമിക്ക വേഷങ്ങളും വിഷാദ കാമുകന്റെതായിരുന്നു. എന്നാൽ ജോർജിന്റെ സിനിമകളിൽ ആ ഇമേജ് ആവർത്തിക്കപ്പെട്ടതേയില്ല. ആദാമിന്റെ വാരിയെല്ലിൽ ജോലിക്ക് പോവാതെ ഭാര്യയുടെ കാശു കൊണ്ട് മദ്യപിച്ചു നടക്കുന്ന ഒരാളാണ്, അയാളുടെ രതിയിൽ പോലും അക്രമിച്ചു കീഴ്പ്പെടുത്തുന്ന മനോഭാവമാണ്. തന്റെ സൗകര്യങ്ങൾക്കനുസരിച്ച് ഭാര്യ വഴങ്ങി തരണം എന്ന ധാർഷ്ട്യം. ഗോപിയുടെ അയ്യപ്പനും (യവനിക) ദുശ്ശാസന കുറുപ്പും (പഞ്ചവടിപ്പാലം) ഏറെ ചർച്ച ചെയ്യപ്പെട്ട താരതമ്യങ്ങളാണ്. ഗ്രാമത്തിന്റെ വിശുദ്ധി, നന്മ എന്നീ ക്ലിഷേകളെ പൊളിച്ചടുക്കിയ സിനിമയായിരുന്നു കോലങ്ങൾ. തിലകൻ, നെടുമുടി വേണു എന്നിവരുടെ അഭിനയ ജീവിതത്തിലെ അപൂർവ്വമായ പകർന്നാട്ടങ്ങളും. കള്ള് ഷാപ്പിലേക്ക് പന്നിയുമായി വരുന്ന തിലകന്റെ രംഗങ്ങൾ എങ്ങനെ പകർത്തിയെന്നത്ഭുതപ്പെടും. അത് പോലെ തന്നെ നാട്ടിൻ പുറത്തെ വായ്നോക്കിയും ഒളിഞ്ഞു നോട്ടക്കാരനുമായി വേണുവിന്റെ റോൾ. അവളുടെ ഇടത്തെ തുടയിൽ ഒരു മറുകുണ്ട് എന്നു പറഞ്ഞു ഒരു കുടുംബിനിയുടെ ജീവിതം തകർക്കുന്ന രംഗങ്ങളിലൊക്കെ പരമു എന്ന കഥാപാത്രത്തെ വെറുത്തു പോകുന്നത്ര തന്മയത്വത്തോടെ അവതരിപ്പിച്ചിട്ടുണ്ട് നെടുമുടി വേണു.

രണ്ടു മൂന്നു ദിവസം വീട്ടിൽ ഷൂട്ട് ചെയ്ത ശേഷം ഒരു ദിവസം പുറത്തു വച്ചു ചെയ്യാമെന്ന് തീരുമാനിച്ചു. ജോർജ് സാറിന് നടക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും എതിർപ്പൊന്നും പറഞ്ഞില്ല. നിർമ്മാതാവ് ഒ. ജി സുനിലിന്റെ തറവാട് എന്ന റിസോർട്ടിൽ വച്ചായിരുന്നു ഷൂട്ട്. കെ. ജി അന്ന് കുറച്ചൂടെ റീലാക്സ്ഡ് ആയിരുന്നു, ഒരുപാട് കാര്യങ്ങൾ സംസാരിച്ചു, പഴയ പ്രണയത്തെക്കുറിച്ചും സിനിമയൊഴിച്ച് മറ്റൊന്നിനോടും അറ്റാച്ച്മെന്റ് തോന്നാത്തതിനെ കുറിച്ചുമൊക്കെ. നല്ല ഭർത്താവോ അച്ഛനോ ഒന്നുമല്ല എന്നും. സൽമയ്ക്കും അത് തന്നെയായിരുന്നു പരാതി. എത്ര വഴക്കുകൾ ഉണ്ടെങ്കിലും മറ്റുള്ളവർക്ക് മുൻപിൽ, പ്രത്യേകിച്ചും ക്യാമറയ്ക്ക് മുൻപിൽ പൊതുവെ എല്ലാവരും 'സംതൃപ്ത കുടുംബം' എന്ന ലേബൽ പതിച്ചിരിക്കാറാണ് പതിവ്. സൽമ

തുറന്നടിച്ചു കാര്യങ്ങൾ പറയുമ്പോൾ ഒരു കുട്ടിയുടെ നിഷ്കളങ്കമായ ചിരിയോടെ കെ. ജി ജോർജ് എല്ലാം കേട്ടിരുന്നു. (കൊച്ചി ബിനാലെയിൽ 8 ½ intercuts³sd ആദ്യ പ്രദർശന വേളയിൽ ഈ രംഗത്ത് നിറഞ്ഞ കൈയടിയായിരുന്നു.) ഞാൻ/എന്റെ ഭർത്താവ്/ ഭാര്യ ഇതു പോലെ തുറന്നു പറഞ്ഞിരുന്നെങ്കിൽ എന്താവുമായിരുന്നു എന്നായിരുന്നു അന്ന് ഞങ്ങളുടെയൊക്കെ ചർച്ച.

രണ്ടാഴ്ചത്തെ ഇടവേളയ്ക്ക് ശേഷം കോഴിക്കോടായിരുന്നു അടുത്ത ഷെഡ്യൂൾ. ഞങ്ങൾ കോഴിക്കോട്ടുകാരുടെ സ്നേഹം, ഞങ്ങളുടെ ഭക്ഷണം, കൊച്ചിയിൽ ഓട്ടോ റിക്ഷയ്ക്ക് മീറ്റർ എന്ന സങ്കല്പം കണ്ടു പിടിച്ചിട്ടു പോലുമില്ല എന്നു തുടങ്ങി ഞാൻ നാഴികയ്ക്ക് നാല്പത് വട്ടം കോഴിക്കോടൻ വിശേഷങ്ങൾ ഈ തെക്കന്മാരോട് പറഞ്ഞു കൊണ്ടിരിക്കാറുള്ളതാണ്. ആദ്യത്തെ ഷൂട്ടിനു വേണ്ടി ഹോട്ടൽ മഹാറാണിയിൽ എല്ലാം തയ്യാറാക്കി സംവിധായകൻ രഞ്ജിത്തിനു വേണ്ടി കാത്തിരുന്നു കാത്തിരുന്നു മുഷിഞ്ഞപ്പോൾ കൂട്ട ആക്രമണമായിരുന്നു എന്റെ നേർക്ക്. ഭക്ഷണമാണ് മാനക്കേടിൽ നിന്ന് എന്നെ രക്ഷിച്ചത്, പിന്നെ എം. ടിയുടെയും അഞ്ജലി മേനോന്റെയും കൃത്യതയും ആതിഥ്യവും.

ഒരിക്കൽ ഷൂട്ടിന്റെ ഇടവേളയിൽ കെ. ജി പറഞ്ഞു മലയാളത്തിൽ ഇഷ്ടപ്പെട്ട സിനിമ എലിപ്പത്തായമാണെന്ന്, സത്യജിത് റേയുടെ പടങ്ങളും ഏറെ ഇഷ്ടം. യവനിക മറാത്തിയിലേക്ക് റീമേക്ക് ചെയ്തിരുന്നു എന്നത് ഞങ്ങൾക്ക് പുതിയ അറിവായിരുന്നു. റീമേക്ക് എന്ന സങ്കല്പത്തോട് ഒട്ടും താല്പര്യമില്ല കെ. ജിക്ക്. 'എനിക്ക് പറയാനുള്ളത് ഞാൻ പറഞ്ഞു കഴിഞ്ഞു, വീണ്ടും മറ്റൊരാൾ ചെയ്യേണ്ട കാര്യമില്ല, അത് സ്വന്തം മകൻ ആണെങ്കിലും'. ഈ ഒരു ബോധ്യം ഉള്ളത് കൊണ്ടാവാം വിജയിച്ച ഒരു ഫോർമുലയും അദ്ദേഹം പിന്നീട് പരീക്ഷിക്കാതിരുന്നത്, ഒരേ തരത്തിലുള്ള കഥകൾ പറയാതിരുന്നത്.

ഡോക്യൂമെന്ററിക്ക് വേണ്ടി കണ്ടു സംസാരിക്കാൻ ഒരുപാട് പേരുണ്ടായിരുന്നു. ഇവർ ഒന്നിച്ചൊരിടത്ത് ഒരേ ദിവസം ഉണ്ടായിരിക്കുക എന്നുള്ളതായിരുന്നു ഏറ്റവും വലിയ വെല്ലുവിളി. ഒരുപാട് ഫോൺ വിളികൾ ആവശ്യമായി വന്നു. കൊച്ചിയിലെയും കോഴിക്കോട്ടെയും ഷൂട്ടിന് മെഗാ മീഡിയ അവരുടെ റെഡ് ക്യാമറ സൗജന്യമായി തന്നു. ക്യാമറ ഫ്രീ ആയിരിക്കുന്ന ദിവസം ഞങ്ങൾ കാണാൻ ഉദ്ദേശിക്കുന്നവരും ഫ്രീ ആയിരിക്കണേ എന്നായിരുന്നു ആ ദിവസങ്ങളിലെ ഏറ്റവും വലിയ പ്രാർത്ഥന. തിരുവനന്തപുരത്തെ ഷൂട്ടിന് എം. ജെ രാധാകൃഷ്ണന്റെ ക്യാമറയായിരുന്നു ഉപയോഗിച്ചത്. രണ്ടു ദിവസങ്ങളിലായി സി. എസ് വെങ്കിടേശ്വരൻ, സക്കറിയ, ഗാന്ധിമതി ബാലൻ, ഒ.എൻ.വി, രാമചന്ദ്ര ബാബു, ടി. വി ചന്ദ്രൻ, മേനക, ശങ്കരൻ കുട്ടി , ഗണേഷ് കുമാർ എന്നിവരെയൊക്കെ അവരുടെ വീടുകളിൽ പോയി ഷൂട്ട് ചെയ്തു. അടൂരിനെയും ഷാജി എൻ. കരുണിനെയും കാണാൻ വേണ്ടി വീണ്ടും രണ്ടു തവണ പോവേണ്ടി വന്നു. ലേഖയുടെ മരണം ഒരു ഫ്ളാഷ് ബാക്കിന്റെ നിർമാതാവ് കൂടിയായ നടൻ ഇന്നസെൻറ് രോഗമുക്തി നേടിയ ശേഷം ഡോക്യുമെന്ററിക്കു വേണ്ടി സംസാരിച്ചു, വാഹന അപകടത്തിൽ പരിക്ക് പറ്റി വിശ്രമത്തിലായിരുന്നു ജഗതി ശ്രീകുമാറിനെ ഉൾപ്പെടുത്താനും സാധിച്ചില്ല. സുഹാസിനിയുടെ അഭിനയ ജീവിതത്തിലെ ഏറ്റവും മികച്ച കഥാപാത്രം എന്നു പറയാവുന്ന ഒന്നായിരുന്നു ആദാമിന്റെ വാരിയെല്ലിലെ വാസന്തി. കെ. ജി ജോർജിന്റെ ശക്തമായ സ്ത്രീപക്ഷ സിനിമയും. അതുകൊണ്ട് തന്നെ സുഹാസിനിയെ ഉൾപ്പെടുത്തണമെന്ന് ഞങ്ങൾ ആദ്യമേ തീരുമാനിച്ചിരുന്നു. ഞാൻ നിരന്തരം അവരെ വിളിച്ചു കൊണ്ടിരുന്നു, അപ്പോഴൊക്കെ അവർ ഓരോ അവധികൾ പറഞ്ഞു. ബാലു മഹേന്ദ്രയെയും യവനികയുടെ നിർമ്മാതാവ് ഹെൻറിയെയും കാണാൻ വേണ്ടി ചെന്നൈയിൽ പോവുന്നത് പോലും സുഹാസിനിയുടെ സൗകര്യാർത്ഥം പലപ്പോഴും നീട്ടി വച്ചെങ്കിലും അവരെ കണ്ടു സംസാരിക്കാനായില്ല. പിന്നീട് ലിജിന്റെ സുഹൃത്തായ ശ്രീബാലയുടെ ആദ്യ സിനിമയിൽ സുഹാസിനി അഭിനയിക്കുന്നു എന്നറിഞ്ഞു ഷൂട്ടിങ് ലൊക്കേഷനിൽ പോയി ലിജിൻ അവരെ നേരിട്ട് കണ്ടെങ്കിലും ആ കഥാപാത്രത്തെ ശരിക്ക് ഓർക്കുന്നില്ല എന്നു പറഞ്ഞു അവർ സഹകരിച്ചില്ല. ഒരു സ്ത്രീപക്ഷ കാഴ്ചപ്പാടിൽ സംസാരിക്കാൻ നടിയും സംവിധായികയും ആയ ഗീതു മോഹൻദാസിനെയാണ് പകരം ഞങ്ങൾ സമീപിച്ചത്. ഒന്നിനു പുറകെ ഒന്നായി കെ. ജി ജോർജ് സിനിമകൾ കണ്ടു തീർത്ത അവർ അത്യധികം ആവേശത്തോടെയാണ് സംസാരിച്ചത്. ചികിത്സയ്ക്ക് വേണ്ടി പുണെയിൽ നിന്ന് കൂത്താട്ടുകുളം ശ്രീധരീയത്തിൽ വന്നപ്പോഴാണ് ഞങ്ങൾ പി. കെ നായരെ പോയി കാണുന്നത്. ആശുപത്രിയിൽ വച്ചായിരുന്നു അദ്ദേഹത്തിന്റെ അഭിമുഖം പകർത്തിയതും. സൈക്കോ മുഹമ്മദിന്റെയും മുഹമ്മദ് ബാപ്പുവിന്റെയും വീടുകളിൽ ഞങ്ങൾക്ക് സുഭിക്ഷമായ ഭക്ഷണവും ഉണ്ടായിരുന്നു. രണ്ടു പേരും സ്വപ്നാടനം എന്ന സിനിമയിൽ മാത്രമാണ് കെ. ജി ജോർജുമായി സഹകരിച്ചിട്ടുള്ളത്, പക്ഷേ ഇപ്പോഴും അദ്ദേഹവുമായി നല്ല ബന്ധം പുലർത്തുന്നവർ.

'സിനിമയിലെ മറ്റൊരാൾ' എന്നായിരുന്നു ആദ്യം ഡോക്യൂമെന്ററിക്കു വേണ്ടി കണ്ടെത്തിയ

പേര്. എഡിറ്റിംഗ് ടേബിളിൽ എത്തിയപ്പോഴേക്കും തുടക്കത്തിൽ തയ്യാറാക്കിയ സ്ക്രിപ്റ്റ് ഒക്കെ അതിൻറെ വഴിക്ക് പോയി. ഓരോ ഇടവേളകൾക്ക് ശേഷം ഇരിക്കുമ്പോഴും പുതിയ ആശയങ്ങൾ മുളപൊട്ടും. 2014 ആയപ്പോഴേക്കും തന്റെ രണ്ടാമത്തെ സിനിമയുടെ തിരക്കിലേക്ക് ലിജിനും ഞാൻ സ്റ്റീവ് ലോപ്പസിന്റെ പണികളുമായി അജിത്തും തീസിസ് എഴുതി തീർക്കാനായി ഞാനും ഓരോ വഴിക്ക് പോയി. ആ വർഷം അവസാനം ഇറങ്ങിയ ഇനാരിറ്റുവിന്റെ ആശൃറാമിലെ ചില രംഗങ്ങൾ കണ്ടപ്പോൾ 1982 ൽ ഇറങ്ങിയ യവനിക ഓർത്തു, സ്റ്റേജിൽ കഥാപാത്രമായി നിറഞ്ഞാടി പുറത്തേക്ക് വരുന്ന കഥാപാത്രം തന്റെ സ്വകാര്യ ജീവിത




ത്തിലെ പ്രശ്നങ്ങളിലേക്ക് വേഷപ്പകർച്ച നടത്തുന്നത് രണ്ടു സിനിമയിലും ഒരുപോലെ തന്നെ. രണ്ടും നാടകത്തിന്റെ പശ്ചാത്തലത്തിൽ കഥാപാത്രത്തിന്റെ മാനസിക വ്യാപാരങ്ങൾ പകർത്തിയ സിനിമകൾ.

ഞങ്ങൾ പറയാൻ ഉദ്ദേശിച്ച ചില കാര്യങ്ങൾ ആരും പറയാതെ വിട്ടുപോയിരുന്നു, അതിനു പറ്റിയ ആളുകളെ തേടിയുള്ള അലച്ചിൽ ആയിരുന്നു അടുത്ത ഘട്ടം. ഡോക്യുമെന്ററി എവിടെയുമെത്താതെ നീണ്ടു പോവുന്നതിന്റെ സമ്മർദ്ദം കൂടി വന്നു, കൈയിലുള്ള പൈസയും തീർന്നു തുടങ്ങിയിരുന്നു. ഷിബുവിനെ എത്ര കണ്ട് ബുദ്ധിമുട്ടിക്കും എന്നുള്ള ചിന്തയും ഒരുവശത്ത്. സൗഹൃദം പോലും തകരുന്ന തലത്തിലേക്ക് പരസ്പരം കുറ്റപ്പെടുത്തലുകളായി. വേറെ വിഷയങ്ങൾ വല്ലതുമായിരുന്നെങ്കിൽ പാതിവഴിയിൽ ഉപേക്ഷിച്ചേനേ, ഞങ്ങളോട് ഇത്രയും സഹകരിച്ച കെ. ജിയോട് നിന്ദ കാണിക്കാൻ വയ്യ എന്നുള്ളത് കൊണ്ട് പിടിച്ചു നിന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ വീട്ടിൽ വച്ച് അന്ന് ചലച്ചിത്ര അക്കാദമി ഭാരവാഹികളായ ചില പ്രമുഖർ വലിയ വാഗ്ദാനങ്ങൾ ഒക്കെ നല്കി പോയി, അക്കാദമിക്ക് ഒരു പ്രൊപ്പോസൽ കൊടുക്കൂ, എല്ലാം ശരിയാക്കാം എന്ന മട്ടിൽ. ആ കാലയളവിലെ അക്കാദമി ചെയർമാനെ നേരിൽ കണ്ട് പ്രൊപ്പോസൽ ഒക്കെ സമർപ്പിച്ചു. അന്ന് സിനിമ മന്ത്രി ആയിരുന്ന ഗണേഷ് കുമാർ വിളിച്ചു പറയുകയും ചെയ്തിരുന്നെങ്കിലും സാമ്പത്തികമായി ഒരു സഹായവും ലഭിക്കുകയുണ്ടായില്ല. പുണെ ആർക്കൈവ്സിലുള്ള സിനിമ ഫൂട്ടേജ് ലഭിക്കുന്നതിനുള്ള നടപടികൾ അന്വേഷിച്ചപ്പോൾ ഒരു പിടി നൂലാമാലകൾ. കെ. ജി ജോർജിനെ പോലെ ഇത്രയും ആദരമുള്ള ഒരു വ്യക്തിയെ കുറിച്ചുള്ള ഡോക്യുമെന്ററിയിൽ പഴയ സി. ഡി കോപ്പിയിലെ രംഗങ്ങൾ വേണ്ട, ഒറിജിനൽ തന്നെ സംഘടിപ്പിക്കണം, എത്ര സമയമെടുത്താലും എന്ന് ലിജിൻ നിർബന്ധം പിടിച്ചു. കമ്മട്ടിപ്പാടം പ്രൊജക്റ്റ് ആരംഭിച്ചതോടെ അജിത് വീണ്ടും തിരക്കിലായി.

ഡോക്യുമെന്ററി ജനിക്കുന്നത് എഡിറ്റിംഗ് ടേബിളിൽ ആണ്, മെക്കാനിക്കൽ ആയി ചെയ്യാവുന്ന ഒരു ജോലിയല്ല അത്, അജിത്തിന്റെ സെൻസിബിലിറ്റിയും കെ.ജി ജോർജ് സിനിമകളോടുള്ള പാഷനും പ്രധാനപ്പെട്ട ഒരു ഘടകമാണ് എന്ന വാദം കൊണ്ട് എന്റെ തർക്കങ്ങളെ ലിജിൻ പ്രതിരോധിച്ചു. തിരുവനന്തപുരത്തെ 'മീഡിയ മിൽ' എഡിറ്റിംഗ് സെഷൻസ് ദൈർഘ്യമേറിയതായിരുന്നെങ്കിലും പലപ്പോഴും രസകരമായ പുതിയ കാര്യങ്ങൾ ഉരുത്തിരിഞ്ഞു വരും. കെ. ജി ജോർജിന്റെ അധികം ശ്രദ്ധിക്കപ്പെടാതെ പോയ 'ഈ കണ്ണികൂടി' (1990) തുടങ്ങുന്ന രംഗത്തിൽ ജോൺസൻ ചെയ്ത പശ്ചാത്തല സംഗീതമാണ് പിന്നീട് മലയാളികൾ ഉറക്കത്തിൽ കേട്ടാൽ പോലും തിരിച്ചറിയുന്ന മണിച്ചിത്രത്താഴിലെ പശ്ചാത്തല സംഗീതമായി വരുന്നത്. പലപ്പോഴും ഡോക്യുമെന്ററിയിൽ ഉപയോഗിക്കാൻ രംഗങ്ങൾ തിരഞ്ഞെടുക്കാനിരുന്നിട്ട് മുഴുവൻ സിനിമയും കണ്ടിരുന്നു പോയ വേളകൾ. വ്യക്തിപരമായ ചില ബുദ്ധിമുട്ടുകളാൽ കുറെ ദിവസങ്ങൾ എനിക്ക് എഡിറ്റിന് പോവാൻ പറ്റിയിട്ടില്ല, അതെന്റെ സ്വകാര്യ നഷ്ടങ്ങൾ തന്നെയായിരുന്നു.

തന്റെ ഏറ്റവും ഇഷ്ടപ്പെട്ട സംവിധായകൻ ഫെല്ലിനിയെക്കുറിച്ചും അദ്ദേഹത്തിന്റെ 8 ½', 'e ഡോൾസവിറ്റ' എന്നിവയെക്കുറിച്ചുമൊക്കെ കെ. ജി ആവർത്തിച്ചു പറഞ്ഞിരുന്നു. എന്നാൽ എന്തുകൊണ്ട് ഡോക്യുമെന്ററിക്ക് 8 ½ intercuts എന്ന പേരിട്ടു കൂടാ എന്ന് ലിജിന്റെ നിർദ്ദേശമായിരുന്നു.

അഞ്ചു മണിക്കൂറിലധികം കെ. ജി സംസാരിച്ചത് തന്നെയുണ്ടായിരുന്നു, ഇതെങ്ങനെ രൂപപ്പെടുത്തി യെടുക്കണം എന്നുള്ളതായിരുന്നു പ്രതിസന്ധി. അങ്ങനെയാണ് ഇൻറർകട്ടുകളായി അദ്ദേഹ ത്തിന്റെ പ്രധാനപ്പെട്ട ഒൻപത് സിനിമകളും ജീവിതവും ഇടവിട്ട് വരുന്ന അതിന്റെ ഇപ്പോ ഴത്തെ രൂപത്തിലേക്ക് എത്തുന്നത്. വോയിസ് ഓവർ എന്ന സ്ഥിരം പതിവുകൾ ഇല്ലാതെ തന്നെ ആളു കളുടെ അഭിപ്രായങ്ങളിലൂടെ, സിനിമയിലെ രംഗങ്ങളിലൂടെ നറേഷൻ രൂപപ്പെട്ടു വരികയും ചെയ്തു. ഡോക്യുമെന്ററി തീരുന്നിടത്ത് ഫെല്ലി നിയുടെ 8 ½ ലെ അവസാന നൃത്ത രംഗത്തിന്റെ സംഗീതത്തിനോട് സാമ്യമുള്ള മ്യൂസിക് ആണ് ബിജിബാൽ ചെയ്തത്. ജോർജ് സാറിന് അത് നന്നേ ഇഷ്ടപ്പെടുകയും ചെയ്തു.

വളരെ പോസിറ്റീവ് ആയ ഒരു വഴിത്തിരിവ് ഉണ്ടായി ഇതിനിടയിൽ. IFFK സെലക്ഷൻ ജൂറി ആയിരുന്നു ലിജിൻ. ആ സമയത്ത് ചലച്ചിത്ര അക്കാദമിയുടെ പുതിയ ചെയർമാൻ ആയ കമൽ ഡോക്യുമെന്ററിയുടെ കാര്യം അറിഞ്ഞു വളരെ താല്പര്യം പ്രകടിപ്പിക്കുകയും നാഷണൽ ഫിലിം ആർക്കൈവ് സിൽ നിന്നുള്ള ഫൂട്ടേജ് അക്കാഡമി വഴി സംഘടിപ്പിക്കാൻ ശ്രമിക്കാം എന്നും പറഞ്ഞു. ബീന പോളും സജിത മഠത്തിലും ഉത്സാഹ ത്തോടെ കൂടെ നിന്നു. പുതിയ സെക്രട്ടറി മഹേഷ് പഞ്ചുവിന്റെ പിന്തുണയും കിട്ടി. ലിജിനും അജിത്തും കൂടിയാണ് പുണെയിൽ പോവുന്നത്, തിരിച്ചു വന്ന് അവർ ഒറിജിനൽ ഫിലിമിൽ കണ്ട കാഴ്ചകൾ വിവരിക്കുന്നത് കേട്ട് അസൂയപ്പെട്ട് ഇരിക്കേണ്ടി വന്നു എനിക്ക്. സി. ഡിയിൽ കാണുന്ന നരച്ച ദൃശ്യങ്ങളുടെ സ്ഥാനത്ത് ലേഖയുടെ മരണം ഒരു ഫ്ളാഷ് ബാക്ക് ഫിലിം റീലിൽ ഷാജി എൻ. കരുണിന്റെ ക്യാമറയുടെ മാജിക്കിനെ കുറിച്ച് റിയലിസ്റ്റിക് ലൈറ്റിംഗ്, (പ്രത്യേകിച്ചും രാത്രി യിലെയും പുലർവേളയിലെയും), സ്കിൻ ടോൺ എന്നിവ ഈ ഡി. ഐ കാലത്തും എത്ര ബുദ്ധി മുട്ടിയാണ് ചെയ്യുന്നത് എന്നൊക്കെ സംവിധായ കന്റെയും എഡിറ്ററുടെയും കാഴ്ചപ്പാടിൽ അവർ പറഞ്ഞു കൊണ്ടിരുന്നു. കൂടാതെ നമ്മൾ കാണുന്ന സി. ഡി കളിൽ ഇല്ലാത്ത നാൽപതു മിനിറ്റ് രംഗങ്ങൾ, കോലങ്ങളിലെ വെട്ടിമാറ്റപ്പെട്ട ഗർഭഛിദ്രം രംഗം (അതാണ് പിന്നീട് ഞങ്ങൾ ഡോക്യുമെന്ററിയിൽ ചേർത്തത്) അങ്ങനെ പലതും.

പി.കെ നായർ ഞങ്ങളോട് പറഞ്ഞിരുന്നത് കെ.ജി ജോർജിന്റെ ഏഴ് സിനിമകൾ നാഷണൽ ഫിലിം ആർക്കൈവിൽ ഉണ്ടെന്നാണ്: സ്വപ്നാടനം, കോലങ്ങൾ, ആദാമിന്റെ വാരിയെല്ല്, ഇരകൾ, ലേഖയുടെ മരണം ഒരു ഫ്ളാഷ് ബാക്ക്, യവനിക, മണ്ണ് എന്നിവ. മണ്ണ് ഞങ്ങൾ ഡോക്യുമെന്ററിയിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. പകരം ആവശ്യ മുള്ളത് മേളയും മറ്റൊരാളും പഞ്ചവടിപ്പാലവു മായിരുന്നു. അറിയാവുന്ന വഴിക്കൊക്കെ അന്വേ ഷിച്ചുവെങ്കിലും എവിടെ നിന്നും ഇവയുടെ പ്രിൻറ് കിട്ടിയില്ല. ഡേവിഡ് കാച്ചപ്പിള്ളി പറഞ്ഞതനുസരിച്ച് അടൂർ പത്മകുമാറുമായി ലിജിൻ ബന്ധപ്പെട്ടു. അദ്ദേഹമാണ് ചെന്നൈയിലുള്ള അശോകന്റെ ഫോൺ നമ്പർ തരുന്നത്. അദ്ദേഹത്തിന്റെ പക്കൽ മേളയുടെ ബീറ്റ ടേപ്പും 'മറ്റൊരാളി'ന്റെ യു മാറ്റിക് കോപ്പിയും ഉണ്ടായിരുന്നു. അവ അയച്ചു തന്നെ ങ്കിലും ബീറ്റ, യു മാറ്റിക് ടേപ്പുകൾ ഡിജിറ്റൈസ് ചെയ്യാൻ അനുയോജ്യമായ പ്ലെയർ കേരളത്തിൽ ലഭ്യമല്ലായിരുന്നു. ചെന്നൈയിൽ വച്ചു തന്നെ ഡിജിറ്റൈസ് ചെയ്ത് അയച്ചു തന്നു അശോകൻ. പഞ്ചവടിപ്പാലത്തിന്റെ പ്രിൻറ് എവിടെയും ലഭ്യ മല്ലായിരുന്നു, ചാനലുകളിൽ ഉണ്ടായിരുന്നതും അത്ര നല്ല ക്വാളിറ്റി കോപ്പികൾ ആയിരുന്നില്ല, അതു തന്നെ കിട്ടാനും വിഷമമായിരുന്നു. അവ സാനം ലോ ക്വാളിറ്റി സി.ഡി കോപ്പി തന്നെ ഉപയോഗിക്കേണ്ടി വന്നു. മഹത്തായ ഒരു സിനിമ യുടെ പ്രിൻറ് ആരാലും സൂക്ഷിക്കപ്പെടാതെ പോയി എന്നത് ദുഃഖകരമായ വസ്തുത. പഞ്ച വടിപ്പാലത്തിന്റെ ഷൂട്ടിംഗ് സ്റ്റിൽസ് 'നാന' യിൽ നിന്ന് സംഘടിപ്പിച്ചു തരാൻ സഹായിച്ചതും കാച്ചപ്പിള്ളി ആയിരുന്നു.

ഒടുവിൽ ഡോക്യുമെന്ററി പൂർത്തിയാവു മ്പോഴേക്കും ബാലു മഹേന്ദ്ര, ഒ.എൻ.വി, പി.കെ നായർ, ശങ്കരൻ കുട്ടി എന്നിവർ കാല യവനിക യ്ക്കുള്ളിൽ മറഞ്ഞിരുന്നു. ബാലു മഹേന്ദ്രയെ ഷൂട്ട് ചെയ്യാൻ പോയപ്പോൾ അദ്ദേഹം തന്നെ യാണ് ക്യാമറ സെറ്റ് ചെയ്തത്. ഫ്രെയിം ഒക്കെ റെഡിയാക്കി ഇന്ത്യയിലെ മികച്ച ഛായാഗ്രാഹ കരിൽ ഒരാളായ അദ്ദേഹം ക്യാമറയ്ക്ക് മുൻപിൽ വന്നിരുന്നു. ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങു മ്പോഴേക്കും തനിക്ക് പറയാനുള്ളത് പറഞ്ഞു തീർത്ത് അദ്ദേഹം എഴുന്നേറ്റ് പോയി. വ്യക്തി ജീവിതവും ലേഖയുടെ മരണം ഒരു ഫ്ളാഷ് ബാക്ക് എന്ന സിനിമയും ചേർത്ത് ചോദ്യങ്ങൾ വരാം എന്നോർത്താവാം അദ്ദേഹം ഗൗരവക്കാരന്റെ വേഷമണിഞ്ഞത്. ഒ. എൻ. വി യോട് സംസാരിച്ചു കഴിഞ്ഞിറങ്ങുമ്പോൾ അല്പം എഴുത്തൊക്കെയുണ്ട് എന്നു പറഞ്ഞ എന്റെ മൂർദ്ധാവിൽ അദ്ദേഹത്തിന്റെ അനുഗ്രഹ സ്പർശം. ബിനാലെയിൽ ആദ്യ പ്രദർ ശനം കണ്ടിറങ്ങിയ ജോർജ് സാറിന്റെ മുഖത്തെ തെളിഞ്ഞ ചിരി നാല് വർഷത്തെ പ്രയത്നത്തെ സാർത്ഥകമാക്കുന്നതായിരുന്നു. 2017 ലെ IFFI യിൽ പനോരമ സെലക്ഷൻ കിട്ടിയത് മറ്റൊരു സന്തോഷം.

(2016ലെ കമല സുരയ്യ പുരസ്ക്കാര ജേതാവാണ് ഷാഹിന റഫീഖ്. 2018 ഡിസംബറിൽ അഴിമുഖം പോർട്ടലിൽ പ്രസിദ്ധീകരിച്ച ഈ ലേഖനം ചെറിയ തിരുത്തുകളോടെ പുനഃപ്രസിദ്ധീകരിക്കുന്നു.)

■



**സ്മിത വള്ളത്തോൾ**
കുറെ വായിക്കുന്ന
കുറച്ചെഴുതുന്ന പ്രവാസയാണ്

# കഥകൾക്കപ്പുറത്തെ കുഞ്ഞുകാഴ്ചകൾ

കുഞ്ഞുങ്ങൾ പിറന്ന് വീഴുന്നത് വാഗ്ദത്തഭൂമിയിലേക്കാണ്. നിനക്ക് ഞാൻ തണലാണെന്ന് അച്ഛനും അമ്മയും നൽകുന്ന ഉറപ്പിലേക്ക്. അമ്മിഞ്ഞപ്പാലായി, ഒരു ഞരക്കത്തിൽ ഉണരുന്ന ഉറക്കമായി, തുടങ്ങുന്ന ആ കാവലിന് അവർ വളരുന്നതിനൊപ്പം ആഴവും പരപ്പും കൂടും. കണ്ണും കാതും ഉറച്ചു കഴിഞ്ഞാൽ ആ കരുതൽ അവരുടെ കാഴ്ചയിലേക്കും കേൾവിയിലേക്കും നീളും. കുട്ടി എല്ലാം കണ്ടുകൂടാ, എന്തും കേട്ടുകൂടാ. കുട്ടിക്ക് ചുറ്റും ഉള്ള ലോകം അത്ര നല്ലതല്ല, മുഴുവനായി അവർക്ക് കേൾക്കാനും കാണാനും പറ്റിയതല്ല. ഒരുപാടൊരു പാടുണ്ട്, അവരോടു പറയാത്തത്, അവർ അറിയാൻ പാടില്ലാത്തത്. സ്നേഹത്തിന്റെ, വാത്സല്യത്തിന്റെ ഒരു ഇളനീർ മറയ്ക്ക് അപ്പുറത്തു കൂടെ നമ്മൾ കാണിച്ചു കൊടുക്കുന്നതാണ് കുട്ടികളുടെ ലോകം.

ജീവിതത്തിന്റെ കയ്പ് പലവുരു അരിച്ചെടുത്തതാണ് ബാലസാഹിത്യം. ആ കഥകളിൽ നന്മയും തിന്മയും കൃത്യമായി വരി തിരിഞ്ഞാണ് നിൽക്കുന്നത്. നന്മ ജയിക്കാനുള്ളതാണ്, തിന്മ തോൽക്കാനുള്ളതാണ്. തോൽക്കുന്ന തിന്മ കാട്ടിലേക്ക് ഓടി പോവുന്നതേ ഉള്ളു. തോറ്റവർ ഗുണപാഠങ്ങൾ പഠിപ്പിച്ച് മാറി നിൽക്കുന്നതേ ഉള്ളു. ജയിച്ചവർ ശിഷ്ടകാലം സന്തോഷത്തോടെ ജീവിക്കുന്നു. കുട്ടിക്കഥകളുടെ ചലച്ചിത്രാവിഷ്കാരങ്ങളിലും കുട്ടികൾക്കായി നിർമ്മിക്കപ്പെടുന്ന ചലച്ചിത്രങ്ങളിലും അത് പോലെ തന്നെ ഉണ്ട് ജീവിതത്തിന്റെ ഈ പോറലൊട്ടും ഏല്പിക്കാത്ത ദ്വന്ദ്വത്വം.




**മരണം കാണുന്ന കുട്ടികൾ**


അമ്മയാവലിന്റെ ആദ്യ വർഷങ്ങൾ ഞാനും അങ്ങനൊക്കെ തന്നെ ആയിരുന്നു. ഞാനെന്റെ ഇരട്ടക്കുട്ടികൾക്ക് നന്മ തളിച്ച വർത്തമാനം ഊട്ടി. കഥകളെല്ലാം ശുഭപര്യവസായികളാണ് എന്ന് ആവർത്തിച്ചു പറഞ്ഞ് അവരെ വിശ്വസിപ്പിച്ചു. അവരത് വിശ്വസിച്ചു, അവരുടെ വൈകുന്നേര കാഴ്ചകളിൽ ഒന്നിൽ കഥയല്ലാത്ത ഒരു ജീവിതം

ദാഹിച്ച് തളർന്ന് മരിയ്ക്കുന്നിടം വരെ.

മകന് മൃഗങ്ങളോടുള്ള ഇഷ്ടവും ആവേശവും കൊണ്ട് ഞങ്ങൾ തേടിപ്പിച്ച് ഒരുക്കിയ കാഴ്ചയായിരുന്നു 'ബിബിസി' യുടെ 'ആഫ്രിക്ക' സീരീസ്. നാല് വർഷം എടുത്തു നിർമ്മിച്ച, ഡേവിഡ് ആറ്റൻബറോയുടെ ഗംഭീരശബ്ദത്തിൽ നമ്മൾ കാണുന്ന ആ ലോകം പ്രകൃതി ഒരുക്കുന്ന ഒരു തൃത്തായമ്പകയാണ്. അന്ന് മൂന്നുവയസ്സുകാരായ എന്റെ കുട്ടികൾ കണ്ണിമയ്ക്കാതെ മൃഗങ്ങളെ കണ്ടു. ഇടയ്ക്ക് ചിരിച്ചു. ഇടയ്ക്ക് ഭയന്നു. എന്തൊക്കെയോ കുറെ മനസ്സിലായി. പക്ഷെ കാഴ്ചകൾക്കിടയിൽ എപ്പോഴോ ഒരാനക്കുട്ടി മരിച്ചു വീണു. ആഫ്രിക്കയിൽ ജലം തേടി മരുഭൂമി താണ്ടുന്ന ആന ക്കൂട്ടത്തിലെ ഏറ്റവും ചെറിയത് ഒരെണ്ണം ലക്ഷ്യം വരെ എത്താനുള്ള ആവതില്ലാതെ, ജീവൻ ചേർത്ത് പിടിക്കാൻ അതിന്റെ അമ്മ എത്ര ശ്രമിച്ചിട്ടും സാധിക്കാതെ, തോറ്റു വീണു. മരണം എന്ന് കേട്ടിട്ടേ ഇല്ലാത്ത എന്റെ കുട്ടികൾ മരണത്തിന്റെ ഭാഷ വേണ്ടാത്ത സങ്കട മറിഞ്ഞു, ആ ആനക്കുട്ടിയെ ഓർത്ത് പൊട്ടി ക്കരഞ്ഞു.

**സമരം കാണുന്ന കുട്ടികൾ**

എബ്രഹാം ലിങ്കൺ, മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ, റൂബി ബ്രിഡ്ജസ്, ഹാരിയറ്റ് ടബ്മാൻ, റോസ പാർക്സ് എന്നീ പേരുകൾ അമേരിക്കയിൽ വളരുന്ന എന്റെ കുട്ടികൾക്ക് കിൻഡർഗാർട്ടൻ സിലബസ്സിന്റെ ഭാഗമാണ്. വംശീയതയും വർഗ്ഗവെറിയും അതിന്റെ അന്യായവും ഒക്കെ വക്കും തലയും മാത്രമാണെങ്കിലും അവർ പഠിക്കുന്നുണ്ട്. ആ കൂട്ടത്തിലേക്ക് ഈയിടെ അവർ എടുത്തു വെച്ച പേരാണ് ജോർജ് ഫ്ലോയ്ഡ്. ആ പേരിനോടൊപ്പം ഒരുപാട് ചോദ്യങ്ങളും അവർ എടുത്തെറിഞ്ഞു. അവരെ അവരുടെ അധ്യാപിക പഠിപ്പിച്ച ആദ്യ പാഠങ്ങളിൽ ഒന്ന് 911 ആണ് അവരുടെ ഏതു വലിയ പ്രശ്നത്തിനും ഉള്ള പരിഹാരം എന്നാണ്. പൊലീസ് രക്ഷകരാണ്. ആ പൊലീസ് എന്തിനു തെറ്റിന്റെ ഭാഗത്തു നിന്നു എന്ന്, ഒരാളെന്തിന് മരിച്ചു എന്ന് അവർക്ക് അറിയണമായിരുന്നു. വാർത്ത കാണുന്ന, വായിക്കുന്ന കൂട്ടത്തിൽ, ബ്ലാക്ക് ലൈവ്സ് മാറ്റർ എന്ന വാക്യത്തിന്റെ അർഥം വിശദീകരിച്ചു കൊടുക്കുന്ന കൂട്ടത്തിൽ, ഞങ്ങൾ ഒരുമിച്ചിരുന്ന് 'ബ്ലാക്ക് ലൈവ്സ് മാറ്റർ' എന്ന, പലപ്പോഴും കുട്ടികൾക്ക് ചേരാത്ത ഭാഷ പറയുന്ന, കുട്ടികൾക്ക് വഴങ്ങാത്ത കാഴ്ച കാണിക്കുന്ന, ഡോക്യുമെന്ററി കണ്ടു. സമരത്തിന്റെ, പ്രതിഷേധത്തിന്റെ ഏറ്റവും പുറത്തെ ഒരു വലയം എന്റെ കുട്ടികൾ തൊട്ടു. മനുഷ്യാവകാശം, പൗരാവകാശം എന്നിങ്ങനെ കുറെ വലിയ വാക്കുകൾ ആദ്യമായി കേട്ടു. 'I hope they get their happily ever after' എന്നെന്റെ ആറ് വയസ്സുകാരി തന്നോട് തന്നെ പറഞ്ഞു.




**ഫെമിനിസം കാണുന്ന കുട്ടികൾ**

സുഹൃത്തുക്കൾ, പുസ്തകങ്ങൾ, കളിപ്പാട്ടങ്ങൾ, സിനിമകൾ എന്നിവയിലൊക്കെ എന്റെ കുട്ടികൾക്ക് പ്രാപ്യത ഒന്നാണ്. തിരഞ്ഞെടുപ്പും താല്പര്യവും സ്വാഭാവികമായും ഒന്നല്ല. അതോടൊപ്പം, ആൺകുട്ടിയും പെൺകുട്ടിയും ആയതിന്റെ പേരിൽ, അവരുമായി ഇടപെടുന്ന പുറം ലോകവും ഒന്നല്ല. പലപ്പോഴും സ്ത്രീലിംഗം പാടെ വിട്ടു പോവുന്ന ആഖ്യാനങ്ങളോട് കലഹിച്ചും, അതിനെയൊക്കെ തുടരെ ചോദ്യം ചെയ്തുമാണ് എന്റെ മകൾ വളരുന്നത്. മകൻ പക്ഷെ, രക്ഷയ്ക്ക് വരുന്ന രാജകുമാരനിലൂടെ, അവനൊരു ആൺകുട്ടി ആണെന്ന് പറയുന്ന ബന്ധുവിലൂടെ, എണ്ണത്തിൽ ഒരുപാട് കൂടുതലുള്ള സൂപ്പർ ഹീറോസിലൂടെ,

**കുട്ടികൾ എന്തുകൊണ്ട് നല്ല ഭക്ഷണം കഴിക്കണം, അവർ കൂട്ടുകാരായി കരുതുന്ന കാർട്ടൂൺ കഥാപാത്രങ്ങൾ എങ്ങനെ ടിവിയിൽ പ്രത്യക്ഷപ്പെടുന്നു, ബഹിരാകാശ പേടകത്തിന്റെ അകം എങ്ങനിരിക്കും, തുമ്പിയുടെ ജീവചക്രം എന്താണ്, എന്നിങ്ങനെ കുട്ടികളുടെ ഏത് കൗതുകത്തിനും ഉത്തരം ഇന്ന് ആപ്പുകളായി, യൂട്യൂബ് വീഡിയോകളായി, ചാനൽ പരിപാടികളായി ദൃശ്യമാധ്യമങ്ങളിൽ ധാരാളമാണ്.**

അവന്റെ ചുറ്റും നടക്കുന്ന ആണധികാര സംസാരങ്ങളിലൂടെ, ആണ് പെണ്ണിന് മുകളിലാണെന്നു തുടരെ കേൾക്കുന്നുണ്ട്, അത് ശരിയാണെന്നു ഇടയ്ക്കൊക്കെ ധരിക്കുന്നുമുണ്ട്. തെറ്റായ ധാരണകളെ മായ്ച്ചെഴുതാനും കൂടി ഉള്ള ഇടമാണ് വീട്. സ്ത്രീ പുരുഷന് ഒപ്പമല്ല എന്ന് പുറത്തു നിന്ന് കേൾക്കുന്ന അത്രയും തവണ അതങ്ങനെ ആണെന്ന് കുട്ടികൾ അകത്തു നിന്ന് കേൾക്കണം. നിത്യജീവിതത്തിൽ അവർക്കത് പ്രവർത്തിച്ചു കാണിച്ചു കൊടുക്കണം. സ്നേഹം, കാരുണ്യം, ബഹുമാനം, അനുതാപം, ഒക്കെ പോലെ തന്നെ ഫെമിനിസവും ഞങ്ങൾക്ക് വർത്തമാനത്തിനും കഥകൾക്കും വിഷയമാണ്. ഫെമിനിസത്തിന്റെ ഭാഷ സംസാരിക്കുന്ന പുസ്തകങ്ങളുടെയും ചലച്ചിത്രങ്ങളുടെയും കൂട്ടത്തിൽ ഞങ്ങൾക്ക് കണ്ട് ഇഷ്ടപ്പെട്ട, കുട്ടികൾക്ക് ദഹിക്കുന്ന ഒരു കാഴ്ചയായിരുന്നു നെറ്റ്ഫ്ലിക്സിലെ 'ബികമിങ്.' ബറാക്ക് ഒബാമയുടെ ഭാര്യയായ മിഷേലിനെ കുട്ടികൾക്കറിയാം. 'ഞാൻ ഒബാമയുടെ ഭാര്യ മാത്രമല്ല' എന്ന് പറയുന്ന, എല്ലാവരുടെയും കണ്ണിൽ നോക്കി സംസാരിക്കുന്ന, പൊട്ടിച്ചിരിക്കുന്ന, മുന്നിൽ തടിച്ചു കൂടിയ ആയിരങ്ങളെ കൂസാതെ പ്രസംഗിക്കുന്ന മിഷേൽ അവർക്ക് സ്ത്രീശാക്തീകരണത്തിന്റെ ഒരു പാഠപുസ്തകമായി.

### ചരിത്രം കാണുന്ന കുട്ടികൾ

ഇരുപതോളം നിമിഷങ്ങളിൽ ലളിതമായി ചരിത്രത്തിലെ ഒരുപാട് ഏടുകൾ തൊട്ടു പോവുന്ന രസകരമായ ഒരു ഡോക്യുമെന്ററി സീരീസ് ആണ് നെറ്റ്ഫ്ലിക്സിലെ 'ഹിസ്റ്ററി 101.' കുട്ടികൾക്ക് മുൻപരിചയം ഉള്ള ബഹിരാകാശവും റോബോട്ടും ഒക്കെ അതിൽ അവർ താല്പര്യത്തോടെ കണ്ടിരുന്ന വിഷയങ്ങളാണ്. സംഭാഷണത്തിന്റെ, ചോദ്യങ്ങളുടെ ഒരു പുതിയ ചാല് തുറന്നിട്ടത് പക്ഷെ ഫാസ്റ്റ് ഫുഡിന്റെ ചരിത്രവും ദോഷവും ഒക്കെ വിശദീകരിച്ച അദ്ധ്യായം ആണ്. കുഞ്ഞു പുസ്തകങ്ങളിൽ നല്ല ഭക്ഷണം കഴിക്കേണ്ടതിന്റെ ആവശ്യകത എത്രയോ തവണ ഓർമപ്പെടുത്തലായി അവർ വായിച്ചിട്ടുണ്ടെങ്കിലും അവയൊന്നും ഉണ്ടാക്കാത്ത പ്രതികരണം ഭക്ഷണത്തെ കുറിച്ചുള്ള കാഴ്ച അവരിൽ ഉണ്ടാക്കി. ചോദ്യത്തിന് മുകളിൽ ചോദ്യം കൂട്ടി വെച്ച് അവർ ഇന്ന് ആരോഗ്യത്തെ കുറിച്ചും ശരീരത്തെ കുറിച്ചും പഠിച്ചു തുടങ്ങിയിട്ടുണ്ട്. മറ്റൊരാളിന്റെ ശരീരത്തെ, ഭക്ഷണശീലങ്ങളെ വിമർശിക്കുന്നതിലെ ശരികേട് അവർക്ക് മനസ്സിലാവുന്നുണ്ട്.

കുട്ടികൾ എന്തുകൊണ്ട് നല്ല ഭക്ഷണം കഴിക്കണം, അവർ കൂട്ടുകാരായി കരുതുന്ന കാർട്ടൂൺ കഥാപാത്രങ്ങൾ എങ്ങനെ ടിവിയിൽ പ്രത്യക്ഷപ്പെടുന്നു, ബഹിരാകാശ പേടകത്തിന്റെ അകം എങ്ങനിരിക്കും, തുമ്പിയുടെ ജീവചക്രം എന്താണ്, എന്നിങ്ങനെ കുട്ടികളുടെ ഏത് കൗതുകത്തിനും ഉത്തരം ഇന്ന് ആപ്പുകളായി, യൂട്യൂബ് വിഡിയോകളായി, ചാനൽ പരിപാടികളായി ദൃശ്യമാധ്യമങ്ങളിൽ ധാരാളമാണ്. കുട്ടികൾക്കായി പ്രത്യേകം നെയ്തെടുക്കുന്ന ഈ ദൃശ്യവിരുന്നുകളിൽ പക്ഷെ, മനഃപ്പൂർവ്വമായ ഒരു മയപ്പെടുത്തലുണ്ട്. ഇവയിലൊന്നും ഇല്ലാത്ത കാഴ്ചയുടെ തീവ്രത കൊണ്ട് തന്നെയാവണം ഡോക്യൂമെന്ററികൾ കുട്ടികൾക്ക് പ്രിയപ്പെട്ടതായി തീരുന്നത്. മുഴുവനായി ഗ്രഹിച്ചിട്ടല്ലെങ്കിലും മുതിർന്നവരുടെ കാഴ്ചകളിലേക്ക് ഇടയ്ക്കൊന്ന് പാളി നോക്കുന്നത്, എടുത്താൽ പൊങ്ങാത്ത വാക്കുകളും തത്ത്വങ്ങളും കേൾക്കുന്നത്, അവർക്കിഷ്ടമാണ്. അതും വിദ്യാഭ്യാസമാണ്. യാഥാർഥ്യത്തിന് വല്ലാത്ത പുകച്ചിലും നീറ്റലുമാണ്. അവരവരുടെ സാമൂഹിക സാമ്പത്തിക വിശേഷാധികാരങ്ങൾ അനുവദിക്കുന്ന അത്രയും കാലം മാതാപിതാക്കൾ കുട്ടികളെ അതിൽ നിന്നൊക്കെ പൊതിഞ്ഞു പിടിക്കാൻ ശ്രമിച്ചു കൊണ്ടേ ഇരിക്കും. അവരുടെ ലോകം കഥകളും പാട്ടുകളും കളിപ്പാട്ടങ്ങളും ജ്വലിത വർണ്ണങ്ങളും കൊണ്ട് നിറച്ചു കൊണ്ടേ ഇരിക്കും. പക്ഷെ മെല്ലെ മെല്ലെ അച്ഛനും അമ്മയ്ക്കും അപ്പുറത്തെ ലോകത്തേയ്ക്ക് കുട്ടി ഇറങ്ങും. ആ ഇറങ്ങിപ്പോക്കിൽ വലിയ തീരുമാനങ്ങൾ തനിയെ എടുക്കേണ്ടവരാണ്, വലിയ തിരഞ്ഞെടുപ്പുകൾ തനിയെ നടത്തേണ്ടവരാണ് കുട്ടികൾ. അന്ന് ശരിയുടെ ഭാഗത്തു നിൽക്കാൻ അവരെ കൂടുതൽ പ്രാപ്തി ഉള്ളവരാക്കി തീർക്കട്ടെ കഥകളും കഥകൾക്കപ്പുറത്തെ കാഴ്ചകളും ആയി നമ്മൾ കൈയ്യിൽ വച്ച് കൊടുക്കുന്ന അനുഭവങ്ങളുടെ തുണ്ടുകൾ.

■

തർജ്ജമ : സിന്ധുര എസ്. ആലപ്പാട്



**ശില്പാ കൃഷ്ണൻ**
തിരുവല്ല കേന്ദ്രീകരിച്ചു
പ്രവർത്തിക്കുന്ന നവചേതന
എന്ന സംഘടനയിൽ ഗവേഷക

*വാണി സുബ്രമഹ്ണ്യത്തിന്റെ 'The Death of Us'*
*എന്ന ഡോക്യുമെന്ററിയെക്കുറിച്ചുള്ള റിവ്യു.*

# നീതിന്യായം മരണത്തെ തൊടുമ്പോൾ....



വധശിക്ഷയുടെ അനന്തര ഫലങ്ങളെക്കുറിച്ച് വിശദമായി വിശകലനം ചെയ്യുന്ന ഒരു ഡോക്യുമെന്ററിയാണ് വാണി സുബ്രഹ്മണ്യത്തിന്റെ ‘The death of us’. വധശിക്ഷയെക്കുറിച്ചുള്ള വളരെ പ്രസക്തമായ ചോദ്യങ്ങൾ ഉയർത്തി ഒരു സംവാദ മണ്ഡലം തന്നെ തുറന്നിടുവാൻ ഈ ഡോക്യുമെന്ററിയിലൂടെ അവർ ശ്രമിക്കുന്നുണ്ട്. കുറ്റകൃത്യങ്ങൾ കുറക്കുന്നതിൽ വധശിക്ഷ എത്ര മാത്രം ഫലപ്രദമാണെന്നതിനെ സംബന്ധിച്ച് അനവധി പഠനങ്ങളും, ഡോക്യുമെന്ററികളും, ആശയങ്ങളും ഉണ്ടായിട്ടുണ്ട്. അതിലൊന്നാണ് വാണി സുബ്രഹ്മണ്യം സംവിധാനം ചെയ്ത The death of us. നിരവധി ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും, IDSFFKയിലും ഈ ഫിലിം പ്രദർശിപ്പിച്ചിരുന്നു. വധശിക്ഷ ലഭിച്ച 6 സംഭവങ്ങളേക്കുറിച്ചാണ് ചിത്രം പ്രധാനമായും ചർച്ച ചെയ്യുന്നത്. കുറ്റകൃത്യത്തിന് കാരണമാവുന്ന നിരവധി ഘടകങ്ങളെ ആത്മപരിശോധനയ്ക്ക് വിധേയമാക്കി, വധശിക്ഷ ആവശ്യമാണോ എന്നു പരിശോധിക്കുകയും, പൊതു സമൂഹത്തിന് വധശിക്ഷയെക്കുറിച്ച് എന്താണ് അഭിപ്രായമെന്ന അന്വേഷണവും ഈ സിനിമാ മുന്നോട്ടു വെയ്ക്കുന്നു.

ആളുകളെ തൂക്കിക്കൊല്ലാൻ ഉപയോഗിക്കുന്ന കയറിന്റെ ചിത്രങ്ങൾ കാണിച്ചുകൊണ്ടാണ് സിനിമ ആരംഭിക്കുന്നത്. ഏകദേശം അൻപതോളം കുറ്റങ്ങൾക്ക് ഇന്ത്യയിൽ വധശിക്ഷ ലഭിക്കാവുന്നതാണെന്ന് പരാമർശിക്കുന്നതിനോടൊപ്പം, വധശിക്ഷയിലേക്ക് നയിക്കുന്ന വിവിധ ഘടകങ്ങൾ ചൂണ്ടിക്കാട്ടുന്നതിനും ഈ ചിത്രത്തിലൂടെ സംവിധായിക ശ്രമിക്കുന്നുണ്ട്.

പരസ്യ എഴുത്തുകാരിയായിരിക്കുമ്പോൾ തന്നെ, ഫെമിനിസ്റ്റും, മനുഷ്യാവകാശ പ്രവർത്തകയും, ചലച്ചിത്രകാരിയുമാണ് വാണി സുബ്രഹ്മണ്യൻ. Ayodhya Gatha Talse From Ayodhya, Measl Ready എന്നീ സൃഷ്ടികളിലൂടെയാണ് അവർ അറിയപ്പെടുന്നത്. വാണിയുടെ ചിത്രങ്ങൾ വിവിധ സ്ഥലങ്ങളിൽ പ്രദർശിക്കപ്പെടുകയും, ദേശീയവും, അന്തർദ്ദേശീയവുമായ നിരവധി പുരസ്കാരങ്ങൾക്ക് അർഹമാകുകയും ചെയ്തിട്ടുണ്ട്. സമൂഹത്തിൽ നിലനില്ക്കുന്ന അസമത്വങ്ങളെക്കുറിച്ചും, അരിക്വത്കരിക്കപ്പെട്ട ജന വിഭാഗങ്ങളും, സ്ത്രീകളും കാലങ്ങളായി നേരിടുന്ന അതിക്രമങ്ങളേയും കേന്ദ്രീകരിച്ച വിഷയങ്ങളാണ് വാണി തന്റെ സിനിമകളിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. ഭക്ഷണം, വിദ്യാഭ്യാസം, വർഗീയത, ഭ്രൂണഹത്യ, വധശിക്ഷ തുടങ്ങിയ പ്രശ്നങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ് അവയുടെ ഉള്ളടക്കം.

ഒട്ടും പ്രബലമല്ലാത്ത വ്യത്യസ്ത ചുറ്റുപാടുകളിൽ നിന്നും വരുന്ന ആറു വ്യക്തികൾക്ക് നല്കിയ വധശിക്ഷയെ സംബന്ധിച്ചതാണ് ഈ ഡോക്യുമെന്ററിയുടെ പ്രമേയം. കോടതികളിലെ വിചാരണാ നടപടികളെക്കുറിച്ചും, കുറ്റകൃത്യങ്ങൾക്കു ലഭിച്ച വിധിന്യായം എന്നിവയെയും സിനിമയിൽ പ്രതിപാദിക്കുന്നുണ്ട്. വലിയ രീതിയിൽ സെൻസേഷണലായ കേസ്സുകളും, ഒട്ടും മാധ്യമശ്രദ്ധ പതിയാത്തതുമായ കേസ്സുകളും ഇക്കൂട്ടത്തിലുണ്ട്. തെളിവു ശേഖരണത്തെക്കുറിച്ചും, പ്രതികൾ, വർഷങ്ങളായി അനുഭവി

ക്കുന്ന ക്രൂരമായ പീഡനങ്ങളെക്കുറിച്ചും ഈ സിനിമ കാണുന്ന ഏതൊരാൾക്കും വളരെ പെട്ടെന്നു തന്നെ ബോധ്യപ്പെടും. തികച്ചും വ്യത്യസ്തങ്ങളായ കേസ്സുകളാണത്. ചുരുക്കം ചിലത്, വിപ്ലവത്തിന്റെയും, ഭീകരവാദത്തിന്റെയും ഫലമായുണ്ടായതും മറ്റുള്ളത് ദാരിദ്ര്യം മൂലമുണ്ടായതുമാണ്. ചിലർ, അക്രമത്തിലും, ബലാത്സംഗത്തിലും ഉൾപ്പെട്ടവരാണെങ്കിൽ മറ്റുള്ളവർ ഇവയിൽ പെട്ടിട്ടില്ലാത്തവരുമാണ്.

കെ. ത്യാഗരാജനുമായാണ് ഈ ഡോക്യുമെന്ററിയിൽ ആദ്യത്തെ അഭിമുഖം. ദലിതരും ദരിദ്രരുമായ പാവങ്ങളെ പീഡിപ്പിക്കുകയും നിരന്തരം അക്രമിക്കുകയും ചെയ്ത ഒരു ജന്മിയെ കൊന്ന സംഭവമാണ്. വിപ്ലവം സൃഷ്ടിക്കുന്നതിന്റെയും, പ്രതികാരത്തിന്റേതുമായ ഒരു പ്രവർത്തിയായാണ് അയാൾ ഇതിനെ അവതരിപ്പിക്കുന്നത്. വർഗ്ഗശത്രുക്കളുടെ ഉന്മൂലനം എന്നാണ് അദ്ദേഹം അതിനെ വിശേഷിപ്പിക്കുന്നത്. പത്തൊൻപത് വയസ്സ് മാത്രമുള്ളപ്പോൾ ചെയ്ത കുറ്റമാണ്, എന്നാൽ, വധശിക്ഷ ലഭിക്കുന്നതിന് പ്രായം ഒരു തടസ്സമായില്ല. 1968 ൽ തമിഴ്നാട്ടിലെ കിലവൻമണിയിൽ നടന്ന കൂട്ടക്കൊലക്ക് ഉത്തരവാദിയായ ജന്മിയുടെ കൊലപാതകത്തിൽ ഇയാൾ പങ്കാളിയായിരുന്നു. നക്സൽ മൂവ്മെന്റിൽ അംഗമായി, നിരവധി ദലിത് കർഷകരുടെ മരണത്തിനുത്തരവാദിയായ ജന്മിയെ കൊന്ന് പ്രതികാരം ചെയ്യാൻ തീരുമാനിക്കുകയായിരുന്നു. പിന്നീട് കെ. ത്യാഗരാജനെ കോടതി കുറ്റവിമുക്തനാക്കി.


വാണി സുബ്രഹ്മണ്യൻ

ഭീകരതയെ അനുവദിച്ചു കൊടുക്കുന്ന നിലപാടല്ല ഇന്ത്യ ഒരിയ്ക്കൽ പോലും സ്വീകരിച്ചിട്ടുള്ളത്. പ്രത്യേകിച്ച്, കുറ്റാരോപിതർ ഒരു പ്രത്യേക സമൂഹത്തിൽ നിന്നുള്ളവരാണെങ്കിൽ. എല്ലാ ഇന്ത്യൻ പ്രദേശങ്ങളിലും ഹിന്ദുത്വ ഭരണ വ്യവസ്ഥക്ക് മുൻതൂക്കം നല്കുന്ന ഭരണകൂടങ്ങളായതുകൊണ്ട്, ഭീകരതയുടെ ഉത്തരവാദികൾ എന്ന മുന ചെന്നെത്തുക മുസ്ലീങ്ങളെ ക്രൂശിക്കുന്ന തരത്തിലായിരിക്കും. 2001 ലെ പാർലമെന്റ് ആക്രമണ കേസ്സിൽ കുറ്റമാരോപിക്കപ്പെട്ട് വധശിക്ഷക്കു വിധിക്കപ്പെട്ട മൂന്നു പേരിലൊരാളാണ് എസ്.എ.ആർ. ഗിലാനി. മുസ്ലീങ്ങളായതിനാൽ, പ്രതികളിലോരോരുത്തർക്കും ഭരണകൂടത്തിന്റെ ഭാഗത്തു നിന്നും ഏല്ക്കേണ്ടി വന്ന പീഡനത്തെക്കുറിച്ചും, മുസ്ലീം സമൂഹത്തെ എങ്ങനെയെല്ലാമാണ് ഭരണകൂടം അപമാനിക്കുന്നത് എന്നും ഈ സിനിമയിൽ ഗിലാനി പറയുന്നുണ്ട്. ഈ കേസ്സിൽകുറ്റം ചാർത്തപ്പെട്ടവരിൽ, ഗിലാനിക്കൊപ്പം ഷൗക്കത്ത് ഹുസൈൻ ഗുരുവിനെയും വെറുതേ വിട്ടെങ്കിലും, അഫ്സൽ ഗുരു തൂക്കിലേറ്റപ്പെട്ടു. ഈ കേസ്സിന്റെ വിചാരണാ നടപടികളേയും, തെളിവുകൾ കെട്ടിച്ചമയ്ക്കുന്ന ഭരണകൂടത്തിന്റെ രീതികളേക്കുറിച്ചും ഈ സിനിമയിൽ ഗിലാനി വ്യകതമായി വിശദീകരിക്കുണ്ട്. വളരെ സമർത്ഥനായ ഒരു യുവപ്രൊഫസറായിരുന്നു ഗിലാനി. അതുകൊണ്ടു തന്നെ, അക്കാദമിക് സമൂഹത്തിലും, പറത്തും അദ്ദേഹത്തിന് ധാരാളം പിന്തുണ ലഭിച്ചിരുന്നു. അറസ്റ്റിലായി ഏകദേശം രണ്ടു വർഷത്തിനു ശേഷം ഗിലാനിയെ കുറ്റ വിമുക്തനാക്കിയിരുന്നു. ഉദ്യോഗസ്ഥരുടെ അന്വേഷണ സാമർത്ഥ്യം കൊണ്ടല്ല, മറിച്ച്, താനൊരു മുസ്ലീമായതുകൊണ്ടു മാത്രം ഭീകരവാദിയാക്കുവാനുള്ള അതിയായ ഉത്സുകതയാണ് ഉദ്യോഗസ്ഥർക്കുണ്ടായിരുന്നതെന്നും ഗിലാനി വിശദീകരിക്കുന്നുണ്ട്. 2019 ൽ ഗിലാനി മരിക്കുന്നതിന് മുൻപ് ഈ ഡോക്യുമെന്ററി ചിത്രീകരിച്ചിരുന്നു.

സംവിധായിക ഈ കേസ്സുകളെക്കുറിച്ച് വിവരിക്കുന്ന കൂട്ടത്തിൽ, സുദർശൻ പട്നായിക് എന്ന മണൽ ചിത്രകാരനെ പരിചയപ്പെടുത്തുന്നുണ്ട്. സമാധാനവും, സമത്വവും സമൂഹത്തിലുണ്ടാവണമെന്ന തത്വം ഉയർത്തിപ്പിടിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ കലാസൃഷ്ടികൾ. നീതിയിലും തുല്യതയിലും അധിഷ്ഠിതമായ ഒരു സമൂഹത്തിന്റെ ആവശ്യകതയെക്കുറിച്ച് വിശദീകരിക്കുന്നതിനൊപ്പം, 'അവസാനം തൂക്കിലേറ്റപ്പെട്ടു' എന്നു സൂചിപ്പിക്കുന്ന അഫ്സൽ ഗുരു സൃഷ്ടിച്ചതായ ഒരു മണൽ ചിത്രവും സിനിമയിൽ പ്രദർശിപ്പിക്കുന്നു. വധസിക്ഷ നല്കാനുള്ള സ്റ്റേറ്റിന്റെ താല്പര്യത്തേയും, അതിനെ തടയാൻ സമൂഹം പരാജയപ്പെടുന്നതിനെയുമാണ് ഇതിലൂടെ ചൂണ്ടിക്കാണിക്കുന്നത്.

ഒരു പെൺകുട്ടിയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിയായ ധനഞ്ജയ് ചാറ്റർജിയുടെ കേസ്സിന്റെ വിചാരണയും, വിധി നടപ്പാക്കലും അന്വേഷണവിധേയമാക്കുന്നുണ്ട്. ഡോക്യുമെന്ററിയിൽ. അപർണ സെൻ അടക്കമുള്ള പ്രമുഖർ എങ്ങനെ ഇടപെട്ടു എന്നും കാണാൻ കഴിയും. ധനഞ്ജയ്ക്കെതിരെ ഹാജരാക്കിയിട്ടുള്ള തെളിവുകളെ വിശദമായി അവർ വിശകലനം ചെയ്യുന്നുണ്ട്. തെളിവുകൾ എല്ലാം തന്നെ സാന്ദർഭികമായി കെട്ടിച്ചമച്ചതാണെന്നും, നിരപരാധിയാണെന്ന് തെളിയിക്കാൻ വധശിക്ഷ കാരണം അദ്ദേഹത്തിന് അവസരം ലഭിച്ചില്ല എന്നും ചിത്രം വിശദീകരിക്കുന്നു.

ധനഞ്ജയ് ചാറ്റർജി ഒരു ബ്രാണനായിരുന്നെങ്കിലും, അദ്ദേഹത്തിന് വളരെ ദരിദ്രപൂർണമായ ചുറ്റുപാടുകളായിരുന്നു ഉണ്ടായിരുന്നത്. ശ്രീലങ്കൻ സമുദ്രതീരത്ത് പിടിക്കപ്പെടുകയും, വധശിക്ഷ നല്കുകയും ചെയ്ത രാമേശ്വരത്തെ മത്സ്യത്തൊഴിലാളികളുടെ കാര്യമല്ല പറയുന്നത്.

മയക്കുമരുന്ന് കടത്തിന് പിടിക്കപ്പെട്ട് വധശിക്ഷ ലഭിക്കുകയും, 2014 ൽ അന്നത്തെ ശ്രീലങ്കൻ പ്രസിഡന്റ് രാജപക്സെ മാപ്പു നല്കി വിട്ടയച്ച കെ. പ്രശാന്തുമായി സംവിധായിക അഭിമുഖ സംഭാഷണം നടത്തുന്നുണ്ട്. ജയിലിൽ കിടക്കുമ്പോൾ നേരിടേണ്ടി വന്ന പീഡനങ്ങളെക്കുറിച്ച് അദ്ദേഹം സംസാരിക്കുണ്ട്. നിരവധി മത്സ്യത്തൊഴിലാളി സംഘടനകളും മറ്റും കൂട്ടായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായാണ് ഇവർക്ക് മോചനം ലഭിച്ചത്. തീർത്തും ദരിദ്രമായ സാമൂഹ്യസാമ്പത്തിക പശ്ചാത്തലത്തിൽ നിന്നുള്ള ഭൂരിപക്ഷം പേർക്കും കേസ്സ് നടത്തുന്നതിനാവശ്യമായ സമ്പത്ത് കണ്ടെത്താൻ കഴിയാത്തതുകൊണ്ട് തന്നെ തങ്ങളുടെ നിരപരാധിത്വം തെളിയിക്കുവാനോ, വധശിക്ഷയിൽ നിന്ന് രക്ഷപ്പെടുവാനോ സാധ്യമാകില്ല എന്നും ചിത്രം വിശദമാക്കുന്നു.

ദാരിദ്ര്യം, പലപ്പോഴും കുറ്റകൃത്യങ്ങൾക്ക് പ്രേരണയാകുന്നുണ്ടെന്നും, അതിലൊരു സംഭവമാണ്, ചലപതി റാവു എന്നയാൾ ഒരു ബസ് തട്ടിക്കൊണ്ടു പോയി ബസിന് തീയിട്ട് ഇരുപതോളം പേരെ ചുട്ടുകൊന്ന സംഭവമെന്നും ചിത്രം പറയുന്നു. അദ്ദേഹത്തിന് ഈ കുറ്റത്തിന് വധശിക്ഷ ലഭിക്കുകയും അപ്പീലിലൂടെ താല്കാലിക സ്റ്റേ നേടുകയും ചെയ്തു. ഈ ഇന്റർവ്യൂ നടക്കുമ്പോൾ, അയാൾ ശിക്ഷകാത്ത് ജയിലിൽ കഴിയുകയായിരുന്നു. വളരെ ദരിദ്രപൂർണമായിരുന്നു അയാളുടെ വീട്ടു സാഹചര്യങ്ങൾ. പട്ടിണി മൂലം നട്ടംതിരിഞ്ഞിരുന്ന കുടുംബത്തെ രക്ഷിക്കാൻ കവർച്ച നടത്താൻ തീരുമാനിക്കുകയായിരുന്നു ചലപതി റാവു. സമ്പത്തിന്റെയും അധികാരത്തിന്റെയും അഭാവമാണ് അയാളെ ഈ ശിക്ഷയിലേക്ക് നയിച്ചത്.

രാജ്യത്ത് നടന്നിട്ടുള്ള സമാനമായ സംഭവങ്ങളിൽ, ഉന്നത സാഹചര്യങ്ങളിലും സമുദായങ്ങളിലും പെട്ട കുറ്റവാളികൾക്ക് ചെറിയ ശിക്ഷകൾ മാത്രം കിട്ടി രക്ഷപെടുന്നതും സാധാരണമാണ്. വളരെ മോശമായ സാമൂഹ്യസാമ്പത്തിക സാഹചര്യങ്ങളിൽ നിന്നു വരുന്നവർക്കാണ് പലപ്പോഴും കഠിന ശിക്ഷകൾ അനുഭവിക്കേണ്ടി വരിക.

ദരിദ്ര പശ്ചാത്തലത്തിൽ നിന്നുള്ള വ്യക്തികൾക്ക് കെട്ടിച്ചമച്ച കുറ്റങ്ങളിലും കേസ്സുകളിലും പെട്ട് ശിക്ഷ നേരിടേണ്ടി വരുകയും പിന്നീട്, ഈ സംഭവത്തിലെ നിരാശയും, ദാരിദ്ര്യവും മൂലം ഇവർ കൊലപാതകങ്ങളിലേക്കും കവർച്ചകളിലേക്കും വഴിതിരിയുകയും ചെയ്യും. എന്നാൽ, ഈ വിഭാഗങ്ങളിലെ അവബോധത്തിന്റെയും, വിദ്യാഭ്യാസത്തിന്റെയും അഭാവം മൂലമാണ് കുറ്റകൃത്യങ്ങളിലേക്ക് അവർ നയിക്കപ്പെടുന്നതെന്ന സംവിധായികയുടെ നിലപാടിനോട് രാഷ്ട്രീയപരമായി യോജിക്കുവാൻ കഴിയില്ല. സംവിധായികയുടെ ഈ നിലപാട് സിനിമയിലൂടെ സ്ഥാപിക്കുവാൻ ശ്രമിക്കുന്നത് രാഷ്ട്രീയമായി തെറ്റും, ജാതിപരമായ മുൻവിധിയോടെയുള്ള ആരോപണവുമാണ്. എന്നാൽ, തൊഴിലില്ലായ്മ, അവസര നിഷേധങ്ങൾ, മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളുടെ നിഷേധം തുടങ്ങി നിരവധി കാരണങ്ങൾ കുറ്റകൃത്യങ്ങളിലേക്ക് നയിക്കുന്നുണ്ടാവാം.

ബലാത്സംഗം എന്നത്, സ്ത്രീകളുടേയും, കുട്ടികളുടേയും മേൽ മേൽക്കോയ്മ സ്ഥാപിച്ചെടുക്കുവാനുള്ള പ്രവർത്തനമാണ്. കുറ്റവാളികൾ മിക്കപ്പോഴും, കുടുംബാംഗങ്ങളോ, ബന്ധുക്കളോ, ഇരയ്ക്ക് പരിചയമുള്ളവരോ ആയിരിക്കും. ഇവിടെ ബലിയാടുകളാക്കപ്പെടുന്നതും, ശിക്ഷിക്കപ്പെടുന്നതും പാർശ്വവത്കൃത സമൂഹത്തിൽ നിന്നുള്ളവർ തന്നെയായിരിക്കും.

സാമൂഹ്യ പ്രവർത്തകയും, ഗാന്ധിജിയുടെ കൊച്ചുമകളുമായ ഇള ഗാന്ധിയുമായുള്ള അഭിമുഖത്തോടുകൂടിയാണ് വാണി സുബ്രമഹ്ണ്യം ഈ സിനിമ അവസാനിപ്പിക്കുന്നത്. ഗാന്ധി ഘാതകനായിട്ടുള്ള നാഥുറാം ഗോഡ്സെയെ വധശിക്ഷയിൽ നിന്നും എങ്ങനെ തടയാൻ ശ്രമിച്ചു എന്നാണ് അവർ പറയാൻ ശ്രമിക്കുന്നത്. വധശിക്ഷ, അഹിംസയെന്ന ഗാന്ധിയൻ ആശയത്തിന് വിരുദ്ധമാണ്. വധശിക്ഷ നിഷ്ഠൂരവും, മനുഷ്യത്വരഹിതവുമായ ശിക്ഷയാണെന്ന് സ്ഥാപിക്കുവാൻ സിനിമ ശ്രമിക്കുന്നുണ്ട്. വധശിക്ഷക്കെതിരെ, ദേശീയവും, അന്തർദ്ദേശീയവുമായി വാദിക്കുന്ന നിരവധി പ്രസ്ഥാനങ്ങളും, പ്രവർത്തകരും ഉണ്ടെങ്കിലും, ധാരാളം ആളുകൾ ഇത് പ്രതികാരത്തിന്റെയും, നീതിയുടേയും രൂപമായി കാണുന്നുണ്ട്. ഈ നിലപാടുകൾ കുറ്റകൃത്യങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തമല്ല. വധശിക്ഷയെ സംബന്ധിച്ച വികാരങ്ങളും, പൊതുജനാഭിപ്രായങ്ങളും സ്വരൂപിക്കുന്നതിന് സംവിധായിക പരാജയപ്പെട്ടു. വധശിക്ഷക്കെതിരെ നിലപാടുകൾ എടുക്കാൻ സ്റ്റേറ്റിന് പ്രേരണ നല്കാൻ ശ്രമിക്കുന്നതിനോടൊപ്പം തന്നെ, കുറ്റവാളികളെ പുനരധിവസിപ്പിക്കുന്നതിലേക്കും, പരിഷ്കരിക്കുന്നതിലേക്കും ചർച്ചകൾ വികസിക്കേണ്ടതുണ്ട്.

ഈ കേസ്സുകളിൽ ജുഡീഷ്യറിയുടെ കാര്യക്ഷമത ഇല്ലായ്മ, സമൂഹത്തിലെ താഴ്ന്ന ഘടനയിലുള്ളവർക്ക് അവരുടെ നിരപരാധിത്വം തെളിയിക്കുവാനോ, വധശിക്ഷയിൽ നിന്ന് രക്ഷപ്പെടുവാനോ ഉള്ള അവസരം നിഷേധിയ്ക്കുന്നതാണെന്ന് തെളിയിക്കുന്നു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഒരാളോടു പോലും നീതിയുക്തമായും സഹാനുഭൂതിയോടും പെരുമാറുന്നതിൽ പൊതുജനത്തിനും മാധ്യമങ്ങൾക്കും സാധ്യമാകുന്നില്ല എന്നതിനെ സൂചിപ്പിക്കുന്ന ഒരു സിംബലുപോലും സിനിമയിൽ അവതരിപ്പിക്കുവാൻ സംവിധായികയ്ക്ക് കഴിഞ്ഞിട്ടില്ല. 6 കേസ്സുകളിലേയും വിചാരണാ നടപടികൾ, പ്രതികളുടെ സാമ്പത്തിക സാമൂഹ്യ സ്ഥിതി എന്നിവ കേന്ദ്രീകരിച്ചാണ് ഈ ഡോക്യുമെന്ററിയുടെ അവതരണം. ഇതിലെ അഭിമുഖങ്ങൾ ഘടനാപരമായ ഫ്രെയിമിന് പുറത്ത് നടക്കുന്നതിനാൽ സ്വാഭാവികതയുടെ ആവിഷ്കാരമായി തീരുന്നുണ്ട്.

■

കഥ



**ശ്രീഷ്മ ഇ.**
മൂന്നാം വർഷ വിദ്യാർഥി
എം.എ. ജേർണലിസം ആന്റ്
മാസ്സ് കമ്മ്യൂണിക്കേഷൻ
കാലിക്കറ്റ് യൂണിവേഴ്സിറ്റി

# നിറമുള്ള പട്ടങ്ങൾ



കടലിലാകെ നിലാവ് പരന്നിട്ടുണ്ട്. രാത്രി തിളങ്ങുകയാണ്. തിരകളോരോന്നായി നക്ഷത്രങ്ങളേയും മടിയിലിട്ട് കടലിലേക്കെറിയുന്നതായി തോന്നും.

'പീറ്ററിനൊരു കാര്യമറിയാമോ? ഞാനിന്നേ വരെ എഴുതിയ വാക്കുകളെല്ലാം എനിക്ക് നേരെ ചോദ്യങ്ങളെറിഞ്ഞിട്ടേയുള്ളു. ദാ അതുപോലെ ഉത്തരം കിട്ടാത്ത കുറേയധികം ചോദ്യങ്ങൾ.'

അനുഭങ്ങൾ വന്നടിഞ്ഞ നെറ്റിയിലെ പരന്നു കാണുന്ന മറുകിൽ തടവിക്കൊണ്ട് ആകാശത്തിന്നഭിമുഖമായിക്കിടന്ന് രേവതിയുടെ വാക്കുകൾക്ക് ചെവി കൊടുക്കുകയായിരുന്നു പീറ്റർ.

ഈയിരുട്ടിൽ ഒച്ചവെക്കുന്ന ചീവീടിനെപ്പോലെ ജീവിതമെന്തെന്ന് ചോദിച്ച് തന്നെ ശല്യപ്പെടുത്തിയിരുന്ന ആ പാവാടക്കാരിയല്ല ഇന്ന് രേവതി. മലയാള സഹിത്യരംഗത്ത് പിച്ചവെച്ച് തുടങ്ങിയ കഥാകാരിയാണ്. അവളൊരു ശലഭമായിരുന്നു. പറന്നുയരാൻ ഇടമില്ലാതെ പോയവൾ. ഇരുപതിലെത്തിയപ്പോൾ കയറുമുറുക്കപ്പെട്ട കഴുത്ത് ഇപ്പോൾ സ്വതന്ത്രമാണ്. പ്രതിഭകൊണ്ടിപ്പോളവൾ വീണ്ടും പറന്നുയരാൻ ശ്രമിക്കയാണ്. ജീവിതത്തിലെ കയ്പു നിറഞ്ഞ അനുഭവങ്ങളാണവൾക്ക് എഴുത്തിൻറെ പടവുകളായതും ഉയിർത്തെഴുന്നേൽപ്പിന്റെ ഊർജ്ജമായതും.

'പീറ്റർ കേൾക്കുന്നുണ്ടോ?'

മനസ്സ് കലുഷമാകുമ്പോഴാണ് രേവതി വാചാലയാകാറുള്ളത്. അവളിപ്പോൾ അസ്വസ്ഥയാണെന്ന് സംസാരം തുടരാനുള്ള ഈ ചോദ്യത്തിൽ നിന്നും പീറ്റർ മനസ്സിലാക്കി.

'ഉവ്വ് പറഞ്ഞോളൂ.'

'ഈ കടലാസിലങ്ങനെ നീന്തിക്കളിക്കുന്ന പേനകളുണ്ടല്ലോ മനുഷ്യനിർമിതമെങ്കിലും അവ ഭാഗ്യം സിദ്ധിച്ചവയാണ്. എന്ത് രസമാണ് അക്ഷരങ്ങൾ വിതറുന്ന ശബ്ദം കേൾക്കാൻ! കടലാസിനെയുമ്മവെച്ച് ഇക്കിളിപ്പെടുത്തുന്ന മഷിയൊഴുക്കുകൾ. എന്തൊക്കെ രഹസ്യങ്ങളാണവർ പങ്കുവെക്കുകയെന്നറിയാമോ. അക്ഷരങ്ങളിൽ ചിലതിൻറെ ചുണ്ടുചോക്കുന്നതും ഇടക്കെന്റെ ശ്രദ്ധമാറ്റാൻ വരികൾ വളച്ചുവിടുന്നതും ഇവരുടെ തന്ത്രമാണ്. പക്ഷെ, വാക്കുകൾ പിറന്ന ശേഷം അവർ തമ്മിൽ അത്രയടുപ്പം കാണാറില്ല. വിള്ളൽ വീണ ദാമ്പത്യം പോലെ അവ ശിഷ്ടകാലമങ്ങനെ...'

നിശബ്ദത!

ഇവളുടെ കഥകളിലുമിതങ്ങനെയാണെന്ന് പീറ്ററോർത്തു. ആരംഭം പദക്കസർത്താണ്. പിന്നീടെവിടെയോ ഒരു നിശബ്ദത ഘനഭാരംപോലെ വന്നുമൂടുന്നതായിതോന്നും. ഇവളുടെ ജീവിതത്തിനും കണ്ണിലുണ്ടായിരുന്ന നിറങ്ങൾക്കും സംഭവിച്ച ഒച്ചയില്ലായ്മയുടെ ശേഷിപ്പായിരിക്കുമത്. മങ്ങിത്തുടങ്ങിയ ഒരു വെള്ളിവെളിച്ചം.

'കലാഗാഥ'യുടെ വാർഷികപരിപാടിയോടനുബന്ധിച്ച് ഈയൊരുമാസക്കാലം കടപ്പുറത്തെ ഈയിടത്തിൽ രാത്രിയെന്നോ പകലെന്നോ ഇല്ലാതെ ബഹളമായിരുന്നു. പാട്ടും, കഥയും, ചിരിയുമായി കുറേയധികം നേരം നമ്മൾ നമ്മളായി മാറുന്ന ഇടം. ഇവിടെയാരും ആരേയും ബന്ധിച്ചിടാറില്ല. 'കവിതയെഴുതുന്ന നേരം കറിയിലുപ്പു നോക്കാമായിരുന്നില്ലേ' എന്ന് പരിഹസിക്കാറില്ല. എല്ലാവരും അവരവരുടെ സങ്കടങ്ങളും സന്തോഷങ്ങളും എഴുതിയും വരച്ചും ഗസലിലൊഴുക്കിയും മനസ്സിനെ ശാന്തമാക്കും. അർദ്ധരാത്രിവരെ നീണ്ട ആഘോഷപരിപാടികൾക്ക് ശേഷം പലരും 'കലാഗാഥ'യുടെ മടിയിൽ പലയിടങ്ങളിലായി വീണുറങ്ങി. കടപ്പുറത്തിരുന്ന് കടലിലേക്ക് നോട്ടമെറിഞ്ഞ് നില്ക്കുകയായിരുന്ന രേവതിക്ക് കൂട്ട് നിന്നതാണ് പീറ്റർ. നാളെ എല്ലാവരുമിവിടെ നിന്നും പിരിഞ്ഞുപോയാൽ പിന്നെ ഈമുറിക്ക് താഴുവീഴും. വർണങ്ങളെല്ലാമുള്ളിലൊളിപ്പിച്ച് ഇനിയത് ഉറങ്ങിക്കിടക്കും.

ഒരുപക്ഷേ രേവതിയും ഇന്നവൾക്കായി ഒരാവരണം ഉണ്ടാക്കുമായിരിക്കും. അവളുടെ കളിചിരികളെല്ലാം മനസ്സിന്റെ നിർജീവത പടരുന്ന കോശങ്ങളിലേക്കെറിഞ്ഞ് കണ്ണുനീർ കത്തുന്ന ഉലയിൽനിന്നും അവളൊരു പൂട്ടുണ്ടാക്കും. പുറംലോകത്തിലെ കറുത്തവെളിച്ചം തൊട്ടുതീണ്ടാനനുവദിക്കാതെയുള്ള ഒരാവരണമായിരിക്കുമത്.

നഗരത്തിന്റെ ഒച്ചപ്പാടും നിലച്ചിരിക്കുകയാണ്. ഈ പെണ്ണിനുമിവനും നേരമല്ലാത്ത നേരത്ത് ഇവിടെയിരുന്ന് കടങ്കഥ പറയാൻ ഇത്ര ധൈര്യമോ എന്നന്വേഷിക്കാൻ ഒരു സദാചാരക്കാരനും വന്നതായിക്കണ്ടില്ല.

'പീറ്റർ, ഒന്ന് പാടാമോ?'

അവൾ പീറ്ററിനഭിമുഖമായി തിരിഞ്ഞിരുന്നു. തലചെരിച്ച് കടലിന്റെ അനന്തതയിലേക്ക് വീണ്ടും അവളുടെ കണ്ണുകളിറങ്ങിച്ചെന്നു.

'ചത്തുകിടക്കുന്ന വാക്കുകൾക്ക് ജീവൻ നൽകുന്നത് സംഗീതമാണ്. ചത്തുപോയ മനസ്സിന് ആശ്വാസം നൽകുവാനും അതിന് സാധിക്കുന്നു.'

ഉയർന്നും താഴ്ന്നും ശ്രുതിഭേതദങ്ങളിലൂടെ അന്തരീക്ഷത്തിലാകമാനം സഞ്ചരിച്ച് വരുന്ന സംഗീതം, മനസ്സിന്റെ ഏതെങ്കിലുമൊരു കോണിൽ ഞാൻ കുഴിച്ചിട്ട വേദനയെ കണ്ടെത്തുമായിരിക്കും. മനസ്സിനകത്ത് ഞാൻ മറച്ച് വച്ച ഓർമകളോരോന്നും കരൾകൊത്തി വലിയുമാറ് അത് വലിച്ചെടുക്കുമായിരിക്കും. അപ്പോഴെനിക്ക് കയറുപൊട്ടിയ പട്ടംപോലെ പ്രണയത്തിന്റെ ശൂന്യാകാശത്തിൽ കണ്ണുകളടച്ച്, പറന്ന്, മറിഞ്ഞ് ഒഴുകിയകലണം.

പിന്നിൽ മലർന്ന് കിടക്കുന്ന താടിരൂപത്തെ നോക്കി രേവതി വീണ്ടും പാടുവാനാവർത്തിച്ചു.

'............പ്രാണന്റെ പുഴയായി നീ സഖീ,
നമ്മിലലിയുന്ന തിരിയായി......'

ഗസൽ വരികളോരോന്നായി തിരകളിലൊഴുകാൻ തുടങ്ങി. തണുത്ത മണലിൽ കൈകളാഴ്ത്തി രേവതി ആകാശത്തേക്ക് നോക്കി. താരങ്ങളെക്കൂട്ട് വിളിക്കാതെ വന്ന ചന്ദ്രനെ നോക്കി മുഖം കനപ്പിച്ചു.

കണ്ണുകൾ കലാഗാഥയിലേക്കെത്തി. 'അവരിടങ്ങളിലേക്ക്.' ആ വീട് തിളങ്ങുകയാണ്. സഹൃദയരായ എത്ര മക്കളാണ് ആ മുറിയുടെ പള്ളയിലുള്ളത്! അവരുടെ ചങ്ങലക്കിടാത്ത കൈകൾകൊണ്ട് തീർത്ത വർണവിസ്മയങ്ങൾ പടർന്ന ചുമരുകൾ നിലാവെളിച്ചത്തിൽ എന്ത് ഭംഗിയാണ്! മൂന്ന് വർഷങ്ങൾക്ക്ശേഷം ഇക്കഴിഞ്ഞ രണ്ട് മാസം മുമ്പാണ് ഞാനിവിടെ തിരിച്ചെത്തിയത്. ഈ ഇടവും കൂട്ടുകാരും എന്നെ തോളോടുചേർത്തു, കരഞ്ഞു, ആശ്വസിപ്പിച്ചു. എഴുതാൻ പ്രോത്സാഹിപ്പിച്ചു. സ്ഥലം എന്ന മൂർത്തമായ സങ്കൽപ്പത്തിൽ നിന്ന് ഇടം എന്ന അമൂർത്തമായ ചിന്തയിലേക്കുള്ള ദൂരം പ്രസക്തമാകുന്നത് ഇവിടെയെത്തുമ്പോഴാണ്. ശാരീരികമായ സാന്നിധ്യംകൊണ്ട് ഓരോ ദിവസവും ഞാനലയുന്ന സ്ഥലത്തുനിന്നും വ്യത്യസ്തമായി എത്രയോ ഉന്നതിയിലാണ് ഇടത്തെ കണ്ടെത്താനാകുന്നത്. ആന്തരീകരിക്കപ്പെട്ട സ്വകീയമായ അനുഭവങ്ങളാണ് ഇടം സാധ്യമാക്കുന്നത്.

ഇല്ല, പാട്ടൊഴുക്കില്ല. നിലച്ചിരിക്കുന്നു. സ്വബോധത്തോടെ തിരിഞ്ഞുനോക്കി. ചരിഞ്ഞ് കിടന്ന് കൈകൊണ്ട് തലതാങ്ങി ഒരു ചെറുചിരി

യോടെ തന്നെ നോക്കിനിൽക്കുകയാണ് പീറ്റർ.
വയസ്സ് മുപ്പത്തിയാറായിട്ടും കെട്ടാതെ പാറുന്ന
പട്ടം.

'എന്താടോ, അടുത്ത കഥക്കുള്ളതൊക്കെ
കിട്ടിയിട്ടുണ്ടെന്ന് തോന്നുന്നു?'

രേവതിയുടെ വരണ്ട ചുണ്ടുകളിലപ്പോൾ
ചിരി വിരിഞ്ഞു. സ്നേഹക്കടലിലേക്കവൾ ഒരു
തോണിതുഴഞ്ഞിറങ്ങി. ഇത്രയുമെന്നെ വായി
ച്ചെടുക്കാനാവുക പീറ്ററിന് മാത്രമായിരിക്കും.
വീട്ടിലാരുമെന്നെ അറിയാൻ ശ്രമിച്ചിട്ടില്ല. അച്ഛന്റെ
നിർബന്ധം കാരണമാണ് ഞാനോടിനടന്നിരുന്ന
തൊടികളിലെല്ലാം വേലികൾ നിറഞ്ഞത്.
നന്ത്യാർവട്ടവും നാരകവും മണത്ത് നടന്നിരുന്ന
പച്ചയിടങ്ങൾ അതോടെ മനസ്സിൽനിന്നുമകന്ന്
പോയി.

ഞാൻ വിവാഹിതയായി എന്നെനിക്ക്
ബോധ്യപ്പെട്ടത് ആനന്ദിന്റെ അനിയത്തി എന്നെ
'നാത്തൂനേ' എന്ന് വിളിച്ചപ്പോഴായിരുന്നു.
അയാളുടെ ഓഫീസിലെ ശീതീകരണയന്ത്രത്തെ
പ്പോലെ ഞാൻ മരിച്ച് മരവിച്ച് ജീവിച്ച ദിനങ്ങളെ
മനഃപൂർവ്വം മറന്ന് കളയുകയാണ്. വർണക്കട
ലാസുകളിലൂടെ ആകാശത്ത് നോക്കുമ്പോൾ
കാണാറുണ്ടായിരുന്ന നിറഭേദങ്ങളെല്ലാം അപ്രത്യ
ക്ഷമായി, അവിടെ പരിഷ്കാരത്തിന്റെ, പൊങ്ങ
ച്ചത്തിന്റെ പ്രതിരൂപങ്ങളായി ജീവിക്കുന്ന മനു
ഷ്യരെന്ന് തോന്നിപ്പിക്കുന്നവർക്കിടയിൽ ഒരു
ചെറുശലഭം പോലെ ഞാൻ കുരുങ്ങിക്കിടന്ന
ദിനങ്ങളെക്കുറിച്ച് എനിക്കോർക്കാൻ പോലുമാകു
ന്നില്ല.

ജീവിതത്തെക്കുറിച്ചാലോചിക്കുമ്പോഴൊ
ക്കെയും ചോദ്യചിഹ്നങ്ങളുയർന്നുവന്നു. പാതിര
വരെ നീളുന്ന ഫോൺകോളുകളിൽ മതിമറന്ന്
പുതപ്പിനടിയിൽ ചുരുണ്ടുകൂടിക്കിടക്കുന്ന
ആനന്ദിന്റെ രൂപം എന്റെ ദാമ്പത്യത്തിനുമീതെ
വന്നടിഞ്ഞ ആദ്യ ചോദ്യചിഹ്നമായിരുന്നു. എത്ര
തട്ടിക്കുടഞ്ഞിട്ടും അഴിയാതിരുന്ന അയാളുടെ
ഫോൺലോക്കുകൾ 'ഭർത്താവിന്റെ ചെറിയ
കാര്യങ്ങൾ പോലുമറിയാത്ത മരുമകളായി' എന്നെ
വിശേഷിപ്പിക്കാൻ ആനന്ദിന്റെ അമ്മയെ
സഹായിച്ചു.

എപ്പോഴും ഒഴുകിപ്പരക്കാറുണ്ടായിരുന്ന
കണ്ണുനീരെടുത്ത് വരികളെഴുതിയ കടലാസുകൾ
മുറിയിലൊരിടത്തും കാണാതായി വന്നു. പകരം
'അവയുടെ സ്ഥാനം ചവറ്റുകുട്ടയിലാണെന്ന'
നിന്ദ്യമായ വാക്കുകൾ അവിടമാകെ ചിതറിക്കിടന്നു.
ചുമരിലെ ചിത്രങ്ങളിൽ പറന്നുകളിക്കുന്ന ചിത്ര
ശലഭങ്ങൾ മതിലുകൾക്കപ്പുറം കടക്കാനാകാതെ
പതിയെ എൻറെ കൈക്കുള്ളിലൊതുങ്ങിനിന്നു.
അവയുടെ പലതരം നിറങ്ങൾ എന്റെമേൽ പ്രതി
ഫലിക്കാൻ തുടങ്ങിയപ്പോഴാണ് 'കളർസെൻസി
ല്ലാത്ത നാത്തൂനായി' ഞാനറിയപ്പെട്ടത്. ഞാനി
ന്നെത്ര സന്തോഷവതിയാണ്. അതിനെത്ര
ദൈർഘ്യമുണ്ടെന്ന് എനിക്കറിയില്ല. പക്ഷേ
ഞാനെന്നെത്തന്നെ കണ്ടെടുക്കുന്നത് ഈയിട
ത്തെത്തുമ്പോഴാണ്. ഓരോ പരിസരവും ആർക്കെ
ങ്കിലുമൊക്കെ അനുകൂലമാണ്. ഇനിയെവിടെ
യെത്തിയാലും എന്റെയിടത്തെ എനിക്ക് കണ്ടെ
ടുക്കാനാകും.

തിരകളോരോന്നായി വന്നടിച്ച് പതയുക
യാണ്. തീരത്തെ ആശ്വസിപ്പിച്ച് കൊണ്ട് മടങ്ങു
കയാണവ. കടലതിൻറെ മനസ്സ് ശാന്തമാക്കു
ന്നുണ്ടായിരിക്കാം. പകൽ ഒരുപാട് പേരുടെ പരിഭവം
പറച്ചിലുകളും കേട്ട് മടുത്തിരിക്കുകയല്ലേ.

'നമുക്കനുവദിച്ച് കിട്ടിയ സമയം തിരക്കു
പിടിച്ച പകലുകളാണ്. അവിടെ വെളിച്ചമുണ്ടെ
ങ്കിലും ഇരുട്ടാണ്. പകലാണ് മനുഷ്യർ കൃത്രിമ
വെളിച്ചം കത്തിച്ച് നടക്കുന്നത്' പീറ്റർ വെറുതെ
യങ്ങനെ പറഞ്ഞു.

'പക്ഷെ, രാവിലും പകലിലും ഒരുപോലെ
ജീവിതമുണ്ട്. പകൽ ആരൊക്കെയോ തീർത്ത
വലയത്തിനുള്ളിലാണ് നമ്മുടെ ജീവിതം. എന്നാൽ
രാത്രിയിലാണ് നാമെല്ലാമൊറ്റക്കാണെന്ന സത്യം
തലക്കുമുകളിൽ വന്ന് കൂടുന്നത്. പിറ്റേന്ന്
രാവിലെ വരെ മാത്രം ദൈർഘ്യമുള്ള വേദനാ
പൂർണമായ ഒരു തിരിച്ചറിവാണത്'.

നാളെ മുതൽ താൻ വീണ്ടും ഒറ്റക്കാ
ണെന്ന ബോധം അവളിലെവിടെയോ ഉറങ്ങി
ക്കിടക്കുന്നത് പോലെയൊരു ധ്വനി ആ വാക്കു
കളിലുണ്ടായിരുന്നു. ജീവിതത്തെക്കുറിച്ചാലോചി
ക്കേണ്ടിവരുന്നത് ഓർക്കാപുറത്തോരോ അടി
വന്നേൽക്കുമ്പോഴാണ്. നശ്വരമെന്ന് നാം കരു
തുന്ന എന്നാൽ കടലായ ജീവിതത്തിൽ ഇത്തിരി
പ്പോന്ന ആഘാതങ്ങൾ വന്ന് വീഴുമ്പോൾ അനു
ഭവപ്പെടുന്ന നിസ്സഹായത അതിഭീകരമാണ്.
ആദർശവാക്യങ്ങളെ തല്ലിത്തകർക്കാൻ തോന്നുക
ആ സമയമാണ്. ജീവിതമെന്തെന്ന് മനസ്സിലാ
ക്കാൻ ദുരന്താനുഭവങ്ങളുടെ വരവിനായി കാത്തി
രിക്കേണ്ടി വരുന്നത് ദൈവത്തിന്റെ ക്രൂരമായ
ശിക്ഷയായിരിക്കാം...

തിരമായ്ക്കാത്ത രണ്ട് കാൽപ്പാടുകൾ കര
യിലൂടങ്ങനെ മുന്നോട്ട് നീങ്ങുകയാണ്. എവിടെ
നിന്നോ പാറിവന്ന ഒരു പട്ടം അവരിരുവർക്കുമി
ടയിലുടക്കി നിന്നു. പൊട്ടിയ കയറിന്റെ ചെറിയ
കുരുക്കുകളഴിച്ച് രേവതി അതിനെ അയച്ചുകെട്ടി
വലുതാക്കി. നിറമുള്ള ആ പട്ടം വാനിലേക്കുയ
ർത്തിവിട്ടു. ഉള്ളിലൊളിപ്പിച്ച നിറങ്ങളൊക്കെയും
അതിനോടൊപ്പം ഉയർന്നുപൊങ്ങാൻ തുടങ്ങി.

■



കവിത



**നീതു കെ. ആർ.**
ഗവേഷക
കോഴിക്കോട് സർവ്വകലാശാല

# വാഴ്ത്തപ്പെടുമ്പോൾ

**ക**ന്യാമറിയമെന്ന വാഴ്ത്തപ്പെടൽ
പ്രകൃതിക്ക് നേരെയുള്ള
കണ്ണ് കെട്ടലാണ്
കന്യകാത്വമെന്ന ബാധ്യതയുടെ
കുരിശുതാങ്ങി നടന്നവൾ
വിശുദ്ധ മറിയമെന്ന്
വിളിക്കപ്പെടുമ്പോഴും
സംശയത്തിന്റെ പരിഹാസത്തിന്റെ
മുൾച്ചെടിയിൽ
എത്ര തവണ
കുരുങ്ങിപ്പിടഞ്ഞിരിക്കും?

ദൃശ്യപ്പെടാതെ
എത്ര കല്ലുകൾ കൂർപ്പിച്ച്
ഇരുൾ മറവിൽ അവൾക്ക്
നേരെ ഉയർന്നിരിക്കും?
‘പാപം ചെയ്യാത്തവർ
കല്ലെറിയട്ടെ’ എന്ന ദൈവപുത്ര
വചനം കേൾക്കെ എത്ര ചുണ്ടുകൾ
നീ പാപിയുടെ മകനെന്ന് പുച്ഛത്തോടെ
പിറുപിറുത്തിരിക്കും?
കുരിശു ചുമന്നതിനാൽ
പാപത്തിന്റെ ശമ്പളം മരണമെന്ന്
അവൾ കേൾക്കെ ഉയർന്നിരിക്കും?

അത്ര സുഖകരമാവില്ല
ചിതറിപ്പോകാതെ മുട്ടത്തോടിനു
മുകളിലൂടെ നടക്കേണ്ടിവരുന്ന
സാഹസവും സൂക്ഷ്മതയും
ജീവിതം അതാകുമ്പോൾ

നിങ്ങൾക്കവളെ വിശുദ്ധയാക്കാം
നിത്യകന്യകയാക്കാം
ദൈവമാതാവാക്കാം

ചാർത്തപ്പെട്ട വിശേഷണത്തിൻറെ
ദൈവസ്തതയിൽ
ജൈവസ്തത നഷ്ടപ്പെട്ടവൾ
കാമനകൾ ദ്രവിച്ച്
പുഞ്ചിരികൂടി ദൈവത്തിനു
ദാനം നൽകി മരണത്തിന് മുൻപേ
സ്വയമൊരു ശില്പമായിട്ടുണ്ടാകാം.

*കവിത ലേഖനങ്ങൾ എന്നിവ ആനുകാലിക
ങ്ങളിൽ പ്രസിദ്ധീകരിച്ചു വരുന്നു.
2019 ലെ കെ.എസ്.ബിമൽ ക്യാമ്പസ് കവിത
പുരസ്ക്കാരം ലഭിച്ചു.*

ഉപ്പും മുളകും



പി. ഗീത

# സൈബറിടങ്ങൾ സ്ത്രീ വിരുദ്ധമാകുന്നത്

**കാ**ലാകാലങ്ങളായി വീടകങ്ങളിലേക്ക് ഒതുക്കപ്പെടുകയും മെരുക്കപ്പെടുകയും ചെയ്ത സ്ത്രീകൾ അത്യപൂർവമായ കുതിച്ചു വരവാണ് സാമൂഹ്യ മാധ്യമങ്ങളിലൂടെ നടത്തിയത്. നിഷേധിക്കപ്പെട്ട യഥാർഥ ലോകത്തിനു പകരം അവിചാരിതമായി തുറന്നു കിട്ടിയ അതീത ലോകത്തിന്റെ വാതിലുകൾ തള്ളിത്തുറന്ന് അന്നോളം ഒളിപ്പിച്ച് അടക്കി നിർത്തിയിരുന്ന തങ്ങളെത്തന്നെ അവളുമാർ സ്വയം ആവിഷ്കരിച്ചു തുടങ്ങി. രക്ഷക ബിംബങ്ങളായ ദൈവപിതാക്കളുടെ – സമ്മതം നല്കുന്ന പുരുഷന്മാർ, പ്രസിദ്ധീകരണക്കാർ, ഞാൻ പഠിപ്പിച്ചു തരാം മട്ടിലുള്ള പ്രൊമോട്ടർമാർ എന്നിങ്ങനെ – ആവശ്യമോ സമ്മതമോ അനുഗ്രഹമോ വേണ്ടാത്തവരായി മാറിയ പെണ്ണുങ്ങളെ ഒരല്പം ഭീതിയോടെയും സംശയത്തോടെയുമാണ് ആണധികാര വ്യവസ്ഥ കണ്ടത്. ആദ്യഘട്ട പകപ്പിൽ നിന്ന് മുക്തരായപ്പോൾ ഈ സ്ത്രീകളുടെ ദൃശ്യത തകർക്കാനുള്ള (അ) ബോധപൂർവവും അദമ്യവുമായ ത്വര പുരുഷന്മാരിൽ ശക്തമായി. സ്ത്രീക്കെതിരായുള്ള ഈ പുരുഷ പ്രതിരോധത്തിന്റെ ബഹുമുഖ പ്രതികരണങ്ങളാണ് ഇന്നു സൈബറിടങ്ങളിൽ നടമാടിക്കൊണ്ടിരിക്കുന്നത്.

പ്രതികരിക്കുന്ന സ്ത്രീയെപ്പറ്റി ചിന്തിക്കാൻ പോലും കേരളീയ പൗരുഷം എത്ര അശക്തമാണെന്ന് നമ്മെ അദ്ഭുതപ്പെടുത്തുന്ന കാര്യമാണ്. യഥാർഥ ലോകത്തിൽ അശ്ലീലം പറഞ്ഞും അപവാദം പ്രചരിപ്പിച്ചും ശാരീരികമായി ആക്രമിച്ചും മദ്യപിച്ചും കയറിപ്പിടിച്ചും അവന്മാർ നടത്തിയ പേക്കൂത്തുകളുടെ അതേ മാതൃകകൾ തന്നെയാണ് അതീത ലോകത്തും അനുവർത്തിച്ചത്.

സ്ത്രീകളുടെ സ്വയം ആവിഷ്കാരങ്ങളുടെ വ്യത്യസ്തമാതൃകകൾ നമുക്കു സാമൂഹ്യ മാധ്യമ രംഗത്തു കാണാം. ഫേസ് ബുക്ക്, വാട്ട്സ്ആപ്പ്, ടെലഗ്രാം, ഇൻസ്റ്റഗ്രാം എന്നു തുടങ്ങി അവർക്കു സ്വയം പല മട്ടു പ്രത്യക്ഷപ്പെടാവുന്ന നിരവധി പ്ലാറ്റ്ഫോമുകൾ. ഏതു നേരവും ഏതു സ്ഥലവും ആകാം. സ്വന്തം വികാര വിചാരങ്ങളും കവിതകളും കഥകളും ഫോട്ടോകളും സാമൂഹിക രാഷ്ട്രീയ പ്രതികരണങ്ങളുമായി അവർ സാമൂഹ്യ മാധ്യമങ്ങളിൽ സജീവമായി. അതോടെ ഈ പൗരുഷം പതിന്മടങ്ങ് അസഹിഷ്ണുക്കളും അസ്വസ്ഥരുമായി. സ്വന്തം സ്വത്ത് കൈമോശം വന്ന പോലെ അവർ വിറളി പിടിച്ചു. വീടിനുള്ളിൽ സംശയ രോഗികളും അധമ ബോധമുള്ളവരുമായ പുരുഷന്മാർ അവരുമായി ബന്ധപ്പെട്ട സ്ത്രീകളെപ്പറ്റി ഉത്കണ്ഠാകുലരായി. തങ്ങളറിയാത്ത തങ്ങൾക്കു പരിശോധിച്ചറിയാൻ കഴിയാത്ത ദിക്കുകളിലെ സ്ത്രീദൃശ്യത അവരെ രോഗാതുരരാക്കി. സാമൂഹ്യ മാധ്യമങ്ങളിലെ സ്ത്രീമുഖത കുടുംബകോടതികൾ വരെയെത്തി. ഇതു കുടുംബത്തിനുള്ളിലെ കാര്യങ്ങൾ.

ഇനി സാമൂഹ്യ ജീവിതമുള്ള സ്ത്രീകളെ നേരിടാൻ പല പേരുകളിൽ ഒറ്റക്കും കൂട്ടായും പുരുഷ സമൂഹം കച്ചകെട്ടിയിറങ്ങി. അതിനവർ പല വഴികളും ബാനറുകളും ഉപയോഗിച്ചു.

അതിൽ മുഖ്യമായത് രാഷ്ട്രീയ പാർട്ടികളുടെ സൈബർ പോരാളി സംഘങ്ങൾ ആണ്. വിമർശനപരമായി നിലപാടെടുക്കുന്ന സ്ത്രീകളെ അവർ കൂട്ടമായി ആക്രമിക്കും. വ്യക്തിഹത്യ, സ്വഭാവഹത്യ, തെറികൾ, അശ്ലീല അപവാദങ്ങൾ ഇങ്ങനെ ഏതു മാർഗമുപയോഗിച്ചും അവർ എതിർ നില്ക്കുന്ന സ്ത്രീയെ മാനസികവും വൈകാരികവുമായി തകർക്കാൻ ശ്രമിക്കും. എന്തും ആരോപിക്കും എങ്ങനെയും പറയും. അവളെ സാമൂഹ്യമായി റദ്ദാക്കാൻ എത്ര ഹീനമായ ശ്രമവും നടത്തും. ഇത്തരത്തിൽ രാഷ്ട്രീയ സൈബർ മാഫിയയാൽ ഏറ്റവും നീചമായി ആക്രമിക്കപ്പെട്ട സ്ത്രീയാണ് കെ കെ രമ. രാഷ്ട്രീയ രംഗത്തുള്ള ഒട്ടുമിക്ക സ്ത്രീകളും പല തരം സൈബർ ആക്രമണങ്ങൾ നേരിടുന്നുണ്ട്.

സൈബർ രംഗത്തുള്ള മറ്റൊരു അക്രമി സംഘമാണ് ഫാൻസ് അസോസിയേഷനുകൾ എന്ന പേരിൽ പ്രവർത്തിക്കുന്ന ഒരു വിഭാഗം. ഇവർ ഏതെങ്കിലും ഒരു നടന്റെ പേരിലാണു പൊതുവേ കണ്ടു വരുന്നത്. ആ നടനെപ്പറ്റി അവർക്ക് അനഭിമതമെന്നു തോന്നുന്ന പരാമർശം, അതൊരു വിമർശനം പോലും ആകണമെന്നില്ല, ഒരു സ്ത്രീയിൽ നിന്നുണ്ടായാൽ വെട്ടുകിളിക്കൂട്ടം പോലെയെത്തി അവളെ കൊത്തി നുറുക്കിക്കളയും. സ്ത്രീ പുരുഷശരീരങ്ങളിലെ ലൈംഗിക അവയവങ്ങൾ, ലൈംഗിക ബന്ധം, വിസർജ്യങ്ങൾ എന്നിവയാണ് ഇവൾക്കു നേരെ സമൂഹമാധ്യമങ്ങളിലൂടെ വാരിയെറിയുക. ഒരു നിമിഷം കൊണ്ട് അനേകം ഫേയ്ക്ക് ഐഡികളിൽ നിന്ന് അവർ ആക്രമണം നടത്തും. എല്ലാം ഏതാണ്ട് ഒരേ ഭാഷയാവും. ഒരേ തരം പ്രയോഗങ്ങളുമാകും. മമ്മൂട്ടി ഫാൻസിൽ നിന്ന് പാർവതി തെരുവോത്തിനും അല്ലൂ അർജുൻ ഫാൻസിൽ നിന്ന് അപർണാ പ്രശാന്തിക്കും നേരിട്ട ആക്രമണങ്ങൾ ഉദാഹരണങ്ങൾ.

മൂന്നാമതൊരു വിഭാഗം കൂടുതൽ കപട വേഷധാരികളാണ്. സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ എന്നാണ് ഇവർ സ്വയം വിശേഷിപ്പിക്കുക. തങ്ങളുടെ എതിരാളിയെപ്പറ്റി ഇവർ തെറികളൊന്നും പ്രത്യക്ഷത്തിൽ പറയുകയില്ല. അവളെയും അവളുടെ കുടുംബത്തെയും പറ്റി കൗണ്ടർ ടെക്സ്റ്റുകളുണ്ടാക്കി വ്യാപകമായി പ്രചരിപ്പിക്കുകയാണ് ഇവരുടെ വഴി. പരിഹാസം നട്ടാൽ കുരുക്കാത്ത നുണകൾ വസ്തുതകൾ വളച്ചൊടിക്കൽ, കുടുംബത്തെപ്പറ്റി മൊത്തമായി അപഖ്യാതി പരത്തൽ എന്നിവയാണ് ഇവരുടെ സ്മിയർ കാമ്പൈനിങ്ങിന്റെ മാർഗം. ഈ വൈറ്റ് കോളർ അക്രമണ മാർഗം മറ്റെല്ലാവരെയും കാൾ സുരക്ഷിതവും ശക്തവുമാണ്. എതിരാളിയെ അസാധുവാക്കി റദ്ദുചെയ്യാനുള്ള എല്ലാ തരം ചതിപ്രയോഗങ്ങളുമടങ്ങിയ ഈ സ്മിയർ കാമ്പെനിങ് മാന്യ പരിവേഷമുള്ള സൈബർ അക്രമികളുടെ വിഷലിപ്തമായ സ്ഥിരം രീതിയാണ്. പുരുഷ ലിംഗം ബലപൂർവം യോനിയിലേക്കു പ്രവേശിപ്പിക്കൽ (പെനിട്രേഷൻ) മാത്രമല്ലല്ലോ ബലാത്സംഗത്തിന്റെ പരിധിയിൽ വരുന്നത്. അതുപോലെ തെറികൾ മാത്രമല്ല ഒരു പെണ്ണിനെ അപമാനിക്കാനുള്ള വഴിയെന്ന് ബുദ്ധിമാന്മാരായ ഇവർക്കു നന്നായറിയാം. അതിന് സെക്സ് റാക്കറ്റിലെ ഏജൻറ്സ് സ്ത്രീകളാക്കുന്നതു പോലെ സുരക്ഷിതമായ വഴി ഇവരും അവലംബിക്കും - വിശ്വസ്തതകളായ ചില പെൺ സുഹൃത്തുക്കളെ കൂടി ഈ പ്രചരണത്തിനു ചുമതലപ്പെടുത്തും. സൈബർ നിയമത്തിൽ നിന്ന് 66 A എടുത്തു കളഞ്ഞതാണ് ഇക്കൂട്ടരുടെ പ്രത്യക്ഷ വീരവാദം.

മാന്യതയുടെ മുഖംമൂടിയണിഞ്ഞ ഈ വിഭാഗക്കാർ കൃത്യമായും പി ആർ ഏജൻസിക്കു കീഴിൽ പ്രവർത്തിക്കുന്ന അനുയായികളാവും. പലപ്പോഴും അതവർ തിരിച്ചറിയുന്നുണ്ടാവില്ലെങ്കിലും. നാട്ടിലും വീട്ടിലും കേറിക്കളിക്കുന്ന ഇത്തരം അക്രമിസംഘങ്ങൾക്ക് ഉദാഹരണങ്ങൾ എത്ര വേണമെങ്കിലുമുണ്ട്.

മറ്റൊരു പ്രബല വിഭാഗം മതത്തിന്റെയും വർഗീയ വാദത്തിന്റെയും പേരിൽ പ്രവർത്തിക്കുന്ന സൈബർ വിങ്ങുകളാണ്. അവരുടെ പ്രധാന ലക്ഷ്യം അവിശ്വാസിനികളോ യുക്തിവാദിനികളോ അന്ധവിശ്വാസിനികളല്ലാത്തവരോ ആയ സ്ത്രീകൾ ആണ്. ശബരിമല സ്ത്രീ പ്രവേശത്തിന്റെ സമയത്ത് ഹിന്ദു മതത്തിന്റെ അനുയായികൾ സ്ത്രീകൾക്കു നേരെ സൈബറിടത്തിൽ കടുത്ത അക്രമണങ്ങൾ തന്നെ അഴിച്ചുവിട്ടു. ബിന്ദു അമ്മിണിക്കും കനക ദുർഗക്കുമെതിരെ സാമൂഹ്യ മാധ്യമങ്ങളിലൂടെ നടന്ന ആക്രമണങ്ങൾ ഉദാഹരണങ്ങൾ. ജസ്ലാമാടശ്ശേരിയും വി പി റജീനയും ഇസ്ലാം മതത്തിൽ നിന്നും തത്തുല്യമായ ആക്രമണങ്ങൾ നേരിട്ടു. കന്യാസ്ത്രീ സമരത്തിൽ പങ്കെടുത്ത സിസ്റ്റർ ലൂസി ക്രിസ്ത്യൻ മതവിഭാഗത്തിൽ നിന്നും ഈദൃശമായ സൈബർ ആക്രമണങ്ങൾക്കു വിധേയയായി. എല്ലാ മതങ്ങളുടെയും ലക്ഷ്യം സ്വതന്ത്ര ബുദ്ധികളായ സ്ത്രീകൾ തന്നെയാണെന്നു കാണാം.

ഇനിയുള്ളൊരു വിഭാഗം അത്യാവശ്യം ഞരമ്പൻമാരായ വിജയൻ നായർമാരാണ്. സ്വന്തം യൂട്യൂബ് ചാനലിന്റെ പരസ്യത്തിനും പ്രചരണത്തിനുമായി ഇവന്മാർ സ്ത്രീകളെപ്പറ്റി തെറികൾ വിളിച്ചു പറഞ്ഞു കൊണ്ടിരിക്കും. മറ്റു മൂന്നു വിഭാഗങ്ങളെ അപേക്ഷിച്ച് ദുർബലരും മനോവികലരുമാണ് ഇക്കൂട്ടർ. അതു കൊണ്ടു തന്നെ ഇവരുടെ ആഭാസത്തരങ്ങൾ പുറത്തു കൊണ്ടുവരാൻ താരതമ്യേന എളുപ്പമാണ്.

ഇത്തരം സൈബർ കുറ്റവാളികളെ നിയമത്തിനു മുമ്പാകെ കൊണ്ടുവരൽ വളരെ വിഷമകരമാണ്. അതിന് പല കാരണങ്ങൾ ഉണ്ട്. ഏറ്റവും പ്രധാനം സൈബർ നിയമങ്ങളുടെ അപര്യാപ്തത തന്നെയാണ്. ഉണ്ടായിരുന്ന 66 A എടുത്തുകളഞ്ഞത് അക്ഷരാർഥത്തിൽ പാരയായത് സ്ത്രീകൾക്കാണ്.

ഈ അപമാനം പോലീസിനെ പറഞ്ഞു ബോധ്യപ്പെടുത്തുകയെന്നത് സ്ത്രീകളെ സംബന്ധിച്ച് എത്രമാത്രം ക്ലേശകരമാണെന്നത് അനുഭവിച്ചവർക്കറിയാം. കാരണം യഥാർഥത്തിൽ സ്ത്രീകൾ നേരിട്ടു കൊണ്ടിരിക്കുന്ന അപമാനങ്ങളെക്കുറിച്ചു തന്നെ മനസിലാക്കാൻ ശേഷിയില്ലാത്ത പോലീസിങ് സംവിധാനമാണ് കേരളത്തിലുമുള്ളത്. നിങ്ങളെ അവർ തൊട്ടില്ലല്ലോ, തെറി വിളിച്ചില്ലല്ലോ, ഫേസ് ബുക്ക് വേണ്ടാന്നു വെച്ചാലെന്താ, കമൻറുകൾ ഡിലീറ്റു ചെയ്താൽപ്പോരെ, അപമാനിക്കുന്ന ആളെ ബ്ലോക്കു ചെയ്താൽപ്പോരെ എന്നു തുടങ്ങി പല വിഡ്ഢിത്തങ്ങളും ഉയർന്ന പോലീസുദ്യോഗസ്ഥന്മാർ പോലും ചോദിക്കുമെന്നതാണ് രസകരം. അവരുടെ മറ്റൊരു പരിമിതി സാമൂഹ്യ മാധ്യമങ്ങളെപ്പറ്റിയുള്ള തെറ്റിദ്ധാരണകളും അജ്ഞതയും അതിന്റെ സാങ്കേതികതയുമാണ്. യഥാർഥ ഐ ഡി കൾ കണ്ടെത്തൽ, ഫേയ്ക്ക് ഐ ഡി കൾ തിരിച്ചറിയൽ, ഫേസ് ബുക്കുമായുള്ള കത്തിടപാടുകൾ എന്നിങ്ങനെ അത്ര പരിചിതമല്ലാത്ത വഴികളിലൂടെ അവർക്കു സഞ്ചരിക്കേണ്ടി വരുന്നു. അതിനു പര്യാപ്തമായ പരിശീലനങ്ങളൊന്നും അവർക്കു വേണ്ടത്ര കിട്ടിയിട്ടില്ല താനും. പിന്നെ ഏറ്റവും മുഖ്യമായത് സ്ത്രീപക്ഷതയുടെയും ജനാധിപത്യ ബോധത്തിന്റെയും അഭാവവും. അതു കൊണ്ടു തന്നെ നിയമങ്ങളുടെ അപര്യാപ്തത പോലെത്തന്നെ കേരളാ പോലീസിന്റെ സ്ത്രീവിരുദ്ധ മനോഭാവവും അജ്ഞതകളും സൈബർ കുറ്റവാളികളെ രക്ഷിക്കുന്ന പ്രധാന ഘടകമാണ്.

സൈബർ കുറ്റവാളികളെ സുരക്ഷിതരാക്കുന്ന മറ്റൊരു ഘടകം രാഷ്ട്രീയ, മത സംഘടനകളുമായി അവർക്കുള്ള ബന്ധമാണ്. സ്ത്രീകളെ അപമാനിച്ച കേസിൽ ജാമ്യത്തിലിറങ്ങിയ പല സൈബർ കുറ്റവാളികളെയും അക്ഷരാർഥത്തിൽ രക്ഷിക്കുന്നത് രാഷ്ട്രീയ, സംഘടനകൾ കൂടിയാണ് എന്നതാണ് യാഥാർഥ്യം.

കൃത്യമായ നിർവചനങ്ങളോടുകൂടി കൃത്യമായ നിയമങ്ങൾ സൈബർ മേഖലയിൽ സവിശേഷമായി ഉണ്ടാകേണ്ടിയിരിക്കുന്നു. 66 A പുന: സ്ഥാപിക്കാനുള്ള നടപടികളും സ്ത്രീ സംഘടനകളുടെ ഭാഗത്തു നിന്നും ആവശ്യമാണ്. അതോടൊപ്പം പോലീസിങ് സംവിധാനത്തെ സ്ത്രീപക്ഷ ബോധമുള്ളവരാക്കാനുള്ള പരിശീലനവും അത്യാവശ്യമാണ്.

■

വഴിത്താരകൾ



**ജാനകി**
*കോഴിക്കോട് സർവ്വകലാശാല ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*

# പിഴക്കാത്ത നാവുകൾ

**ഫീ**ലോമൽ വീണ്ടും മനസ്സിൽ നിറയുന്നു. അറിയുമോ അവളെ ? ഹൃദയഭേദകമായ ഗ്രീക്ക് പുരാണ കഥയിലെ നായികയാണവൾ. യവന പുരാവൃത്തങ്ങളിലെ ദേവന്മാരുടെ ക്രൂരതയും സ്വാർത്ഥതയും ഹിംസാത്മകതയും ചെറുപ്പ കാലങ്ങളിൽ എന്നെ ഞെട്ടിച്ചിട്ടുണ്ട്. മനുഷ്യർ ദൈവങ്ങളേക്കാൾ അലിവും, സ്നേഹവും സഹാനുഭൂതിയും, നീതിബോധവും ഉള്ളവരാണെന്ന് തോന്നിയിട്ടുണ്ട്.സഹോദരി ഭർത്താവിന്റെ കാമാർത്തിയിൽ ബലികഴിക്കപ്പെട്ട കുമാരിയാണ് ഫീലോമൽ. ഏടത്തിയോട് അനുജത്തി തന്റെ അനുഭവത്തെ കുറിച്ച് പറയാതിരിക്കാൻ, അവളെ ലൈംഗികമായി പീഡിപ്പിച്ച സഹോദരി ഭർത്താവായ രാജാവ് അവളുടെ നാവു പിഴുതുമാറ്റുന്നു. സമർത്ഥമായി നെയ്തെടുത്ത ചിത്രകംബളത്തിലൂടെ അവൾ തനിക്കു മേൽ നടന്ന അക്രമത്തെ കുറിച്ച് സഹോദരിയെ അറിയിക്കുന്നു. പ്രതികാരാഗ്നിയിൽ സ്വന്തം മകനെ വധിച്ച്, അച്ഛന് വെച്ചു വിളമ്പി, തങ്ങളുടെ ക്രോധത്തെ തീർക്കാൻ ശ്രമിക്കുന്ന സഹോദരിമാരെ രോഷാകുലനായി അയാൾ പിന്തുടരുമ്പോൾ ദേവതകൾ അവരെ പക്ഷികളാക്കി മാറ്റുന്നു ഫിലോമൽ കുയിലായും, സഹോദരി കുരുവിയായും രൂപാന്തരം പ്രാപിച്ചു പറന്നു പോവുകയാണ്. രാപ്പാടിയുടെ അതിമധുരമായ സംഗീതത്തിൽ തുടിക്കുന്നത് കടുത്ത വേദനയാണെന്നു പിന്നീട് കവികൾ പാടി. പല രചനകളിലും ശബ്ദം അടിച്ചമർത്തപ്പെട്ടിട്ടും പ്രതിഷേധിക്കുന്ന നീതിയുടെ സ്വരമായി ഫിലോമൽ പുനർജനിച്ചു.

മുത്തശ്ശിക്കഥകളിൽ നമ്മൾ പ്രതീക്ഷിക്കുന്ന ശുഭകരമായ അന്ത്യമോ, പ്രതീക്ഷയോ, സന്തോഷമോ തരാത്ത ഈ കഥ സമകാലീന ഭാവനയിൽ ഫീനിക്സ് പക്ഷിയെ പോലെ വീണ്ടും ഉയിർത്തെഴുന്നേൽക്കുന്നതു കാണാം. ഇന്നത്തെ



**വില്യം ബൂഗറോവിന്റെ ചിത്രം**
**Philomel and procne**

മനുഷ്യ ലോകത്തു സ്ത്രീകളടങ്ങുന്ന ദുർബല വിഭാഗങ്ങൾ അനുഭവിച്ചു തീർക്കുന്ന കൊടിയ ഹിംസകളായിരിക്കാം ഇത്തരം ഐതിഹ്യങ്ങൾക്കു പുത്തൻ ചിറകുകൾ നൽകുന്നത്. നൊബേൽ സമ്മാന ജേതാവായ ലൂയിസ് ഗ്ലക്കിന്റെ കവിതകളിൽ പെർസെഫോണി ആവർത്തിച്ച് ആവാഹിക്കപ്പെടുന്നതും വെറുതെയല്ല.നീതി ലഭിക്കുമെന്ന പ്രതീക്ഷ ഇല്ലാത്ത കാലങ്ങളിൽ, മൗനം ഘനീഭവിക്കുന്ന ഘട്ടങ്ങളിൽ, നാവടങ്ങാൻ വിസമ്മതിക്കുമ്പോൾ, ഇന്നും നാവുകൾ വെട്ടിമാറ്റപ്പെടുന്നു.

ഫീലോമലിൽ നിന്നും ഹാത്രസിലെ പെൺ കുട്ടിയിലേക്കു അധികം ദൂരമില്ല. മുറിഞ്ഞ നാവു കളിൽ നിന്ന് വാക്കുകളും, ശാപങ്ങളും ഇറ്റു വീണുകൊണ്ടിരിക്കുകയാണ്. നെറികെട്ട കാല ത്തിന്റെ പ്രതീകമായി നാവറുക്കപ്പെട്ട നായകന്റെ ദൃശ്യത്തിലാണ് ഗോവിന്ദ് നിഹ്ലാനിയുടെ എൺ പതുകളിലെ ചിത്രം ദി പാർട്ടി അവസാനിച്ചത്. ഇന്നും വലിയ മാറ്റങ്ങളില്ലാതെ സ്ഥിതിഗതികൾ തുടരുന്നു എന്നത് എത്ര ദുഖകരം!!!

മൃതശരീരങ്ങൾ സംസാരിക്കുകയാണ് ഇരുപത്തിഒന്നാം നൂറ്റാണ്ടിലെ ഇന്ത്യയിലും. നാവുകൾ മുറിച്ചെടുക്കപ്പെട്ട ദലിത് സ്ത്രീകളുടെ, പെൺകുട്ടികളുടെ, ബാലികമാരുടെ, ശിശുക്കളുടെ മൃതശരീരങ്ങൾ. മാന്യമായി സംസ്കരിക്കപ്പെടാൻ പോലും അനുവദിക്കപ്പെടാത്ത മൃതദേഹങ്ങൾ. ആൻറിഗോണിയെപോലെ ഒരു സഹോദരിക്ക് വേണ്ടി ഒരുപക്ഷെ കേഴുന്ന മൃതശരീരങ്ങൾ. പ്രിയാമിനെ പോലെ ഒരു അച്ഛന് വേണ്ടി കേഴുന്നവർ. ആ ശരീരങ്ങ ൾക്കും പിഴുതെടുക്കപ്പെട്ട നാവു കൾക്കും മേലെ നടക്കുന്ന രാഷ്ട്രീയ നാടകങ്ങൾ, അശ്ലീലം എന്ന പദ ത്തിന്, പുതുഭാഷ്യങ്ങൾ ചമച്ചു കൊണ്ടിരിക്കുന്നു. ഹാത്രസിലെ പെൺകുട്ടി ദലിത് ആണെന്ന് ശക്തമായി ആവർത്തിക്കുക എന്ന താണ് ഇന്നത്തെ ഏറ്റവും പ്രധാന മായ പോരാട്ടം. ഈ അക്രമത്തിലെ ജാതിവെറിയെ കാണുകയും അതിനെ ഉറക്കെ പറയാൻ നാവു പൊങ്ങുകയും ചെയ്യുന്നതാണ് ഇന്നത്തെ ഏറ്റവും വലിയ വെല്ലുവിളിയും, പ്രതിസന്ധിയും.

സ്ത്രീകൾക്ക് നേരെ പൊതുവിൽ ഇന്ത്യ യിൽ നടക്കുന്ന പിന്തിരിപ്പൻ ആൺകോയ്മാ ചിന്താഗതികളുടെ നീചമായ അക്രമമായി ഹാത്രസ് സംഭവം കയ്യടക്കപ്പെടാതിരിക്കാൻ വളരെ പണിപ്പെടേണ്ടിയിരിക്കുന്നു. ഇത് ഇന്ത്യയിലെ ദലിതരായ സ്ത്രീകളുടെ സവിശേഷമായ ദുരിതാനുഭവമാണ്. ജാതിയും ലിംഗാവസ്ഥയും ഒന്ന് ചേർന്ന് ഒരുക്കുന്ന ഒരു ചൂഷിതാവസ്ഥയാണ്. ആ അനുഭവം ഇന്ത്യയിലെ എല്ലാ സ്ത്രീകളു ടെയും അനുഭവമായി കാണുന്നതിലും ഉണ്ട് അനീതി.

ദലിത് ആയതു കൊണ്ട് മാത്രം തമിഴ്നാട്ടിൽ ഒരു പഞ്ചായത്തു പ്രസിഡന്റിനെ നിലത്തിരുത്തിയ സംസ്കാര സമ്പന്നരാണ് നമ്മൾ. പെൺകുട്ടിക ളുടെ കീറിമുറിക്കപ്പെട്ട ശരീരങ്ങളിലൂടെയാണ് സവർണ്ണ പൗരുഷങ്ങൾ കീഴാള ആണുങ്ങളോട് സംസാരിക്കുന്നതും, അവരെ അപമാനിക്കുന്നതും. സ്വന്തം സമുദായത്തിൽ പെട്ട സ്ത്രീകളെ സംര ക്ഷിക്കാനാകാതെ ഉണ്ടാകുന്ന അധമബോധവും, അപകർഷതയും നിസ്സഹായതയും കീഴാള ആണത്തത്തിന്റെ ഇരുണ്ട മാനസികാവസ്ഥക്കു ആക്കം കൂട്ടുന്നു.

വടക്കേ ഇന്ത്യയുടെ പ്രാകൃതാവസ്ഥ യാണ് ഇതൊക്കെ എന്ന് പറഞ്ഞു ഒഴിയാൻ നമ്മൾ തത്രപ്പെടുന്നുണ്ട്. മാധ്യമങ്ങളും അവയെ വിഴുങ്ങുന്ന വായനക്കാരും കാഴ്ചക്കാരും ഒന്നിച്ചു മെനഞ്ഞെടുക്കുന്ന കഥകളിൽ നമ്മൾ ചെറിയൊരു ആശ്വാസം കണ്ടെത്താൻ ശ്രമിക്കുന്നു. ഇതിനു പിന്നിൽ പുരാതന വൈരങ്ങളുണ്ട്. അല്ലെങ്കിൽ ഇതുണ്ടാവില്ലായിരുന്നു. രണ്ടു കുടുംബങ്ങൾ തമ്മിലുള്ള പഴയ ശത്രുതയുടെ ബഹിർസ്ഫുര ണമാണ് ഈ ദൗർഭാഗ്യകരമായ അക്രമവും, ഹിംസയും എന്ന് ഭരണകൂടവും, നീതിന്യായ



വ്യവസ്ഥയും, മെഡിക്കൽ റിപ്പോർട്ടുകളും ഒക്കെ ചേർന്ന് വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. അല്ല, സവർണ സാമൂഹ്യ പദവി ആ വിഭാഗത്തിലെ ആണുങ്ങൾക്ക് കല്പിച്ചു കൊടുക്കുന്ന അധി കാരവും മേധാവിത്തവുമാണ്, അതിന്റെ പ്രത്യ ക്ഷമായ പ്രകടനമാണ് ഇതിനു പിന്നിലും. ഉത്ത രേന്ത്യൻ ഗ്രാമങ്ങളിൽ ഠാക്കൂർമാരുടെ ദുഷ്പ്രഭുത്വ ത്തിന്റെ കഥകൾ ഒരു മണ്മറഞ്ഞ കാലത്തിന്റെ ആവർത്തിച്ച് പറഞ്ഞു കേട്ട കഥകളാണെന്നു തോന്നാം. പക്ഷെ അവ ഇന്നും ഇന്ത്യയുടെ പല ഭാഗങ്ങളിലും യാഥാർഥ്യമാണ്, മിഥ്യയല്ല.

അനേകം പുരുഷന്മാരടങ്ങുന്ന ആയിര കണക്കിന് ഫെമിനിസ്റ്റുകൾ ഒപ്പിട്ടു സമർപ്പിച്ച പ്രസ്താവനയിലെ ഈ വാക്കുകൾ നമ്മെ ചിന്തിപ്പിക്കുന്നു: 'നമ്മുടെ രാജ്യത്തു, 2012 ഡിസം ബറിൽ ഡൽഹിയിൽ നടന്ന കൂട്ട ബലാൽസംഗ ത്തിലും കൊലപാതകത്തിലും കുറ്റാരോപിതരാ യവരെ തൂക്കിലേറ്റിയിട്ടു ആറു മാസം പോലും



ആയില്ല. ഹാത്രസിലെയോ, ബൽറാംപൂരിലെയോ, ബുലന്ദ്ഷഹറിലെയോ, അസാംഗർഹിലെയോ അല്ലെങ്കിൽ മറ്റിടങ്ങളിലേയോ പ്രതികളെ തടയുവാൻ അതിനു കഴിഞ്ഞുവോ?' ഓർത്തു പോകുന്നു. ഏകദേശം മുപ്പതോളം വർഷങ്ങൾക്കു മുൻപ് ആന്ധ്ര പ്രദേശിലെ ചുന്തൂർ എന്ന ഗ്രാമത്തിൽ ഒരു ദലിത് സ്ത്രീയെ സവർണ്ണ പുരുഷന്മാർ ചേർന്ന് കൂട്ട ബലാത്സംഗത്തിന് ഇരയാക്കിയപ്പോഴുണ്ടായ അവരുടെ ഭർത്താവിന്റെ പ്രതികരണം. 'എനിക്ക് പഞ്ച പാണ്ഡവരുടെ അവസ്ഥയാണ്. സ്വന്തം ഭാര്യ ആക്രമിക്കപ്പെടുന്നത് കണ്ടു ഒന്നും ചെയ്യാനാവാതെ നിൽക്കേണ്ടി വരുന്ന അവസ്ഥ.' ദ്രൗപദിയുടെ ഇതിഹാസകാവ്യത്തിലെ അനുഭവത്തിനു ഇന്നും അനുരണനങ്ങൾ ഉള്ളത് കൊണ്ടാണല്ലോ മഹശ്വേതാ ദേവിയുടെ കഥയിൽ അവൾ ആദിവാസി സ്ത്രീയായ ദ്രോപദി ആയി മാറിയത്. ആ കഥ അവസാനിക്കുന്നത് ആണത്തത്തെ കുറിച്ച് തീക്ഷ്ണമായ ചോദ്യങ്ങൾ ഉയർത്തിക്കൊണ്ടാണ്.ഒരു രാവു മുഴുവൻ തന്റെ ഉടലിനു മേൽ പണിയെടുത്ത ഭരണകൂടത്തിന്റെ കാവലാളുകളോട് പിറ്റേന്ന് നഗ്നമായ ശരീരത്തെ മറയ്ക്കാൻ വിസമ്മതിച്ചു പുറത്തേക്കിറങ്ങുന്ന ദോപദി ചോദിക്കുന്നു "എന്നെ വസ്ത്രമുടുപ്പിക്കാൻ പോന്ന പുരുഷൻമാർ ഇവിടെയുണ്ടോ?

ആ ചോദ്യം ഇന്നും മുഴങ്ങുകയാണ്... ഉത്തരങ്ങളില്ലാതെ.

പക്ഷെ രാപ്പാടികൾ പാടിക്കൊണ്ടിരിക്കുന്നു... അരുന്ധതി മധുമേഘയെപ്പോലെ, കവിതയിലൂടെ. വാളയാറിന്റെ ഉണങ്ങാത്ത മുറിവുകളുടെ പാട്ടിലെ വരികളാണിവ. ഹാത്രസും വാളയാറും ഒരു അനുഭവ ചരിത്രത്തിന്റെ തന്നെ മുഖങ്ങളല്ലേ!!!

പലവട്ടം മരിച്ച് ഞങ്ങൾ മടുത്തിരുന്നു.
കൊന്നുകൊന്ന് കെട്ടിത്തൂക്കി
ആത്മാവിനെ പിഴുതെറിഞ്ഞെങ്കിലും
ഞങ്ങളിപ്പോഴും നരിച്ചീറുകൾ മുരളുന്ന
പട്ടടയിൽ മുനിഞ്ഞു കത്തുന്ന
കരിനാളങ്ങളാണ്.
മുഖമില്ലാത്ത ഇരുണ്ട മുഖങ്ങൾ.
ഈർപ്പമില്ലാത്ത വരണ്ട് ചുവന്ന മുഖം.
ചിരികൾ അട്ടഹാസങ്ങൾ ശീൽക്കാരങ്ങൾ..
ക്യാമറക്കണ്ണുകൾ.. പണം വാരൽ..നീതി..
മുൻപും പിൻപും ഇനിയെത്ര.

■




**വരണ്ട മുഖം ചുവന്നു വാളയാർ, ദി മാർഗ.കോമിൽ ജൂലൈ 2020 ൽ വന്ന കവിതയിൽ നിന്ന് )**

ശാസ്ത്രം

സീമ ശ്രീലയം

**പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ**



# നൊബേൽ തിളക്കത്തിൽ ഈ വനിതകൾ

ശാസ്ത്രനൊബേൽ പുരസ്ക്കാരം ലഭിച്ച വനിതകളെത്ര? നൊബേൽ പുരസ്ക്കാരപ്പട്ടികയിലെ ആകെ വനിതകളെത്ര? ഇത്തരം പരിഹാസച്ചോദ്യങ്ങൾക്കുള്ള ചുട്ടമറുപടിയായി നൊബേൽ പട്ടികയിൽ ഇടം നേടുന്ന സ്ത്രീകളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു എന്നത് തികച്ചും അഭിമാനാർഹമായ കാര്യം. ഇത്തവണത്തെ നൊബേൽ പുരസ്ക്കാരപ്പട്ടിക



ജെന്നിഫർ ഡൗഡ്ന

അതിലെ വനിതാ സാന്നിധ്യം കൊണ്ടുകൂടിയാണ് ശ്രദ്ധേയമാവുന്നത് പെണ്ണായിപ്പിറന്നതു കൊണ്ടു മാത്രം സ്വന്തംനേട്ടങ്ങളുടെ ക്രെഡിറ്റ്പോലും ലഭിക്കാതെപോയ, വിവേചനങ്ങളുടെയും അവഗണനയുടെയുംഇരുളാഴങ്ങളിൽ മറഞ്ഞുപോയ, ഒരു പുരസ്ക്കാരപ്പട്ടികയിലും ഇടം ലഭിക്കാതെപോയ എത്രയോ വനിതകളുണ്ട് ചരിത്രത്തിൽ. നൊബേലിന്റെ ചരിത്രത്തിൽ ആദ്യമായി സ്ത്രീകൾ മാത്രമടങ്ങുന്ന ഒരു ഗ്രൂപ്പിന് പുരസ്ക്കാരം! ഇത്തവണത്തെ രസതന്ത്രനൊബേൽ ആണ് ഈ അപൂർവ്വത കൊണ്ടു ശ്രദ്ധേയമായത്. 2012ൽ ക്രിസ്പർ എന്ന വിസ്മയജീൻ എഡിറ്റിങ് സങ്കേതം വികസിപ്പിച്ചെടുത്ത ഇമ്മാനുവെൽ ഷാർപെന്റിയർ, ജെന്നിഫർ ഡൗഡ്ന എന്നീ വനിതകളാണ് ലോകം ശ്രദ്ധിച്ച നേട്ടത്തിനുടമകൾ. ജർമ്മനിയിലെ മാക്സ്പ്ലാങ്ക് ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷകയാണ് ഷാർപെന്റിയർ. കലിഫോർണിയ സർവ്വകലാശാലയിൽ ഗവേഷകയാണ് ഡൗഡ്ന.

1964 ഫെബ്രുവരി 19 ന് ഡൊറോത്തി ജെയ്നിന്റെയും മാർട്ടിൻ കിക്ഡൗഡ്നയുടെയും മകളായി വാഷിങ്ടൺ ഡിസിയിലാണ് ജെന്നിഫർ ഡൗഡ്നയുടെ ജനനം. ആറാംക്ലാസ്സിൽ പഠിക്കുമ്പോൾ അച്ഛൻ സമ്മാനമായി നൽകിയ വാട്സന്റെ 'ഡബിൾ ഹെലിക്സ്' എന്ന പുസ്തകം തന്റെ ജീവിതത്തിലെ വഴിത്തിരിവായതായി ഡൗഡ്ന പറയുന്നു. ഹാർവാഡ്മെഡിക്കൽ സ്ക്കൂളിൽ നിന്നും ഡോക്റ്ററേറ്റ് നേടിയ ഡൗഡ്ന ചുരുങ്ങിയ കാലം കൊണ്ടു തന്നെ ആർ.എൻ.എ ഗവേഷണങ്ങളിൽ അഗ്രഗണ്യ



ഷാർപ്പെന്റിയർ

യായി.

1968 ഡിസംബർ 11ന് ഫ്രാൻസിലാണ് ഷാർപെന്റിയറുടെ ജനനം. പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ആന്റിബയോട്ടിക് പ്രതിരോധം സംബന്ധിച്ച

ഗവേഷണങ്ങൾക്കാണ് ഷാർപെന്റിയർ ഡോക്റ്ററേറ്റ് നേടിയത്. 2011ൽ തികച്ചും യാദൃച്ഛികമായാണ് ബാക്റ്റീരിയകളെ വൈറസ് ബാധിക്കുമ്പോൾ അതിനെ പ്രതിരോധിക്കാൻ അവ ഉപയോഗിക്കുന്ന വിദ്യ ഷാർപെന്റിയർ തിരിച്ചറിഞ്ഞത്. ഇതിന്റെ സാധ്യതകൾ അനന്തമാണെന്നു മനസ്സിലാക്കിയ ആ ശാസ്ത്രജ്ഞ തുടർന്നുള്ള ഗവേഷണങ്ങളിൽ ഡൗഡ്നയുമായി കൈകോർത്തതോടെ വിരിഞ്ഞത് വിസ്മയങ്ങളാണ്. ഒരു തന്മാത്രാ കത്രികപോലെ പ്രവർത്തിച്ച്ഡി.എൻ.എമുറിക്കാൻ കഴിയുന്ന ഒരു അത്ഭുതസങ്കേതം! ജനിതകരോഗങ്ങളെയും മാരക രോഗങ്ങളെയും പേടിക്കേണ്ടാത്ത ഒരുകാലം, ഏതു പ്രതികൂല സാഹചര്യങ്ങളെയും അതിജീവിക്കുന്ന വിളകൾ, നൂതന ഔഷധങ്ങൾ സംശ്ലേഷണം ചെയ്യുന്ന സൂക്ഷ്മജീവികൾ ഇങ്ങനെ നീളുന്നുക്രിസ്പർ



**ആൻഡ്രിയഗെസ്**

വിദ്യയുടെ അത്ഭുതങ്ങൾ. അതേസമയം മനുഷ്യ ഭ്രൂണങ്ങളിലെ ക്രിസ്പർ പരീക്ഷണം എല്ലാം തികഞ്ഞ ഡിസൈനർ ശിശുക്കളുടെ പിറവിക്കു വഴിയൊരുക്കുമെന്ന ആശങ്കയും കനക്കുന്നുണ്ട്.

മനുഷ്യകോശങ്ങളിൽ ക്രിസ്പർ സങ്കേതം ഉപയോഗയോഗ്യമാക്കുന്നതിൽ മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി(എം.ഐ.ടി) ഗവേഷകനായ ഫെങ്ഷാങ്ങും പ്രധാന പങ്കുവഹിച്ചി ട്ടുണ്ട്. എന്നാൽ ക്രിസ്പർ ഗവേഷണങ്ങളിൽ നിർണ്ണാ യകനേട്ടം കൈവരിച്ച ഷാർപെന്റിയറെയും ഡൗഡ്ന യെയും തഴഞ്ഞുകൊണ്ട് ക്രിസ്പറിന്റെ പേറ്റന്റ് എം.ഐടിക്ക് നൽകിയതിന്റെ വിവാദങ്ങൾ ഇപ്പോഴും തുടരുകയാണ്. അതുകൊണ്ടുതന്നെ ഈ വനിത കളെ സംബന്ധിച്ച് നൊബേൽ സമ്മാനലബ്ധി ഒരു മധുര പ്രതികാരം കൂടിയാണ്.

ഇത്തവണത്തെ ഭൗതികശാസ്ത്ര നൊബേൽ പുരസ്ക്കാരപ്പട്ടികയിൽ ആൻഡ്രിയഗെസ് എന്ന വനിതയുമുണ്ട്. റോജർ പെൻറോസ്, റെയ്നാഡ് ഗെൻസൽ എന്നിവരാണ് പുരസ്ക്കാരപ്പട്ടികയിലെ മറ്റു ഗവേഷകർ. നമ്മുടെ ഗാലക്സിയായ ക്ഷീരപഥത്തിനു നടുവിൽ അത്യുന്നത മാസ്സുള്ള ഒരു തമോഗർത്തമുണ്ട് എന്ന കണ്ടെത്തലാണ് ആൻഡ്രിയഗെസിനെ ഭൗതിക ശാസ്ത്രനൊബേലിന് അർഹയാക്കിയത്. ഇവരുടെ നേതൃത്വത്തിലുള്ള ഗവേഷകസംഘം 1990കൾ മുതൽ വമ്പൻ ബഹിരാകാശ ടെലിസ്കോപ്പുകൾ ക്ഷീരപഥ കേന്ദ്രത്തിലുള്ള സാജിറ്റേറിയസ് എ എന്ന ഭാഗ ത്തേക്ക് തിരിച്ചുനടത്തിയ ഗവേഷണങ്ങളാണ് ഈ കണ്ടെത്തലിലേക്ക് നയിച്ചത്. 1965 ജൂൺ 16 ന്യൂയോർ ക്കിലാണ് ആൻഡ്രിയഗെസ്സിന്റെ ജനനം. കുട്ടി ക്കാലത്ത് അപ്പോളോദൗത്യങ്ങളിൽ ഏറെ ആകൃഷ്ട യായ ഗെസ്സിന്റെ ഏറ്റവും വലിയ ആഗ്രഹം ബഹിരാ കാശയാത്രികയാവുക എന്നതായിരുന്നു. കലിഫോർ ണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് ഡോക്റ്ററേറ്റ് നേടിയഗെസ്സിന്റെ തുടർ ഗവേഷണങ്ങൾ തമോഗർത്ത രഹസ്യങ്ങളിലേക്ക് വെളിച്ചം വീശി ശാസ്ത്രലോകത്തെ വിസ്മയിപ്പിച്ചു. ഇപ്പോൾ കലി ഫോർണിയ സർവ്വകലാശാല ലോസ്ആഞ്ചൽസിൽ ഗവേഷകയാണ് ഗെസ്സ്.




**ലൂയിസ് ഗ്ലക്ക്**

അമേരിക്കൻ കവയിത്രി ലൂയിസ് ഗ്ലക്കിനാണ് ഇത്തവണത്തെ സാഹിത്യനൊബേൽ. 1943 ഏപ്രിൽ 22ന് ന്യൂയോർക്കിലാണ് ഗ്ലക്കിന്റെ ജനനം. യു. എസ്സിലെ യേൽ സർവ്വകലാശാലയിൽ പ്രഫസറാണ് ഈ കവയിത്രി. ലിംഗനീതിക്കായി തന്റെ കവിതകളി ലൂടെ ശബ്ദമുയർത്താൻ ഗ്ലക്കിനു സാധിച്ചു. സ്ത്രീ ജീവിതത്തിന്റെ വിവിധതലങ്ങൾ, മനുഷ്യന്റെ അസ്തി ത്വപ്രശ്നങ്ങൾ, ഏകാന്തത, മാനസികസംഘർഷങ്ങൾ, പ്രകൃതി, ബാല്യകാലസ്മരണകൾ, മിത്തുകൾ എന്നി വയൊക്കെ നിറയുന്ന ഗ്ലക്കിന്റെ കവിതകൾ ഏറെ ശ്രദ്ധി ക്കപ്പെട്ടു. ആരോഗ്യപ്രശ്നങ്ങളും മാനസികസംഘർഷ ങ്ങളുമൊക്കെ കാരണം ഒട്ടും സുഖമുള്ളതായിരുന്നില്ല ഗ്ലക്കിന്റെ പഠനകാലം. അതൊക്കെ അതിജീവിച്ചാണ് എഴുത്തിലും ജോലിയിലും ഗ്ലക്ക് ഉയരങ്ങൾ കൈയെ ത്തിപ്പിടിച്ചത്. ദ് ഫസ്റ്റ് ബോൺ, പുലിറ്റ്സർ പ്രസിന് അർഹമായ ദ് വൈൽഡ് ഐറിസ്, ഫെയ്ത് ഫുൾ ആന്റ് വിർചസ് നൈറ്റ്, ദ് ട്രയംഫ് ഓഫ് അകിലസ്, അറാറത്, അവർണോ എന്നിവയാണ് പ്രധാന കൃതി കൾ.

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

## ഫോട്ടോഫീച്ചർ

### സംതിങ് ലൈക് എ വാർ (1991)




സംവിധായക: **ദീപ ധൻരാജ്**

ഇന്ത്യയിയിലെ ജനകീയാസൂത്രണ പരിപാടി സ്ത്രീകളുടെ മേൽ ചെലുത്തിയ പ്രഭാവത്തെ പറ്റി പറയുന്ന ചിത്രമാണിത്. രാജ്യത്തിന്റെ ഉന്നമനത്തിനായി സ്ത്രീ ശരീരത്തിനു മേൽ ഏൽപ്പിക്കുന്ന വയലൻസിനെ വളരെ നിസ്സാര ഭാവത്തോടെ വിശദീകരിക്കുന്ന ഇതിൽ കാണിക്കുന്ന ഡോക്ടർ നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീവിരുദ്ധതയുടെ നേർക്കാഴ്ചയാണ്

Watch here:


Part 1: https://www.youtube.com/watch?v=z3e2HjTm1pc

Part 2: https://www.youtube.com/watch?v=F2my3wX6RzE

Part 3: https://www.youtube.com/watch?v=OWKs5uM0_mw

### വെൻ വിമൺ യുണൈറ്റ് (1996)

സംവിധായക: **ഷബ്നം വിർമാനി**




ആന്ധ്രാ പ്രദേശിലെ നെല്ലൂർ ജില്ലയിൽ 1992 –1995 കാലഘട്ടത്തിൽ നടന്ന ഒരു വിഷയത്തെ ആസ്പദമാക്കിയാണ് ഈ സിനിമ. വളരെ തുച്ഛമായ വിലയ്ക്ക് ലഭ്യമായിരുന്ന ചാരായം ആ നാട്ടിലെ പുരുഷന്മാരെ അതിനു അടിമയാക്കുകയും ദിനം പ്രതി കൂടുതൽ കൂടുതൽ അക്രമാസക്തരാക്കുകയും ചെയ്തു. ഇതിനെതിരെ ആ ഗ്രാമത്തിലെ സ്ത്രീകൾ അണിനിരന്ന കഥയാണ് ഈ സിനിമ പറയുന്നത്. ചില ഭാഗങ്ങൾ ചിത്രീകരിക്കാൻ ഫിക്ഷൻ ഉപയോഗിച്ചിരിക്കുന്നത് രസകരമാണ്.

Excerpt:

https://www.youtube.com/watch?v=a8aA3J6LxsM

### ദി അദർ സോങ് (2009 )

സംവിധായക: **സബാ ദിവാൻ**

മുഗൾ കാലഘട്ടത്തിലെ പ്രധാന വിനോദ കലാകാരായിരുന്ന തവായിഫ് അഥവാ കൊട്ടാര നർത്തകിമാരുടെ കഥ പറയുന്ന സിനിമ. ഉത്തരേന്ത്യയിലെ വാരാണസി, മുസാഫർപൂർ തുടങ്ങിയ സ്ഥലങ്ങളിൽ ചിത്രീകരിക്കരിച്ച ഈ സിനിമ സ്വാതന്ത്ര്യത്തിനുശേഷം തവായിഫുകളുടെ നൃത്ത രീതിയെ ലൈംഗികത/ഇറോട്ടിക് രൂപമായി മാത്രം പൊതുബോധം എങ്ങിനെ കാണാൻ തുടങ്ങി എന്ന് പറയുന്നു.





Watch here : https://youtu.be/atJN-ntYKfU

### മേരാ അപ്നാ ഷെഹർ (2011)

സംവിധായക: **സമീറ ജെയിൻ**

ഡൽഹിയിലെ രണ്ടു സ്ത്രീ ഡ്രൈവർമാരെയും, ഒരു പെൺകുട്ടിയെയും സംവിധായക ഈ ചിത്രത്തിൽ പിന്തുടരുന്നു. ഒറ്റയ്ക്ക് യാത്ര ചെയ്യുന്ന സ്ത്രീകളെ പൊതുവിടങ്ങൾ എങ്ങിനെ കാണുന്നു എന്നതിന്റെ നേർക്കാഴ്ച. പൊതുഇടങ്ങൾ സ്ത്രീകളെ എങ്ങിനെ കാണുന്നു എന്ന അന്വേഷണമാണ് ഈ സിനിമ.





https://www.youtube.com/watch?v=3wNtHJ9IQcs

### സൂപ്പർമാൻ ഓഫ് മാലെഗാവ് (2012)

സംവിധായക: **ഫൈസ അഹമ്മദ് ഖാൻ**

മഹാരാഷ്ട്രയിലെ മാലെഗാവ് എന്ന ഗ്രാമത്തിലെ ഒരു കൂട്ടം സിനിമാ പ്രേമികളെ കേന്ദ്രീകരിച്ചുള്ള ഒരു സിനിമയാണിത്. ബോളിവുഡിലെയും ഹോളിവുഡിലെയും സിനിമകളുടെ സ്പൂഫുകൾ നിർമിക്കുന്ന ഒരുകൂട്ടം ആളുകളുടെ കഥയാണ് ഈ സിനിമ പറയുന്നത്. മലേഗാവിലെ സൂപ്പർമാൻ എന്ന സ്പൂഫ് സിനിമ നിർമാണത്തെ ഫൈസ നർമത്തിലൂടെ പ്രേക്ഷകരുടെ മുന്നിൽ വെയ്ക്കുന്നു.




https://www.youtube.com/watch?v=dqRq7ZpjF0I

## ദി വേൾഡ് ബിഫോർ ഹെർ (2012)

സംവിധായക: **നിഷ പഹുജ**





മിസ്സ് ഇന്ത്യ മത്സരാർത്ഥികളുടെയും വിശ്വ ഹിന്ദു പരിഷത്തിന്റെ സ്ത്രീ ഘടകമായ ദുർഗാ വാഹിനിയുടെയും ക്യാംപുകളിൽ പങ്കെടുക്കുന്ന രണ്ടു പെൺകുട്ടികളുടെ കഥയാണിത്. വൈരുധ്യമെന്ന് പ്രത്യക്ഷത്തിൽ തോന്നുന്ന രണ്ടു ലോകങ്ങൾ തമ്മിലുള്ള സാധൃശ്യങ്ങളാണ് ഇതിൽ വരച്ചുകാട്ടാൻ ശ്രമിക്കുന്നത്.

https://www.youtube.com/watch?v=1C6vw_maC44

## ഖൂൻ ദി ഭാരവ് (2015)

സംവിധായക: **ഇഫത് ഫാത്തിമ**





ഇന്ത്യൻ സേനയാൽ അദൃശ്യരാക്കപ്പെട്ടവരുടെ കഥ പറയുന്ന സിനിമയാണ് കാശ്മീർകാരിയായ സംവിധായക. Association of Parents of Disappeared Persons എന്ന സംഘടനയുടെ ഒപ്പം പല സിനിമകളും നിർമിച്ച ഇഫാത്തിൻറെ സിനിമ നിർമാണം പല തവണയും തടസപ്പെട്ടിരുന്നു.

## യേ ഫ്രീഡം ലൈഫ് (2019)

സംവിധായക: **പ്രിയ സെൻ**

ഡൽഹിയിലെ അംബേദ്കർ നഗറിൽ ചിത്രീകരിച്ച ഈ സിനിമ സാഞ്ചി, പർവീൻ എന്ന രണ്ടു പേരുടെ പ്രണയത്തെ പറ്റി പറയുന്നു. സമൂഹത്തിൻറെയും കുടുംബത്തിൻറെയും നിയന്ത്രണങ്ങളില്ലാത്ത 'സ്വതന്ത്രമായ' പ്രണയം ഇതിൽ കാണാൻ സാധിക്കുന്നു. വിവാഹം, കുടുംബം, വിശ്വാസം, തിരഞ്ഞെടുപ്പ്, ഐഡൻറിറ്റി, ലൈംഗികത ഇവയൊക്കെ ഈ കഥാപാത്രങ്ങൾ മുന്നോട്ടു വെയ്ക്കുന്നു.




Discussion with Priya Sen: https://www.youtube.com/watch?v=nexO8O6m9H0

## വാട്ട് ദി ഫീൽസ് റിമെംബേർ (2015)

സംവിധായക: **സുബശ്രീ കൃഷ്ണൻ**

1984 -ഇൽ ആസാമിലെ നെല്ലി ഗ്രാമത്തിലും അതിൻറെ ചുറ്റളവിലും നടന്ന നിഷ്ഠൂരമായ ആക്രമണത്തിൽ രണ്ടായിരത്തോളം മുസ്ലിംങ്ങൾ കൊല്ലപ്പെട്ടു. ആ കൊടുംഭീരതയെ അവിടുത്തുകാർ എങ്ങിനെ ഓർമയിൽ സൂക്ഷിക്കുന്നു എന്നതാണ് ഇതിന്റെ പ്രമേയം. ആ കൂട്ടക്കൊലയുടെ ശേഷിപ്പുകൾ തേടിയുള്ള അന്വേഷണം.





https://www.youtube.com
watch?v=599LmFwHJwU

## പ്രിസൺ ഡയറീസ് (2019)

സംവിധായക : **ഉമാ ചക്രവർത്തി**

അടിയന്തരാവസ്ഥ കാലഘട്ടത്തിൽ ജയിലിൽ അടയ്ക്കപ്പെട്ട സോഷ്യലിസ്റ്റും നടിയുമായിരുന്ന ഹൈദ്രാബാദുകാരിയായ സ്നേഹ ലതാ റെഡ്ഡിയുടെ കഥയാണ് ഈ ചിത്രം പറയുന്നത്. പിൽക്കാലത്തു പ്രസിദ്ധീകരിച്ച ഡയറികുറിപ്പുകളും, ബന്ധുക്കൾ സുഹൃത്തുക്കൾ എന്നിവരുടെ ഓർമകളും കോർത്തിണക്കിയ ഈ ചിത്രം അടിയന്തരാവസ്ഥ കാലഘട്ടത്തെ പീഡനങ്ങളെ ഓർമപ്പെടുത്തുന്നു.




Trailer: https://www.youtube.com/watch?v=ElGM44YUY4ghttps://www.youtube.com/watch?v=nexO8O6m9H0